

# സമന്വയ

## അതിരൂപത ബുള്ളറ്റിൻ


പുസ്തകം 25 | മാർച്ച് 2020 | ലക്കം 03



***രക്ഷാധികാരികൾ***

മോസ്റ്റ് റവ. ഡോ. സൂസപാക്യം എം.

റൈറ്റ്. റവ. ഡോ. ക്രിസ്തുദാസ് ആർ.

***പത്രാധിപർ***

മോൺ. ഡോ. സി. ജോസഫ്

***പത്രാധിപ സമിതി***

റവ. ഡോ. എഡിസൺ വൈ.എം

റവ. ഫാ. ജൂഡിറ്റ് പയസ് ലോറൻസ്

റവ. ഡോ. മൈക്കിൾ തോമസ്

റവ. ഫാ. മെൽക്കൺ

റവ. ഡോ. ലോറൻസ് കുലാസ്

റവ. ഡോ. എ.ആർ ജോൺ

റവ. ഡോ. സാബാസ് ഇഗ്നേഷ്യസ്

റവ. ഫാ. ലെനിൻ ഫെർണാണ്ടസ്

റവ. ഫാ. തിയോഡേഷ്യസ്

റവ. ഫാ. ഷാജിൻ ജോസ്

***കവർ & ലേ–ഔട്ട്***


റവ.ഫാ.സുരേഷ്പയസ്



**ലാറ്റിൻ ആർച്ച്ബിഷപ്സ് ഹൗസ്**
**വെള്ളയമ്പലം, കവടിയാർ പി. ഒ.**
**തിരുവനന്തപുരം – 695 003**
**ഫോൺ : 0471 – 2724001**
**ഫാക്സ് : 0471 – 2725001**


## താളുകളിൽ


- എഡിറ്റോറിയൽ
- ബിഷപ്പ്സ് ഡയറി
- ചാൻസറി
- ട്രൈബ്യൂണൽ
- രാഷ്ട്രീയകാര്യ സമിതി
- ബി.സി.സി
- അജപാലന ശുശ്രൂഷ
- കുടുംബപ്രേഷിത ശുശ്രൂഷ
- യുവജന ശുശ്രൂഷ
- വിദ്യാഭ്യാസ ശുശ്രൂഷ
- സാമൂഹ്യ ശുശ്രൂഷ
- മത്സ്യമേഖല ശുശ്രൂഷ
- അൽമായ ശുശ്രൂഷ



# ആശംസകൾ

മാർച്ച് ൧൧ന് ജന്മദിനവും മാർച്ച് ൧൯ന് നാമഹേതുക തിരുനാളും ആഘോഷിക്കുന്ന തിരുവനന്തപുരം അതിരൂപതാധ്യക്ഷൻ അഭിവന്ദ്യ സൂസപാക്യം തിരുമേനിക്ക് അതിരൂപതാംഗങ്ങളുടെ പ്രാർത്ഥനാശംസകൾ!

# സംരക്ഷകന് പ്രണാമം, ധീര രക്തസാക്ഷിക്ക് അഭിവാദനം!

രക്ഷാകരമായൊരു തപസ്സുകാലം കൂടി നമ്മെത്തേടിയെത്തി. വിഭൂതിത്തിരുനാളിൽ നെറ്റിയിൽ ചാരം പൂശിക്കൊണ്ട് വൈദികൻ നമ്മോടോരോരുത്തരോടും പറഞ്ഞ വാക്യം അനുദിന ചിന്തയ്ക്കും ധ്യാനത്തിനും പോരുന്നതാണ്. 'മനുഷ്യാ, നീ ഓർത്തുകൊള്ളുക: നീ പൊടിയാകുന്നു; പൊടിയിലേയ്ക്കുതന്നെ നീ പിന്തിരിയുകയും ചെയ്യും'. ജോയേൽ പ്രവാചകന്റെ മുന്നറിയിപ്പ് ഈ തപസ്സുകാലത്തുടനീളം നമുക്ക് പ്രചോദനമായിത്തീരട്ടെ: 'കർത്താവ് അരുൾ ചെയ്യുന്നു: ഇപ്പോഴെങ്കിലും ഉപവാസത്തോടും വിലാപത്തോടും നെടുവീർപ്പോടും കൂടെ നിങ്ങൾ പൂർണ്ണ ഹൃദയത്തോടെ എന്റെ അടുക്കലേയ്ക്ക് തിരിച്ചുവരുവിൻ. നിങ്ങളുടെ ഹൃദയമാണ് വസ്ത്രമല്ല കീറേണ്ടത്. നിങ്ങളുടെ ദൈവമായ കർത്താവിങ്കലേയ്ക്ക് മടങ്ങുവിൻ' (ജോയേൽ 5: 12, 13).

മാർച്ച് മാസം തിരുക്കുടുംബത്തിന്റെ തലവനായ വിശുദ്ധ യൗസേപ്പ് പിതാവിനെക്കുറിച്ചുള്ള ഊഷ്മള സ്മരണകൾ നമ്മിൽ ഉണർത്തുന്നു. ദൈവപുത്രനായ യേശുവിനും ദൈവമാതാവായ പരിശുദ്ധ മറിയത്തിനും സംരക്ഷണം നൽകാൻ ദൈവം തെരഞ്ഞെടുത്തു നിയോഗിച്ച ഈ പുണ്യാത്മാവ് നമ്മുടെ ഓരോരുത്തരുടേയും നമ്മുടെ കുടുംബങ്ങളുടെയും സാർവ്വത്രിക സഭയുടെ തന്നെയും പരിപാലകനും സംരക്ഷകനുമാണ്. അസ്വസ്ഥതകളുടെയും അശാന്തിയുടെയും ദുർഘട വഴികളിലൂടെ കടന്നുപോകുന്ന നമ്മെ, സമാശ്വാസത്തിന്റെയും പ്രത്യാശയുടെയും കവചം അണിയിച്ച്, നമുക്കരുകിൽ കരുതലോടെ നിശബ്ദനായി സദാ നിൽക്കുന്ന ഈ സ്നേഹധനന്റെ സാന്നിധ്യം നമുക്ക് തിരിച്ചറിയാം.

ഭാരത സഭയ്ക്ക്, പ്രത്യേകിച്ച് തെക്കൻ കേരളത്തിന് അഭിമാനത്തിന്റെയും ആഹ്ലാദത്തിന്റെയും അവസരമാണിത്. നമ്മുടെയെല്ലാം ചിരകാലാഭിലാഷവും പ്രാർത്ഥനയും ഫലപ്രാപ്തിയിലെത്തി .വാഴ്ത്തപ്പെട്ട ദേവസഹായം പിള്ളയെ വിശുദ്ധ പദവിയിലേക്ക് ഉയർത്താൻ പരിശുദ്ധ സിംഹാസനം തീരുമാനം കൈക്കൊണ്ടു. അങ്ങനെ, ഭാരത സഭയ്ക്ക് ആദ്യമായി ലഭിക്കുന്ന 'അൽമായ വിശുദ്ധൻ' നമ്മുടെ സ്വന്തം ദൈവസഹായം പിള്ള. കന്യാകുമാരി ജില്ലയിലെ ആരുവാമൊഴിയും കാറ്റാടി മലയും മുട്ടിടിച്ചാൻ പാറയും തെക്കൻ തിരുവിതാംകൂറിന്റെ മക്കളായ നമ്മുടെ രക്തത്തിൽ അലിഞ്ഞുചേർന്ന ആവേശ സ്പുലിംഗങ്ങളാണ്. രക്തസാക്ഷിത്വം വരിച്ച് 268 വർഷങ്ങൾ പിന്നിടുമ്പോഴാണ് ദൈവസഹായം പിള്ള വിശുദ്ധ പദവിയിലേയ്ക്ക് ഉയർത്തപ്പെടാൻ പോകുന്നത്. ദൈവത്തിന് നന്ദിയുടെ ഒരായിരം കീർത്തനങ്ങൾ!

1712-ൽ അന്നത്തെ തിരുവിതാംകൂറിന്റെ ഭാഗമായ തട്ടാലം എന്ന തമിഴ് ഗ്രാമത്തിൽ ജനിച്ച നീലകണ്ഠപിള്ള 1745-ൽ ക്രിസ്തുമതം സ്വീകരിച്ച് ദേവസഹായം പിള്ളയായതും തുടർന്നുള്ള 7 വർഷക്കാലത്തെ നിഷ്ടൂര പീഡനങ്ങൾ ധീരതയോടെ സഹിച്ച് 1752-ൽ കന്യാകുമാരിയിലെ ആരുവാമൊഴിയിലെ കാറ്റാടിമലയിൽ വച്ച് വെടിയേറ്റ് മരിച്ചുവീഴുന്നതും ഏവർക്കും ആവേശം പകരാൻ പോരുന്ന സംഭവപരമ്പരകളാണ്. കെ.സി.ബി.സി. ആഹ്വാനം ചെയ്ത പ്രേഷിതവർഷാചരണത്തിന് ദേവസഹായം പിള്ളയുടെ വിശുദ്ധ പദവി പ്രവേശനം ഒരു പുത്തൻ ഉണർവ്വും നവചൈതന്യവും പ്രദാനം ചെയ്യുമെന്ന് പ്രതീക്ഷിക്കാം.

സ്നേഹാദരപൂർവ്വം,

**ഫാ. സി. ജോസഫ്.**

വികാരി ജനറൽ

## ARCHBISHOP'S DIARY, MARCH 2020

| | | | |
|---|---|---|---|
| 01 | SUN | 08.00 am | PASTORAL VISIT, FATHIMAPURAM |
| 02 | MON | 10.30 am | FORANE VISIT - THOOTHOOR |
| 03 | TUE | 10.30 am | FORANE VISIT - VALIATHURA |
| 04 | WED | 10.30 am | FORANE VISIT - KOVALAM |
| 05 | THU | 10.30 am | FORANE VISIT –PETTAH |
| 06 | FRI | 10.30 am | FORANE VISIT - KAZHAKUTTOM |
| 07 | SAT | 10.30 am | FORANE VISIT - PUTHUKURICHY |
| 09 | MON | 10.30 am | FORANE VISIT - ANJENGO |
| 10 | TUE | 10.30 am | FORANE VISIT - PALAYAM |
| 14 | SAT | 10.00 am | Presentation of Plan and Budget, JMAC |
| 19 | THU | 05.00 pm | Feast day Eucharistic Celebration, Palayam |
| 21 | SAT | 05.30 pm | Valedictory Function, St. Vincent's Seminary |
| 22 | SUN | 04.30 pm | Holy Mass, Vellarada |
| 25 | WED | 10.30 am | First Profession, Handmaid of Hope Sisters, Vettuthura |
| | | 03.30 am | Pro-Life Day Celebration, Family Ministry |
| 29 | SUN | 05.30 pm | 40 Hours Adoration Conclusion, Valiathura |

**Fr. Shynish Bosco**
Secretary to Archbishop

## AUXILIARY BISHOP'S DIARY, MARCH 2020

| | | | |
|---|---|---|---|
| 01 | SUN | 08.30 am | Lenten Campaign - Inauguration, Vizhinjam |
| 02 | MON | 10.30 am | FORANE VISIT - THOOTHOOR |
| 03 | TUE | 10.30 am | FORANE VISIT - VALIATHURA |
| 04 | WED | 10.30 am | FORANE VISIT - KOVALAM |
| 05 | THU | 10.30 am | FORANE VISIT – PETTAH |
| 06 | FRI | 10.30 am | FORANE VISIT - KAZHAKUTTOM |
| 07 | SAT | 10.30 am | FORANE VISIT - PUTHUKURICHY |
| 09 | MON | 10.30 am | FORANE VISIT - ANJENGO |
| 10 | TUE | 10.30 am | FORANE VISIT - PALAYAM |
| 14 | SAT | 10.00 am | Presentation of Plan and Budget, JMAC |
| 15 | SUN | 05.30 am | Home Mission Conclusion, Neerody |
| 19 | THU | 10.00 am | Feast day Eucharistic Celebration, Fathima Matha, Kazhakuttom |
| 25 | WED | 10.30 am | First Profession, Handmaid of Hope Sisters, Vettuthura |
| | | 03.30 am | Pro-Life Day Celebration, Family Ministry |
| | | 05.30 am | Grotto Blessing, Edayar |
| 29 | SUN | 05.30 pm | Way of the Cross, Concluding Message – PuthukurichyForane |

**Fr. Shynish Bosco**
Secretary to Archbishop

# MARCH 2020

## A.BIRTHDAY & FEAST DAY OF OUR ARCHBISHOP

11th March is the Birthday and 19th March is the Feast day of His Grace our Archbishop Most Rev. Dr. Soosa Pakiam M. Reverend Parish Priests are requested to kindly add special intention for the Archbishop in the prayer of the faithful during Holy Eucharist and to exhort the faithful to offer their family prayers for our Archbishop during these days in a special way.

## B. BIRTHDAYS

| | | |
|---|---|---|
| 1. | Rev. Fr. Thadayoose Philip | 03.03.1975 |
| 2. | Very Rev. Fr. Augustine Punnolil, OCD | 04.03.1978 |
| 3. | Rev. Fr. Shynish Bosco | 06.03.1986 |
| 4. | Rev. Fr. Joseph Chakkalakudiyil OCD | 09.03.1981 |
| 5. | Rev Fr. Presanth Mariadasan IVDei | 09.03.1989 |
| 6. | Rev Fr. Anto Joris | 10.03.1970 |
| 7. | Archbishop Soosa Pakiam M. | 11.03.1946 |
| 8. | Very Rev. Fr. Joseph Bastin | 13.03.1966 |
| 9. | Rev. Dr. Charles Leon | 15.03.1961 |
| 10. | Rev. Fr. Muthappan Appoli | 16.03.1980 |
| 11. | Rev. Fr. George Kavukatt SAC | 17.03.1946 |
| 12. | Rev. Fr. Tony Hamlet | 21.03.1976 |
| 13. | Very Rev. Msgr. Wilfred E. | 22.03.1960 |
| 14. | Rev Fr.Muthappan Beneet OCD | 22.03.1988 |
| 15. | Very Rev. Fr. Tommy Philip SAC | 23.03.1974 |
| 16. | Rev. Fr. John Bosco J | 25.03.1972 |
| 17. | Rev. Fr. Kurian Alumkal, OCD | 27.03.1973 |
| 18. | Rev. Fr. Paul Sunny | 28.03.1978 |

| | | |
|---|---|---|
| 19. | Rev.Fr. Joseph Anooj Panckal OSJ | 31.03.1982 |
| 20. | Rev. Fr. Dixon Delsor OCD | 31.03.1990 |

**C.ORDINATION DAYS**

| | | |
|---|---|---|
| 1. | Rev. Fr. Ephrem Maria Esthaky IC | 06.03.2004 |
| 2. | Rev. Fr. Jose Thachil SJ | 07.03.1992 |
| 3. | Rev. Fr. Joseph R.D'Silva | 11.03.1967 |
| 4. | Very Rev.Fr.Bernardine M.Louis.OCD | 14.03.1965 |
| 5. | Rev. Fr. Antony Sylvester | 15.03.1978 |
| 6. | Rev. Fr. Maria Dominic Z | 15.03.1978 |
| 7. | Rev. Fr. Joseph Maria B.D. | 17.03.1962 |
| 8. | Rev. Fr. Francis D'Silva | 18.03.1955 |
| 9. | Rev Fr. Thottakath James SJ | 27.03.1971 |
| 10. | Very Rev. Fr. Johny Puthenveettil IV Dei | 27.03.2008 |
| 11. | Rev. Fr. Victor J. Everystus IV Dei | 27.03.2008 |
| 12. | Rev. Fr. Ashlin Jose | 31.03.2008 |
| 13. | Rev. Fr. Anish Fernandez | 31.03.2005 |
| 14. | Rev. Fr. Cleetus Vincent | 31.03.2005 |
| 15. | Rev. Fr. Joseph Prasad G | 31.03.2005 |
| 16. | Rev. Fr. Lenin Fernandez | 31.03.2005 |
| 17. | Rev. Fr. Pratheeb Joseph | 31.03.2005 |
| 18. | Rev. Fr. Sanu Ouseph | 31.03.2005 |
| 19. | Rev. Fr. Thadayoose Philip | 31.03.2005 |
| 20. | Rev. Fr. Cosmas K. Thoppil | 31.03.2008 |
| 21. | Rev. Fr. Jose Franklin B | 31.03.2008 |
| 22. | Rev. Fr. Joy C. Mathew | 31.03.2008 |
| 23. | Rev. Fr. Saju Roldon | 31.03.2008 |
| 24. | Rev. Fr. Shaji Silva | 31.03.2008 |

| | | |
|---|---|---|
| 25. | Rev. Fr. Solomon Elias Aresseril | 31.03.2008 |
| 26. | Rev. Fr. Thomas R | 31.03.2008 |
| 27. | Rev. Fr. Yesudas Remias | 31.03.2008 |
| 28. | Rev. Fr. Paul Sunny | 31.03.2008 |
| 29. | Rev. Fr. Anto Baiju Y | 31.03.2016 |
| 30. | Rev. Fr. Fredy Joy | 31.03.2016 |
| 31. | Rev. Fr. Niju Ajith | 31.03.2016 |
| 32. | Rev. Fr. Nishan N | 31.03.2016 |
| 33. | Rev. Fr. Saneesh S.M | 31.03.2016 |
| 34. | Rev. Fr. Thadeus Arulappan | 31.03.2016 |
| 35. | Rev. Fr. Sunil IV Dei | 31.03.2016 |

**D. DECEASED PRIESTS**

| | | |
|---|---|---|
| 1. | Rev. Fr. Solomon D' Silva | 01.03.1958 |
| 2. | Rev. Fr. S. S. Netto | 09.03.1966 |
| 3. | Rev. Fr. Dominic V.S. | 07.03.1953 |
| 4. | Rev. Fr. John Pereira | 12.03.1942 |
| 5. | Rev. Fr. Justin Alex | 13.03.2019 |
| 6. | Rev. Fr. Xavier Alexander | 16.03.2014 |
| 7. | Rev. Fr. Michael Albino | 16.03.2015 |
| 8. | Rev. Fr. Martin Fernandez | 25.03.1993 |
| 9. | Rev. Fr. Elias D. | 27.03.2019 |
| 10. | Rev. Fr. Joseph Pereira | 28.03.1959 |
| 11. | Rev. Fr. Joseph Chiramel | 30.03.1968 |

**E.PERPETUAL DAY ADORATION**

| | | |
|---|---|---|
| 1. | St. Bartholomew's Church, Poovar | 06.03.2020 |
| 2. | Holy Cross Sisters, Thycaud | 22.03.2020 |
| 3. | St. Peter's Church, Anjengo | 25.03.2020 |

No. 001/2020/PL Dated: 22.02.2020

## തപസ്സുകാലം - 2020

ദൈവത്തിനു സ്തുതി!
ദൈവജനത്തിനു സമാധാനം!

**വന്ദ്യ വൈദികരേ, പ്രിയമക്കളേ,**

1. കത്തോലിക്കാ കുടുംബത്തിൽ ജനിക്കുകയും കത്തോലിക്കനായി വളരുകയും ചെയ്ത ഒരു സഹോദരൻ ജീവിതത്തിലെ ഒരു ഘട്ടത്തിൽ കത്തോലിക്കാ വിശ്വാസം ഉപേക്ഷിച്ചുപോയി. അദ്ദേഹം മറ്റൊരു ക്രിസ്തീയ വിഭാഗത്തിലെ അംഗമാവുകയും കാലക്രമേണ തന്റേതായ പുതിയൊരു സഭയ്ക്ക് രൂപം കൊടുക്കുകയും ചെയ്തു. ആകർഷണീയമായ പ്രസംഗങ്ങളിലൂടെയും ആധുനിക മാധ്യമങ്ങളിലൂടെയും അനേകായിരം കത്തോലിക്കരെ കത്തോലിക്കാ വിശ്വാസത്തിൽനിന്നും അകറ്റാൻ അദ്ദേഹത്തിനു സാധിച്ചു. ദൈവാനുഗ്രഹത്താൽ സത്യസഭയെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ ആത്മാർത്ഥമായ പഠനങ്ങളും ഗവേഷണങ്ങളും അദ്ദേഹത്തെയും ധാരാളം അനുയായികളെയും കത്തോലിക്കാ സഭയിലേയ്ക്കുതന്നെ തിരികെ കൊണ്ടുവന്നു.

തിരിച്ചുവന്ന ശേഷം ആ സഹോദരനും അനുയായികളും വേദനയോടെ അവരുടെ ചില അനുഭവങ്ങൾ പങ്കുവയ്ക്കുകയുണ്ടായി. വിശ്വാസത്തിന്റെ വിലയേറിയ നിധികൾ കാത്തുസൂക്ഷിക്കുന്നുവെന്ന് കത്തോലിക്കാസഭ അവകാശപ്പെടുന്നുവെങ്കിലും ഫലപ്രദമായ രീതിയിൽ അവ വിശ്വാസികളുമായി പങ്കുവയ്ക്കാൻ വേണ്ട സംവിധാനങ്ങൾ കുറവാണ്. കത്തോലിക്കാ സഭയിലെ യാന്ത്രികമായ കൂദാശ സ്വീകരണങ്ങളും ഭക്താഭ്യാസങ്ങളും വ്യക്തിപരമായി യേശുവിനെ കണ്ടെത്താനും ദൈവാനുഗ്രഹത്തിൽ വളരുവാനും അവരെ സഹായിച്ചിരുന്നില്ല. ചോദ്യങ്ങൾക്കും സംശയങ്ങൾക്കും ഉത്തരം കണ്ടെത്താനാവാതെ അവർ സഭ ഉപേക്ഷിച്ചുപോയപ്പോൾ സ്നേഹത്തോടെ അവരെ അനുധാവനം

ചെയ്ത് സഹായിക്കുന്നതിനുപകരം അവരെ ശല്യമായി കരുതി ധാരാളം കത്തോലിക്കർ അവരെ അപലപിക്കുകയും അവരുടെ പിരിഞ്ഞുപോകൽ ആശ്വാസമായി കരുതുകയും ചെയ്തിരുന്നു. വിശ്വാസവളർച്ചയെ സംബന്ധിച്ചിടത്തോളം കത്തോലിക്കാ സഭയിൽ കാണുന്ന യാന്ത്രികമായ സംവിധാനങ്ങളെ അപലപിക്കുകയും മറ്റ് സഭാശുശ്രൂഷകരിലും സംഭാംഗങ്ങളിലും കാണുന്ന തീക്ഷ്ണതയുടെ ഒരംശമെങ്കിലും കത്തോലിക്കർക്ക് ഉണ്ടായിരുന്നുവെങ്കിലോ എന്ന് ചോദിക്കുന്നവരും ധാരാളമുണ്ട്.

2. മേല്പ്പറഞ്ഞ കാര്യങ്ങളിൽ കുറെയൊക്കെ അതിശയോക്തി ഉണ്ടായിരിക്കാം. എങ്കിലും ആത്മാർത്ഥതയോടും എളിമയോടും കൂടി നാം ആത്മപരിശോധന ചെയ്തുനോക്കേണ്ട വസ്തുതകളാണിവ. തപസ്സുകാലം ആരംഭിച്ചുകഴിഞ്ഞു. ആത്മവിശുദ്ധീകരണത്തിന്റെ ദിവസങ്ങളാണ് നമ്മുടെ മുന്നിലുള്ളത്. വിശ്വാസവളർച്ചയും വിശുദ്ധീകരണവും സംബന്ധിച്ച നൂറു നൂറു കാര്യങ്ങൾക്ക് പരിഹാരം കണ്ടെത്താനുണ്ട്. ഈ തപസ്സുകാലത്ത് സുപ്രധാനമായ ഏതെങ്കിലും ചില കാര്യങ്ങളിൽ ശ്രദ്ധകേന്ദ്രീകരിച്ച് കത്തോലിക്കാ വിശ്വാസത്തിന് തിളക്കംകൂട്ടാൻ ആഗ്രഹിക്കുന്നവരാണ് നിങ്ങൾ ഓരോരുത്തരും.

ഈ പശ്ചാത്തലത്തിൽ ഫ്രാൻസിസ് പാപ്പയുടെ ഇക്കൊല്ലത്തെ തപസ്സുകാല സന്ദേശം നിങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഈ സന്ദേശത്തിൽ പൗലോസ് അപ്പസ്തോലൻ കോറിന്തോസ്സുകാർക്കെഴുതിയ രണ്ടാം ലേഖനത്തിലെ അഞ്ചാം അദ്ധ്യായം ഇരുപതാം വാക്യത്തെക്കുറിച്ച് ആഴമായി ചിന്തിക്കുവാനും അതിനനുസൃതമായ രീതിയിൽ ജീവിതത്തെ ക്രമീകരിക്കുവാനും പാപ്പാ നമ്മെ ക്ഷണിക്കുകയാണ്: അപ്പസ്തോലന്റെ വാക്കുകൾ ഇവയാണ്:

> "ഞങ്ങൾ ക്രിസ്തുവിന്റെ സ്ഥാനപതികളാണ്.
> ഞങ്ങൾവഴി ദൈവം നിങ്ങളോട് അഭ്യർത്ഥിക്കുന്നു
> നിങ്ങൾ ദൈവത്തോട് രമ്യതപ്പെടുവിൻ
> ഇതാണ് ക്രിസ്തുവിന്റെ നാമത്തിൽ
> ഞങ്ങൾ നിങ്ങളോട് അഭ്യർത്ഥിക്കുന്നത്"

പൗലോസ് അപ്പസ്തോലനെപ്പോലെ യേശുവിന്റെ സ്ഥാനപതികളായ സഭാശുശ്രൂഷകർവഴി ദൈവം വീണ്ടും വീണ്ടും നമ്മോട് അഭ്യർത്ഥിക്കുന്ന സുപ്രധാനമായ കാര്യമിതാണ്:"നിങ്ങൾ ദൈവത്തോട് രമ്യതപ്പെടുവിൻ".

3. മനുഷ്യന് ദൈവവുമായുണ്ടായിരുന്ന രമ്യത നഷ്ടമായതും അവൻ ദൈവത്തിൽനിന്ന് അകന്നുപോവുകയും ചെയ്ത സാഹചര്യങ്ങൾ നമുക്കറിയാം. ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട മനുഷ്യൻ സർവ്വ സൗഭാഗ്യങ്ങളോടുംകൂടി ദൈവത്തോടൊപ്പം പറുദീസായിൽ വസിക്കുകയായിരുന്നു. ശിശുസഹജമായ നിഷ്ക്കളങ്കതയോടെ പിതാവായ ദൈവത്തിന്റെ മാർക്ഷനിർദ്ദേശങ്ങളനുസരിച്ച് ദൈവവുമായുള്ള സ്നേഹ ബന്ധത്തിൽ കഴിയുകയായിരുന്നു.

സാത്താൻ ഒരുവലിയ നുണപറഞ്ഞു. കാരണം അവൻ നുണയനും നുണയുടെ പിതാവുമാണല്ലോ (യോഹ. 8:44). ദൈവവുമായുള്ള മനുഷ്യന്റെ സ്നേഹബന്ധത്തെ ബന്ധനമായി അവൻ വ്യാഖ്യാനിച്ചു. ഈ ബന്ധനത്തിൽനിന്നും വിമുക്തനായി ദൈവത്തെ ധിക്കരിച്ച് തന്നിഷ്ടംപോലെ ജീവിക്കുകയാണെങ്കിൽ ദൈവത്തെപ്പോലെയാകാമെന്ന് സാത്താൻ ഉപദേശിച്ചു. സാത്താന്റെ ഈ നുണ വിശ്വസിക്കുന്നതാണ് അന്നും ഇന്നും മനുഷ്യനെ ദൈവത്തിൽനിന്നുമകറ്റുന്നതിനും ദൈവവുമായുള്ള രമ്യത നഷ്ടപ്പെടുത്തുന്നതിനും കാരണം. എങ്കിലും സ്നേഹംതന്നെയായ ദൈവത്തിന് മനുഷ്യനെ കൈവിടാൻ സാധിക്കുകയില്ലല്ലോ. ദൈവംതന്നെ ഇതിന് മുൻകൈയെടുക്കുന്നു. വേണമെങ്കിൽ ദൈവത്തിന് ഒരൊറ്റവാക്കുകൊണ്ട് മനുഷ്യനെ തന്റെ വരുതിയിൽ കൊണ്ടുവരാമായിരുന്നു. എന്നാൽ, അത് സ്നേഹത്തിനുള്ള പ്രതിസ്നേഹമാവില്ലല്ലോ. ദൈവസ്നേഹം ആഴമായി അനുഭവിച്ചറിഞ്ഞ് മനുഷ്യൻ സ്വതന്ത്രമായി ദൈവത്തിങ്കലേക്ക് തിരിച്ചുവരണം. ദൈവസ്നേഹം മനുഷ്യൻ ആഴമായി അനുഭവിച്ചറിയുവാനാണ് പിതാവ് തന്റെ ഏകപുത്രനെ ലോകത്തിലേക്ക് അയച്ചതും കുരിശു മരണത്തോളം തന്നെത്തന്നെ താഴ്ത്തി അനുസരണയുള്ളവനാകാൻ അനുവദിച്ചതും.

മനുഷ്യനെ നശിപ്പിക്കുവാൻ സാത്താൻ വലിയ ഒരു നുണ പറഞ്ഞെങ്കിൽ മനുഷ്യനെ രക്ഷിക്കാൻ യേശു വലിയൊരു സത്യവും പറഞ്ഞു: "വഴിയും സത്യവും ജീവനും ഞാനാണ്. എന്നിലൂടെ യല്ലാതെ ആരും പിതാവിന്റെ അടുക്കലേക്ക് വരുന്നില്ല" (യോഹ. 14:5). "എന്നെക്കൂടാതെ നിങ്ങൾക്ക് ഒന്നും ചെയ്യാൻ കഴിയുകയില്ല" (യോഹ. 15:5). നിർഭാഗ്യവശാൽ ഇന്നും ധാരാളം മനുഷ്യർ യേശുപറഞ്ഞ വലിയ സത്യത്തെ അവഗണിച്ചുകൊണ്ട് സാത്താൻ പറഞ്ഞ വലിയനുണയിൽ വിശ്വസിക്കുന്നു: "അവൻ സ്വജനത്തിന്റെ അടുത്തേക്കുവന്നു. എന്നാൽ അവർ അവനെ സ്വീകരിച്ചില്ല. തന്നെ സമീപിച്ചവർക്കെല്ലാം തന്റെ നാമത്തിൽ വിശ്വസിച്ചവർക്കെല്ലാം ദൈവമക്കാളാകാൻ അവൻ കഴിവു നല്കി" (യോഹ. 1:11-12). ഈ പശ്ചാത്തലത്തിലാണ് പൗലോസ് അപ്പസ്തോലനെ ഉദ്ധരിച്ചു കൊണ്ട് തന്റെ തപസ്സുകാല സന്ദേശത്തിലൂടെ പാപ്പാ നമ്മെ ഇപ്രകാരം ആഹ്വാനംചെയ്യുന്നത്: "നിങ്ങൾ ദൈവത്തോട് രമ്യത പ്പെടുവിൻ"; അങ്ങനെ ഈ തപസ്സുകാലാനുഷ്ഠാനങ്ങളിലൂടെ ദൈവമക്കളായി രൂപാന്തരപ്പെടുവിൻ.

4. ഈ തപസ്സുകാലത്ത് ദൈവവുമായി രമ്യതപ്പെടുവാനായി തിരുവചനങ്ങളും തിരുസ്സഭയും നമുക്ക് നിർദ്ദേശിച്ചുതരുന്നത് പരസ്പരം ബന്ധപ്പെട്ടുനിൽക്കുന്ന മൂന്നു ഭക്താഭ്യാസങ്ങളാണ്: പ്രാർഥന, ദാനധർമ്മം, ഉപവാസം.

പ്രാർഥനയെ ദൈവവുമായുള്ള സ്നേഹസംഭാഷണമായി വിശേഷിപ്പിക്കാറുണ്ട്. മനഃപാഠമാക്കിയ ചില യാചനകൾ യാന്ത്രി കമായി ഉരുവിടുന്നതല്ല പ്രാർഥന. നമ്മുടെ ഇഷ്ടാനിഷ്ടങ്ങൾ നിർബന്ധപൂർവ്വം ദൈവത്തിൽനിന്ന് നേടിയെടുക്കുവാനുള്ള ഒരു ഉപാധിയുമല്ല പ്രാർഥന. ദൈവത്തെ കണ്ടെത്തുകയും അവിടുത്തെ സാന്നിധ്യത്തിന്റെ മാധുര്യവും അനുഭവിച്ചറിയുന്നതുമാണ് പ്രാർഥന. ഈ സാന്നിധ്യത്തിന്റെ വെളിച്ചത്തിൽ ദൈവത്തിന്റെ മഹത്വവും നമ്മുടെ നിസ്സാരതയും മനസ്സിലാക്കി ദൈവിക ചൈതന്യംകൊണ്ടു നിറയുവാനും ദൈവവുമായി രമ്യത പ്പെടുവാനും നമ്മെത്തന്നെ വിട്ടുകൊടുക്കുന്നതാണ് പ്രാർഥന. ഒരു കാമുകനെപ്പോലെ ദൈവം നമ്മെ വശീകരിച്ചു സ്വന്തമാക്കി ത്തീർക്കുന്നതാണ് പ്രാർഥന. ഹോസിയാ പ്രവാചകനിലൂടെ ദൈവം

പറയുന്നതിതാണ്: "അവളെ ഞാൻ വശീകരിച്ച് വിജനപ്രദേശത്ത് കൊണ്ടുവരും. അവളോടു ഞാൻ ഹൃദ്യമായി സംസാരിക്കും" (ഹോസി. 2:14) ഇതാണ് പ്രാർഥന.

ഇങ്ങനെ പ്രാർഥനയിലൂടെ ദൈവവുമായി രമ്യതപ്പെടണമെങ്കിൽ ഒരു വ്യവസ്ഥയുണ്ട്. അയൽക്കാരുമായി രമ്യതപ്പെടാതെ ദൈവവുമായി രമ്യതപ്പെടാനാവില്ല. യോഹന്നാന്റെ ലേഖനത്തിൽ നാം ഇപ്രകാരം വായിക്കുന്നു:"ഞാൻ ദൈവത്തെ സ്നേഹിക്കുന്നുവെന്ന് ആരെങ്കിലും പറയുകയും സ്വന്തം സഹോദരനെ ദ്വേഷിക്കുകയും ചെയ്താൽ അവൻ കള്ളം പറയുന്നു. കാണപ്പെടുന്ന സഹോദരനെ സ്നേഹിക്കാത്തവന് കാണപ്പെടാത്ത ദൈവത്തെ സ്നേഹിക്കാൻ സാധിക്കുകയില്ല" (1 യോഹ. 4:20). സുവിശേഷത്തിൽ യേശു പഠിപ്പിക്കുന്നതും ഇതുതന്നെയാണ്: "നീ ബലിപീഠത്തിൽ കാഴ്ചയർപ്പിക്കുമ്പോൾ നിന്റെ സഹോദരന് നിന്നോട് എന്തെങ്കിലും വിരോധം ഉണ്ടെന്ന് അവിടെവച്ച് ഓർത്താൽ, കാഴ്ചവസ്തു അവിടെ ബലിപീഠത്തിൻമുമ്പിൽ വച്ചിട്ട് പോയി സഹോദരനോട് രമ്യതപ്പെടുക, പിന്നെ വന്ന് കാഴ്ചയർപ്പിക്കുക" (മത്താ. 5:23-24). ദാനധർമ്മത്തിലൂടെയാണ്, അതായത് ഉള്ളവും ഉള്ളതും പങ്കുവയ്ക്കാനുള്ള മനോഭാവത്തി ലൂടെയാണ് നാം അയൽക്കാരുമായി രമ്യതപ്പെടുന്നത്. ഈ ഒരു മനോഭാവം കൂടാതെ ദൈവവുമായി രമ്യതപ്പെടാനാവില്ല.

ഇങ്ങനെ പ്രാർഥനയിലൂടെ ദൈവവുമായിട്ടും ദാനധർമ്മത്തിലൂടെ അയൽക്കാരുമായിട്ടും രമ്യതപ്പെടാൻ ആഗ്രഹിക്കുന്നവരാണ് നാം. പലപ്പോഴും നമുക്കിത് സാധിക്കാത്തതിനു കാരണം നമ്മൾതന്നെയാണ്. ഒരുവൻ തന്നോടുതന്നെ രമ്യതപ്പെടാതെ ദൈവത്തോടും സഹോദരങ്ങളോടും രമ്യതപ്പെടാൻ സാധിക്കുകയില്ല. ഉള്ളിന്റെയുള്ളിൽ നന്മയും തിന്മയും തമ്മിലുള്ള നിരന്തരമായ സംഘർഷങ്ങളിലൂടെ കടന്നുപോകുന്നവരാണ് നാം. സുവിശേഷത്തിൽ യേശു ചൂണ്ടിക്കാണിക്കുന്നതു പോലെ "ദുശ്ചിന്തകൾ, കൊലപാതകം, പരസംഗം, വ്യഭിചാരം, മോഷണം, കള്ളസാക്ഷ്യം, പരദൂഷണം എന്നിവയെല്ലാം ഹൃദയത്തിൽനിന്നാണ് പുറപ്പെടുന്നത്. ഇവയാണ് ഒരുവനെ അശുദ്ധനാക്കുന്നത്" (മത്താ. 15:19). തിന്മയോടുള്ള ഇത്തരം ആസക്തികളെ നിയന്ത്രിച്ച് നമ്മോടുതന്നെ

രമ്യതപ്പെടുന്നതാണ് യഥാർഥ ഉപവാസം. ഇതിന് എത്രവലിയ ത്യാഗവും സഹിക്കുവാൻ നാം തയ്യാറാകണം. ആലങ്കാരിക ഭാഷയിൽ യേശു നമ്മെ ഉപദേശിക്കുന്നതിതാണ്: "വലതുകണ്ണ് നിനക്ക് പാപഹേതുവാകുന്നെങ്കിൽ അത് ചൂഴ്ന്നെടുത്ത് എറിഞ്ഞുകളയുക..... വലതുകരം നിനക്ക് പാപഹേതു വാകുന്നെങ്കിൽ അതുവെട്ടി ദൂരെയെറിയുക. ശരീരമാകെ നരകത്തിൽ പതിക്കുന്നതിനെക്കാൾ നല്ലത് അവയവങ്ങളിലൊന്ന് നഷ്ടപ്പെടുന്നതാണ്." (മത്താ. 5:29-30). ഈ തപസ്സുകാലത്ത് ഉപവാസത്തിന്റെയും ദാനധർമ്മത്തിന്റെയും പ്രാർഥനയുടെയും അർത്ഥം ശരിക്കും മനസ്സിലാക്കി ആദ്യം നമ്മോടുതന്നെയും പിന്നെ അയൽക്കാരോടും അതുവഴി ദൈവത്തോടും രമ്യതപ്പെടുവാനാണ് തിരുസ്സഭ നമ്മെ ആഹ്വാനംചെയ്യുന്നത്.

കത്തോലിക്കാ വിശ്വാസമുൾക്കൊള്ളുന്ന അമൂല്യനിധികൾ തിരിച്ചറിയാനും ആകർഷണീയമായ രീതിയിൽ അത് എല്ലാവരുടെയും മുമ്പിൽ അവതരിപ്പിക്കാനും അനുഭവിക്കുവാനുമുതകുന്ന പല മാർക്ഷങ്ങളും ഇനിയും ആവിഷ്ക്കരിച്ച് നടപ്പിലാക്കാനുണ്ട്. അതേസമയംതന്നെ പരമ്പരാഗതമായി വിശ്വാസത്തിൽ നിലനിൽക്കാനും വളരാനും നമ്മെ സഹായിച്ചുകൊണ്ടിരിക്കുന്ന സംവിധാനങ്ങളും ഭക്താഭ്യാസങ്ങളും ഒന്നുകൂടി ഈ തപസ്സുകാലത്ത് സജീവമാക്കണമെന്നും പ്രയോജനപ്പെടുത്തണമെന്നും ഞാൻ നിങ്ങളോട് അഭ്യർഥിക്കുന്നു.

- ദൈവവചനമാണല്ലോ "പാദങ്ങൾക്ക് വിളക്കും പാതയിൽ പ്രകാശവും". വചനത്തിന് നാം നല്കുന്ന മറുപടിയിലൂടെയാണ് ദൈവവുമായി നാം ബന്ധപ്പെടുന്നത്. അതുകൊണ്ട് വചന പാരായണത്തിന് വ്യക്തിപരമായും കുടുംബമായും ഒരു നിശ്ചിത സമയം മാറ്റിവയ്ക്കുകയും ബി.സി.സി.യിലും ദൈവാലയത്തിലും വ്യാഖ്യാനിക്കപ്പെടുന്ന വചനം മനസ്സിലാക്കി ദൈവാനുഭവം ആഴമാക്കുകയും ചെയ്യണം.

- ഞായറാഴ്ചകളിൽമാത്രമല്ല, ഇടദിവസങ്ങളിലും ദിവ്യബലിയിൽ സംബന്ധിച്ചിട്ട് ഭക്തിപൂർവ്വം ദിവ്യകാരുണ്യമുൾക്കൊള്ളുന്നത് ദൈവവുമായി രമ്യതപ്പെടാനുള്ള ഏറ്റവും ഫലപ്രദമായ മാർക്ഷമാണ്.

- കുമ്പസാരം പാപമോചനം മാത്രമല്ല, പാപാസക്തികളെ തിരിച്ചറിയാനും അതിജീവിക്കുവാനും നമുക്ക് പ്രകാശവും ശക്തിയും നല്കുന്ന ഒരു കൂദാശയാണെന്നോർക്കണം.

- കുരിശിന്റെ വഴി, ജപമാല തുടങ്ങിയ ഭക്താഭ്യാസങ്ങൾ ദൈവത്തിനു നമ്മോടുള്ള സ്നേഹത്തിന്റെ ആഴം മനസ്സിലാക്കുവാനും നിറഞ്ഞ സ്നേഹത്തോടെ ദൈവതിരുമനസ്സിന് നമ്മെത്തന്നെ സമർപ്പിക്കുവാനും നമ്മെ പ്രാപ്തരാക്കും.

ചാരബുധനാഴ്ചയും ദുഃഖവെള്ളിയാഴ്ചയും മാത്രമല്ല, വെള്ളിയാഴ്ചകളിൽ ഉപവസിക്കുകയും തപസ്സുകാലം മുഴുവനും സസ്യാഹാരം ഭക്ഷിക്കുകയും ചെയ്യുന്ന ധാരാളം വ്യക്തികളുടെയും സഭാസമൂഹങ്ങളുടെയും മാതൃക തികച്ചും അനുകരണീയമാണ്.

സാധ്യമായതൊക്കെ ഇല്ലായ്മയിൽനിന്നുപോലും പങ്കുവയ്ക്കുന്ന ജീവകാരുണ്യപ്രവർത്തനങ്ങൾ ദൈവവുമായി രമ്യതപ്പെടുവാനുള്ള നമ്മുടെ പരിശ്രമങ്ങളെ ഒന്നുകൂടി സുഗമമാക്കും.

സഭാശുശ്രൂഷകരുടെ ഉദാസീനതകാരണമാണ് ക്രിസ്തീയ സമൂഹങ്ങളിൽ വിശ്വാസചൈതന്യം ഒന്നിനൊന്നു മന്ദീഭവിച്ചുപോകുന്നതെന്ന ആക്ഷേപം പരക്കെയുണ്ട്. മഹാനായ ഗ്രിഗറി മാർപാപ്പയെപ്പോലുള്ള വിശുദ്ധർപോലും എളിമയോടുകൂടി അംഗീകരിക്കുന്ന ഒരു വസ്തുതയാണിത്. സഭാശുശ്രൂഷകരുടെ ഇടയിലും എല്ലാക്കാലത്തും നല്ലവിത്തുകളോടൊപ്പം കളകളും വളരുവാൻ ദൈവം അനുവദിക്കുന്നു. എങ്കിലും യേശുവിന്റെ രക്ഷാകരപ്രവൃത്തികളോടൊപ്പം നിരവധിയായ സഭാശുശ്രൂഷകരുടെ വിശ്വാസവും വിശുദ്ധിയും ത്യാഗങ്ങളും മാതൃകയും തന്നെയാണ് എന്നും സഭയുടെ മുതൽക്കൂട്ട്.

സഭാശുശ്രൂഷകരായ ഞങ്ങളെ ക്രിസ്തുവിന്റെ സ്ഥാനപതികളായിട്ടാണ് പൗലോസ് അപ്പോസ്തോലൻ അവതരിപ്പിക്കുന്നത്. സ്ഥാനപതികൾ ക്രിസ്തുവിന് അനുരൂപരായിരിക്കണം. ദൈവവുമായി രമ്യതപ്പെടാതെ രമ്യതയുടെ സുവിശേഷം പ്രസംഗിക്കാൻ ഞങ്ങൾക്ക് അവകാശമില്ല. എങ്കിലും ഞങ്ങളും

എല്ലാ സഭാംഗങ്ങളെയുംപോലെ ദൈവവുമായി രമ്യതപ്പെടുവാൻ പരിശ്രമിക്കുന്ന ബലഹീനരായ മനുഷ്യരാണെന്നോർക്കണം. തെറ്റുകൾ ചൂണ്ടിക്കാണിക്കാനുള്ള സ്വാതന്ത്ര്യം എല്ലാവർക്കുമുണ്ട്. അതേസമയംതന്നെ ഞങ്ങളിൽ പാളിച്ചകൾ കാണുമ്പോൾ ഞങ്ങളെ നിശിതമായി വിമർശിക്കുകയും ദൈവത്തിൽനിന്ന് അകന്നുപോവുകയും ചെയ്യുന്നതിനുപകരം ഞങ്ങൾക്കുവേണ്ടി പ്രാർഥിക്കുകയും ദൗത്യനിർവ്വഹണത്തിനായുള്ള ഞങ്ങളുടെ ആത്മാർത്ഥമായ പരിശ്രമങ്ങളുമായി സഹകരിക്കുകയുമാണ് വേണ്ടത്. സാത്താൻ പറഞ്ഞ വലിയ നുണയാൽ വഞ്ചിതരായി ദൈവത്തിൽനിന്ന് അകന്നുപോകാതിരിക്കാൻ നമുക്ക് ജാഗരൂക രായിരിക്കാം. ക്രിസ്തു പറഞ്ഞ വലിയ സത്യം വിശ്വസിച്ചുകൊണ്ട് ദൈവവുമായുള്ള രമ്യതയിൽ നമുക്ക് മുന്നേറാം.

ഈ തപസ്സുകാലത്ത് പൗലോസ് അപ്പസ്തോലനെപ്പോലെ ഫ്രാൻസിസ് പാപ്പയോടൊപ്പം അവസാനം എനിക്കും നിങ്ങളോട് അഭ്യർത്ഥിക്കാനുള്ളതിതാണ്:

"ഞങ്ങൾ ക്രിസ്തുവിന്റെ സ്ഥാനപതികളാണ്
ഞങ്ങൾവഴി ദൈവം നിങ്ങളോട് അഭ്യർത്ഥിക്കുന്നു
നിങ്ങൾ ദൈവത്തോട് രമ്യതപ്പെടുവിൻ

ഇതാണ് ക്രിസ്തുവിന്റെ നാമത്തിൽ ഞങ്ങൾ നിങ്ങളോട് അഭ്യർത്ഥിക്കുന്നത്".

ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ!

സ്നേഹത്തോടെ,

**സൂസപാക്യം എം.**
തിരുവനന്തപുരം മെത്രാപ്പോലീത്ത

NB: ഈ ഇടയലേഖനം 2020 മാർച്ച് മാസം ഒന്നാം തീയതി ദിവ്യബലിമധ്യേ വായിച്ചു വിശദീകരിക്കേണ്ടതാണ്.

# കമ്മ്യൂണിയോ ഇന്ത്യ ഞായർ

2020 മാർച്ച് 1-ാം തീയതി

യേശുക്രിസ്തുവിൽ പ്രിയ സഹോദരീ സഹോദരങ്ങളേ,

കമ്മ്യൂണിയോ ഇന്ത്യ ഞായർ ഒരിക്കൽക്കൂടി നാം സാഘോഷം ആചരിക്കുകയാണ്. ഭാരതത്തിലെ ലത്തീൻ സഭയുടെ മിഷൻ പ്രവർത്തനങ്ങൾക്കുവേണ്ടിയും നമ്മുടെ രാജ്യത്തിന്റെ വിവിധങ്ങളായ മേഖലകളിൽ പ്രേഷിതപ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്ന നമ്മുടെ മിഷണറിമാർക്കുവേണ്ടിയും പ്രത്യേകം പ്രാർഥിക്കാനുള്ള ദിവസമാണ് കമ്മ്യൂണിയോ ഇന്ത്യ ഞായർ. സാഹചര്യങ്ങൾ അനുകൂലമാണെങ്കിലും അല്ലങ്കിലും (1 തിമോ. 4,2) സന്തോഷത്തോടുകൂടി സുവിശേഷം പ്രസംഗിക്കുന്ന നമ്മുടെ മിഷണറിമാർക്കുവേണ്ടിയും ഭാരതത്തിലെ ലത്തീൻ സഭയുടെ മിഷൻ പ്രവർത്തനങ്ങൾക്കുവേണ്ടിയും പ്രാർഥിക്കാൻ നമ്മുക്കോരോരുത്തർക്കും കടമയും ഉത്തരവാദിത്വവുമുണ്ട്.

സുവിശേഷം പ്രഘോഷിക്കുകയെന്നത് ജ്ഞാനസ്നാനം സ്വീകരിച്ച ഓരോ ക്രൈസ്തവന്റെയും കടമയാണ്. ക്രിസ്തുവിന്റെ സുവിശേഷം മാനവരാശിയുടെ എല്ലാ തലങ്ങളിലേക്കും എത്തിക്കാനും അതുവഴി നമ്മുടെ സമൂഹത്തെ പരിവർത്തന വിധേയമാക്കാനും നവീകരിക്കാനും നാം ഏവരും വിളിക്കപ്പെട്ടിരിക്കുന്നുവെന്ന് വിശുദ്ധ പോൾ ആറാമൻ പാപ്പാ അഭിപ്രായപ്പെട്ടിട്ടുണ്ട്. (Evangelii Nuntiandi 18).

ഭാരതത്തിലെ സഭയിലെ നമ്മുടെ മിഷണറിമാർ സുവിശേഷത്തിന്റെ സന്തോഷം എല്ലാവരിലേക്കും എല്ലായിടത്തേക്കും എത്തിക്കാൻ പ്രതികുലസാഹചര്യങ്ങളിൽപ്പോലും അക്ഷീണം പ്രയത്നിക്കുന്നുണ്ട്. എന്നാൽ നമ്മുടെ പല മിഷൻ രൂപതകളും അവിടങ്ങളിൽ പ്രവർത്തിക്കുന്ന സമർപ്പിതരും അല്മായ പ്രേഷിതരും തങ്ങളുടെ പ്രേഷിതപ്രവർത്തനം മുന്നോട്ടു കൊണ്ടുപോകാൻ സാമൂഹികമായും സാമ്പത്തികമായും ഏറെ ക്ലേശിക്കുന്നുണ്ട്. മിഷൻ രൂപതകളിലെ വിശ്വാസികളുടെയും

പ്രേഷിതപ്രവർത്തകരുടെയും ജീവിതാവസ്ഥയുമായി താരതമ്യം ചെയ്യുമ്പോൾ ദൈവാനുഗ്രഹത്താൽ നമ്മിൽ പലരും സാമൂഹി കമായും സാമ്പത്തികമായും ഏറെ മെച്ചപ്പെട്ട ജീവിതം നയിക്കു ന്നവരാണ്. അടിസ്ഥാന ആവശ്യങ്ങൾ പോലും നിർവഹിക്കാൻ സാധിക്കാതെ പരിമിതമായ ജീവിത സാഹചര്യങ്ങളിൽ ജീവി ക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന നിരവധി മിഷ ണറിമാർ നമ്മുടെ സജീവമായ ക്രൈസ്തവ വിശ്വാസ ജീവിതത്തിന്റെ കരുത്താണ്. സാമൂഹിക-സാമ്പത്തിക പിന്നാക്കാവസ്ഥയുടെ നടുവിലും തങ്ങളുടെ വിശ്വാസം മുറുകെപ്പിടിച്ചുകോണ്ട് ജീവിതം മുന്നോട്ട് കൊണ്ടുപോകാൻ പണിപ്പെടുന്ന നമ്മുടെ അല്മായ സഹോദരരെയും പ്രേഷിതരെയും സഹായിക്കാനും പ്രാർഥനയി ലൂടെ അവരുമായി ഐക്യദാർഢ്യം പ്രഖ്യാപിക്കാനും നമുക്കു സാധിക്കണ്ടിയിരിക്കുന്നു.

ഭാരതത്തിലെ ലത്തീൻ കത്തോലിക്കാ മെത്രാൻസമിതി 2018 ലാണ് കമ്മ്യൂണിയോ ഇന്ത്യയ്ക്ക് തുടക്കം കുറിച്ചത്. ഭാരതത്തിലെ ലത്തീൻ കത്തോലിക്കാസഭയെ ഒരു കുടുംബമായിക്കണ്ട് നമ്മുക്കുള്ളത് എല്ലാവരുമായി പങ്കുവച്ച് എല്ലാവരും ഒന്നുപോലെ ഐക്യത്തോടെ വിശ്വാസത്തിന്റെയും അജപാലനത്തിന്റെയും പ്രേഷിത പ്രവർത്തനത്തിന്റെയും മേഖലകളിൽ ക്രമാനുഗതമായി വളർച്ചപ്രാപിക്കുന്ന മനോഹരമായ കൂട്ടായ്മയുടെ ആശയമാണ് കമ്മ്യൂണിയോ ഇന്ത്യ എന്ന ബൃഹത്തായ പദ്ധതിക്കുപിന്നിലുള്ളത്.

പരിമിതമായ സഹചര്യങ്ങളിൽ ജീവിച്ചുകൊണ്ട് വിശ്വാസം പ്രകടിപ്പിക്കുകയും ദൈവത്തെ ആരാധിക്കുകയും ചെയ്യുന്ന നിരവധിയായ നമ്മുടെ സഹോദരങ്ങളോട് ഐക്യദാർഢ്യം പ്രഖ്യാപിക്കാനും അവരുടെ അജപാലന ആവശ്യങ്ങളിൽ സാമ്പ ത്തികമായി അവരെ സഹായിക്കാനുമുള്ള ഒരു സംസ്ഥാപനമാണ് കമ്മ്യൂണിയോ ഇന്ത്യ. പ്രേഷിത പ്രവർത്തനത്തെ പ്രോത്സാഹി പ്പിക്കാനും മിഷണറിമാരെ സഹായിക്കാനും പ്രേഷിതപ്രവർത്തനം നിർവഹിക്കാൻ നമ്മുടെ അല്മായ സമൂഹത്തെ പ്രചോദിപ്പിക്കാനും കമ്മ്യൂണിയോ ഇന്ത്യ ലക്ഷ്യം വയ്ക്കുന്നു. മിഷണറിമാർക്കുവേണ്ടി

പ്രാർഥിക്കാനും പ്രാർഥനയിലൂടെ മിഷണറിയാകാനും നമ്മുടെ ചെറിയ സാമ്പത്തിക സഹായത്തിലൂടെ ഭാരതത്തിലെ ലത്തീൻ കത്തോലിക്കാ സഭയുടെ പ്രേഷിത പ്രവർത്തനത്തെ പണി തുയർത്തി പരിപോഷിപ്പിക്കുക എന്നതും കമ്മ്യൂണിയോ ഇന്ത്യ ലക്ഷ്യം വയ്ക്കുന്നു.

പരിശുദ്ധഫ്രാൻസിസ് പാപ്പായുടെ ആഹ്വാനമനുസരിച്ച് 2019 ഒക്ടോബർ മാസം അസാധാരണപ്രേഷിതമാസമായി നമ്മൾ ആച രിക്കുകയുണ്ടായല്ലോ. കേരള കത്തോലിക്കാമെത്രാൻസമിതിയുടെ (കെസിബിസി)ആഹ്വാനപ്രകാരം കേരളസഭ ഒന്നാകെ 2020-ാം ആണ്ട് പ്രത്യേക പ്രേഷിതവർഷമായി നീക്കിവച്ചിട്ടുള്ളതുമാണ്. ഈ പശ്ചാത്തലത്തിൽ ഈ വർഷത്തെ കമ്മ്യൂണിയോ ഇന്ത്യ ഞായർ നമ്മുടെ എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും സമുചിതമായും അർഥവത്തായും ആചരിക്കുകയും ഭാരതത്തിലെ സഭയുടെ പ്രത്യേ കിച്ച് ലത്തീൻസഭയുടെ മിഷൻ പ്രവർത്തനത്തിനുവേണ്ടിയും മിഷണറിമാർക്കുവേണ്ടിയും പ്രത്യേകം പ്രാർഥിക്കുകയും വേണം. കേരള ലത്തീൻ കത്തോലിക്കാ മെത്രാൻസമിതി (കെ.ആർ.എൽ.സി. ബി.സി)യുടെ ആഹ്വാനപ്രകാരം ഈ വർഷത്തെ നോമ്പാചരണ ത്തിന്റെ പ്രഥമഞായറായ 2020 മാർച്ച് 1-ാം തീയതി കമ്മ്യൂണിയോ ഇന്ത്യ ഞായറായി കേരള ലത്തീൻസഭയിൽ ആചരിക്കുകയാണ്. അന്ന് അർപ്പിക്കപ്പെടുന്ന ദിവ്യബലിമധ്യേ കമ്മ്യൂണിയോ ഇന്ത്യയുടെ പ്രാധാന്യത്തെക്കുറിച്ചും ജ്ഞാനസ്നാനം സ്വീകരിച്ച ഓരോക്രൈസ്തവനുമുള്ള പ്രേഷിതപ്രവർത്തന ഉത്തരവാദിത്വ ത്തെക്കുറിച്ചും ജനങ്ങളെ ഉദ്ബോധിപ്പിക്കേണ്ടതാണ്.

വിശ്വാസികളുടെ പ്രാർഥനാസമയത്ത് ഭാരതസഭയുടെ വൈവിധ്യങ്ങളായ പ്രേഷിത പ്രവർത്തനങ്ങളുടെ വിജയത്തിനായി നിയോഗംവച്ച് പ്രാർഥിക്കേണ്ടതാണ്. നമ്മുടെ കഷ്ടപ്പാടുകളുടെയും വേദനകളുടെയും നടുവിൽ ദൈവം നമ്മുക്ക് നല്കുന്ന ചെറിയ വരുമാനത്തിൽനിന്ന് നമ്മുടേതായ ത്യാഗത്തിന്റെ ഒരുപങ്ക് ഭാരതത്തിലെ ലത്തീൻ കത്തോലിക്കാ സഭയുടെ മിഷൻ പ്രവർത്തനങ്ങൾക്ക് നല്കാനും നമുക്ക് സാധിക്കേണ്ടിയിരിക്കുന്നു.

നമ്മുടെ ചെറുതും വലുതുമായ സംഭാവനകൾ ഭാരതത്തിലെ ലത്തീൻ കത്തോലിക്കാസഭയുടെ പ്രേഷിത പ്രവർത്തനങ്ങൾക്ക് വലിയ സഹായമായിരിക്കും.

നമ്മുടെ സ്നേഹത്തെയും സാഹോദര്യത്തെയും ഭാരത സഭയുടെ പ്രേഷിത പ്രവർത്തനങ്ങളോടു വെളിപ്പെടുത്താനുള്ള ഒരു വേദിയാണ് കമ്മ്യൂണിയോ ഇന്ത്യ ഞായർ. 2018-ലാണ് ആരംഭി ച്ചതെങ്കിലും കമ്മ്യൂണിയോ ഇന്ത്യയെക്കുറിച്ചുള്ള അവബോധം ഇന്ന് നമ്മിൽ പലർക്കും ഉണ്ടായിട്ടുണ്ട്. ഈ കഴിഞ്ഞകാലയളവിൽ ഭാരതസഭയുടെ പ്രേഷിതപ്രവർത്തന ത്തിനായി പ്രാർഥന യിലൂടെയും ചെറുതും വലുതുമായ സംഭാവനകളിലൂടെയും സഹായിച്ച ഏവരേയും നന്ദിയോടെ ഓർക്കുന്നു. ഭാരതത്തിലെ ലത്തീൻ സഭയ്ക്കുവേണ്ടി തുടർന്നും നിരന്തരം പ്രാർഥിക്കണെന്ന് അഭ്യർഥിക്കുന്നു. നല്ലയിടനായ യേശുനാഥൻ നമ്മെ ഓരോരുത്ത രെയും പ്രത്യേകിച്ച് സുവിശേഷ പ്രഘോഷണ മേഖലയിൽ നേർവഴിയിലൂടെ നയിക്കട്ടേയെന്ന് ആശംസിക്കുന്നു.

**ആർച്ചുബിഷപ് ഫിലിപ്പ് നേരി ഫെറാവോ**

പ്രസിഡന്റ്, ഭാരത ലത്തീൻ കത്തോലിക്കാ മെത്രാൻ സമിതി

ഗോവ മെത്രാപ്പോലീത്ത

**ബിഷപ് ജോസഫ് കരിയിൽ**

പ്രസിഡന്റ്, കേരള ലത്തീൻ കത്തോലിക്കാ മെത്രാൻസമിതി

**ആർച്ചുബിഷപ്സൂസപാക്യം എം.**

തിരുവനന്തപുരം മെത്രാപ്പോലീത്ത

08/02/2020

*ഈ സർക്കുലർ 2020 ഫെബ്രുവരി 16-ാം തീയതി ഞായറാഴ്ച നമ്മുടെ എല്ലാ ദേവാലയങ്ങളിലും സ്ഥാപനങ്ങളിലും വായിക്കുകയും ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ച് നല്കുകയും വേണം. കമ്മ്യൂണിയോ ഇന്ത്യയുടെ വിജയത്തിനായി കഴിയുന്നത്രതുക സംഭാവനചെയ്യാൻ നമ്മുടെ ജനങ്ങളെ പ്രോത്സാഹിപ്പിക്കുകയും ശേഖരിക്കുന്നതുക രൂപതാ കച്ചേരിയിൽ ഏൽപ്പിക്കുകയും വേണം.*

# ARCHDIOCESE OF TRIVANDRUM
## GUIDLINES FOR MAINTAINING PAROCHIAL REGISTERS– MARCH 2020

1. In each parish there are to be parochial registers (=PR), that is, of baptisms, of marriages, of deaths, of First Communion, of Confirmation, and of Anointing of the Sick (cf. c. 535 §1). The parish priest is to ensure that entries are accurately made and that the registers are carefully preserved.
2. Sacramental registers i.e., PR are permanent, historical records. They are patrimony of the parish. Care should be taken to purchase registers of quality care and binding. Use of the computerized files may be convenient for indexing needs, but computerizing is not a substitute for the physical registers. The original handwritten Sacramental Registers are to be kept permanently; and they are never to be destroyed.
3. Sacramental records are confidential information. PR should be kept in a safe secure place in the parish, and should not be removed, copied, or loaned without the approval of the chancellor of the diocese. When a parish is merged, the resulting parish maintains the registers of all merged parishes. When a parish is divided, the old parish maintains the original register, while the new parish has to copy their parishioners' details within a consented time.
4. It is recommended that proper registers for PR to be purchased from diocesan book stall (St. Paul's Book Stall at Samanwaya Buildings) and maintained for each parishes; or quasi parishes. No institutions or religious houses in the archdiocese are permitted to have sacramental registers in their chapels or oratories. This is useful when these small communities are raised to the status of parish or when care of a mission or chapel is transferred to a

different parish. The sacramental registers are to be stored in a locked place, preferably one which is fire-proof or fire-resistant. The loss or destruction of any sacramental register should be reported immediately to the Chancery.

5. Canons relevant to ***Baptism Registers*** are: cc. 296, 852, 869, 870, 873, 874, 877, 878, and 1685. The baptismal register is the primary register for recording a person's status within the church (c. 535 §2). An entry in the baptismal register is to include as per c. 877.
6. Notations are to be entered in the baptismal registers for confirmation, marriage, holy orders and religious profession; even if these sacraments are conferred at the same parish.
7. Additional notations to the register include those regarding conditional baptisms, rites supplied, dissolution of matrimonial bond, change of rite, and dispensation of vows.
8. Certificates are to be issued as soon as possible after the event is recorded in the register. A routine baptismal certificate is to include all information of a public nature, but may not include any confidential notations (such as references made to adoption or legitimacy).
9. An official baptismal certificate is to be signed by the pastor, dated, and sealed.
10. A state (civil) birth certificate is to be used as the supporting documentation for the baptismal register entry. If this is not possible to obtain, the hospital record can be used to verify the date of birth and parents names.
11. In some cases, it is customary for the baptized to have multiple sponsors. When this occurs the register and certificates are to list only two. The parents of the baptized are to choose the sponsors that are to be listed in the register, keeping in mind that at least one sponsor must be a confirmed, active Catholic, over the age of 16, with no canonical impediments (Canon 874.2).

12. When a godparent or sponsor appoints a proxy to participate in the rite of baptism, both names should be entered in the register, with "Proxy" written after that person's name. No more than two godparents are allowed.
13. Ascription to an Eastern Rite Catholic Church *sui iuris*, (e.g., Syro-malabar, Syro-malankara etc.) is determined by the rite of the parents, not by the rite of the minister or parish of baptism, and a notation must be made in the "Notations" column as to the proper Rite of the person. (c. 111 CCEO cc. 29, 30, 588, 678, 683)
14. The name of the mother is to be entered in the register if there is public proof of her maternity (e.g. the birth certificate) or if she states this in writing or before two witnesses (Canon 877). The name of the father is to be inserted only if there is public proof (e.g., the birth certificate) or by his own sworn declaration before the pastor and two witnesses.
15. A profession of faith is to be recorded in the Baptism Register with a notation "profession of faith." The data concerning the Rite of Reception should be entered in the spaces provided for baptism, and the data concerning the original baptism should be entered in the "Notations" column, especially the date and place.
16. When baptism occurs in an emergency situation, either at home or in a hospital, notification is to be sent to the parish in which the individual resides. The words *"rites supplied"* and the date of the completion of the celebration are to be listed in the remarks column.
17. It is recommended that baptism not take place until after the child is formally adopted and the birth certificate is issued. The entry in these cases should include the same as baptism entries.
18. When a conditional baptism is conferred, "Baptized conditionally" is to be written in the "Notations" column. Otherwise the entry is the same as for any other baptism.

19. The Diocese prescribes the use of the ***First Communion register***. The entry is to include: The legal and Christian names of the child; the date and place of baptism; the church and date of the first Communion; The name of the main celebrant of the Mass.
20. A certificate may be issued as soon as possible after the event is recorded in the register.
21. Canons relevant to ***Confirmation Registers*** include: 894 - 896. The Confirmation register entry is to include: The names of the child or adult; the name of the father and the name of the mother; the date and place of baptism; the name of the sponsor selected by the person; the place and date of the confirmation; and the name of the minister performing the confirmation.
22. A confirmation certificate is to be issued as soon as possible after the event is recorded in the register. In cases of joint celebrations, as those performed in big parishes, each parish which sends candidates is responsible for getting Notification of the reception of this sacrament, which is to be sent to the place of baptism.
23. Canons relevant to ***Marriage Registers*** include: 1081, 1121, 1122, 1123, and 1685.
24. Marriages are to be recorded in the register of the parish at which the ceremony takes place. In cases where a wedding is celebrated with dispensation from canonical form, record of the marriage is found at the parish in which marriage preparation took place and which requested the dispensation and at the Chancery of the diocese that granted the dispensation (Canon 1121.1). The prenuptial file or marriage data envelope is to be kept at the parish in which the preparation took place. Notification of the marriage is to be sent to the place of baptism of the Catholic party by the party responsible for marriage preparation.

25. The prenuptial investigation file or marriage data envelope created for the marriage is to be retained in the permanent files of the parish archives.
26. When a marriage is convalidated or sanated, the data concerning the civil marriage or sanation are to be placed in the usual columns. The date, place and official of the original ceremony are to be noted in the "Notations" column.
27. When a dispensation is granted prior to marriage, or a declaration of nullity is granted after marriage, the date, diocese and protocol number, along with the type of dispensation (e.g., "Dispensation from Disparity of Worship") or the word "Annulment" (with the diocese granting and protocol number), are to be noted in the "Notations" column (cf. can. 1081).
28. It is recommended that parishes maintain a record of the ***sacrament of the Anointing of the Sick*** that are administered by the priests in the parish. This record may include those that are done individually or in the communal rites. You can get these registers from the Book stall.
29. Canons relevant to ***Death Registers*** include cf.c.1182. Notations in the death register may include additional information such as next of kin, age, whether anointed, and cause of death. In cases where the funeral rites are celebrated in another parish, it is suggested that notification be sent to the pastor of the deceased.
30. When the body has been cremated, no reference to the date or place of cremation is made in the Death Register. However, the fact of cremation should be noted as well as the date and place of the ashes' interment in the notation column.
31. ***Entries in the PR*** - Information in the Parochial Registers should be entered in neatly imprinted (capital) letters not cursive handwriting.

32. Discursive material should not be written in PR; such material or related documents (e.g., civil records, correspondence) should be retained securely in a file in the parish archives. However, discretion must be exercised in deciding which material to place in this file; not everything has to be retained. This file should be marked "Sacramental Records," and the words "See Sacramental Records File" should be printed in the "Notations" column of the sacramental register.
33. Printing the name of the month is preferred to using the month's number (e.g. "August" or "Aug" rather than "8") in PR.
34. As registers become worn, they are to be rebound by a professional binder. Only if a register is beyond repair may the records be transferred to a new register. The original register is to be retained in as safe a condition as possible.
35. Once entered into a PR, data is considered official and permanent. It may not be modified except under special conditions, as detailed below. Original data should never be scratched out, erased, "whited out" or otherwise destroyed or obliterated.
36. *Changes in the PR:* Changes in the Sacramental registers are not recommended. But it can be made in some unavoidable situations only after making certainty of the matter and confirming of the same with official documents. Such documentation will ordinarily consist of an original, "raised seal" certificate from a civil or ecclesiastical office, court, agency, gazette note, etc. The issuing agency, date of the certificate and any protocol number should be printed in the "Remarks" column of the register.
37. A parish occasionally will receive a notification from an individual or a church indicating that the person is no longer a Catholic and even asking that her/his name be removed from Catholic Church records. While it is appropriate to remove the person's

name from the parish membership roles (register), no changes are made to the sacramental records.

38. PRs are private in that they are created in circumstances presumed to be personal and confidential. They are public in that, legally, they will stand as valid, authentic evidence when an appropriate civil record does not exist.
39. PRs are not open to examination by anyone except authorized parish or diocesan personnel.
40. Anyone may obtain an authenticated certificate of his or her own sacramental record (proof of identification may be required) or that of their children (proof of parentage or legal-guardianship may be required). When the parents of a child are separated or divorced, both parents, regardless of legal custody, are presumed to have the right to a certificate. When a person comes from other parish for certificate, may bring his parish priest's letter mentioning of the need.
41. Certificates should have an official appearance and should be issued in a consistent format. All certificates must bear the name and address of the parish. They are to be signed by the pastor or his delegate and impressed with the parish seal. Photocopies and facsimile copies of certificates are not considered authentic documents.
42. Certificates are to include all data contained in the sacramental register, except that which is marked confidential or which is extraneous to the person's canonical status.
43. Sometimes when a certificate is requested, the record in question cannot be found. If there is any possibility that the sacrament may have been conferred in some other parish, the inquirer should be encouraged to check the sacramental records of that other parish or parishes or consult the Chancellor for further advice.

MTLAT/JC/01 24.02.2020

## ജുഡീഷ്യൽ സർക്കുലർ

വന്ദ്യ വൈദികരേ, പ്രിയ സഹോദരരേ,

സമൂഹം രൂപപ്പെടുന്നത് കുടുംബങ്ങളിലൂടെയാണ്. കുടുംബങ്ങൾ രൂപപ്പെടുന്നതാകട്ടെ വിവാഹത്തിലൂടെയുമാണ്. ദൈവം തന്റെ ഛായയിലും സാദൃശ്യത്തിലും മനുഷ്യനെ പുരുഷനും സ്ത്രീയുമായി സൃഷ്ടിക്കുകയും, പുരുഷനു സ്ത്രീയെ സഹായിയായി (ജീവിതപങ്കാളിയായി) നല്കിക്കൊണ്ട് വിവാഹം ദൈവിക പദ്ധതിയാണെന്ന് സ്ഥാപിക്കുകയും ചെയയ്യുന്നതായി വി.ഗ്രന്ഥം വിവരിക്കുന്നു. സുവിശേഷത്തിലേയ്ക്കു വരുമ്പോൾ, "തന്നിമിത്തം പുരുഷൻ മാതാപിതാക്കന്മാരെ വിട്ട് ഭാര്യയോടു ചേരുകയും അവർ ഇരുവരും ഒരു ശരീരമായി തീരുകയും ചെയ്യും. ആകയാൽ, ദൈവം യോജിപ്പിച്ചത് മനുഷ്യൻ വേർപെടുത്താതിരിക്കട്ടെ!" (മത്താ.19:3-6) എന്ന് യേശു പഠിപ്പിക്കുകയും കല്പിക്കുകയും ചെയ്യുന്നു.

ക്രിസ്തുവും സഭയും തമ്മിലുള്ള ബന്ധത്തോടാണ് പൗലോസ് അപ്പോസ്തലൻ ദാമ്പത്യത്തെ ഉപമിക്കുന്നത്. ക്രിസ്തു സഭയെ സ്നേഹിക്കുകയും അവളെ വിശുദ്ധീകരിക്കാൻവേണ്ടി തന്നെത്തന്നെ സമർപ്പിക്കുകയും ചെയ്തതുപോലെ ഭർത്താക്കന്മാർ ഭാര്യമാരെ സ്നേഹിക്കണം. സദാ ക്രിസ്തുവിനെ ശ്രവിച്ചുകൊണ്ട് സഭ അവിടുത്തേക്ക് വിധേയമാകുന്നതുപോലെ ഭാര്യമാർ ഭർത്താക്കന്മാർക്ക് വിധേയരാകണം (എഫേ. 5:22-33). ചുരുക്കത്തിൽ, യേശുവും സഭയും തമ്മിലുള്ള ബന്ധമെന്നപോലെ, ദമ്പതികൾ പരസ്പരമുള്ള സ്നേഹത്തിന്റെയും സമർപ്പണത്തിന്റെയും വിധേയത്വത്തി ന്റെയും ആഘോഷമാകണം വിവാഹജീവിതം.

കാനോൻ നിയമവും (CIC) കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥവും (CCC) വിവാഹമെന്ന കൂദാശയെക്കുറിച്ച് പഠിപ്പിക്കുന്നത് ഇപ്രകാരമാണ്: "സ്ത്രീയും പുരുഷനും തമ്മിൽ

ജീവിതകാലം മുഴുവനും നീണ്ടുനില്ക്കുന്ന സഖ്യം ഉളവാക്കുന്ന വിവാഹ ഉടമ്പടി അതിന്റെ സ്വഭാവത്താൽതന്നെ ദമ്പതികളുടെ നന്മയ്ക്കും സന്താനോത്പാദനത്തിനും മക്കളുടെ വിദ്യാഭ്യാസത്തിനുംവേണ്ടി ഉദ്ദേശിക്കപ്പെട്ടിട്ടുള്ള താണ്. മാമ്മോദീസ സ്വീകരിച്ച (രണ്ടു) വ്യക്തികൾ തമ്മിലുള്ള ഈ ഉടമ്പടിയെ ക്രിസ്തു ഒരു കൂദാശയുടെ പദവിയിലേയ്ക്ക് ഉയർത്തിയിരിക്കുന്നു". (CIC 1055 §1, CCC 1601). പങ്കാളികൾ പരസ്പരം നല്കുകയും സ്വീകരിക്കുകയും ചെയ്യുന്ന മാനുഷിക പ്രവൃത്തിയാണ് സമ്മതം (CCC 1627; CIC 1057 §2 ).

വിവാഹ ഉടമ്പടിയിൽ ഏർപ്പെടുന്നവർ സ്വാതന്ത്ര്യ മുള്ളവരും സ്വതന്ത്രമായി തങ്ങളുടെ സമ്മതം പ്രകടമാക്കുന്നവരും മാമ്മോദീസ സ്വീകരിച്ചവരുമായ പുരുഷനും സ്ത്രീയു മായിരിക്കണം.

"സ്വതന്ത്രമായിരിക്കുക" എന്നതിന്റെ അർത്ഥം താഴെപ്പറയുന്ന വയാണ്

- സമ്മർദ്ദത്തിനു വഴങ്ങാതിരിക്കുക
- പ്രകൃതി നിയമത്തിന്റെയും, സഭാനിയമത്തിന്റെയും തടസ്സങ്ങൾ ഇല്ലാതിരിക്കുക (CCC 1625).

സമ്മതത്തിന്റെ അഭാവത്തിൽ വിവാഹം നടക്കുന്നില്ല (CCC 1626). ഒരു മാനുഷിക ശക്തിക്കും ഈ സമ്മതത്തിനു പകരം നല്കാനാവില്ല (CIC 1057 §1) ഈ സ്വാതന്ത്ര്യ മില്ലെങ്കിൽ വിവാഹം അസാധുവാണ് (CCC 1628). ഇക്കാരണത്താൽ (അഥവാ വിവാഹത്തെ അസാധുവാക്കുന്ന മറ്റുകാരണങ്ങളാൽ) അധികാരമുള്ള സഭാകോടതിക്ക് സാഹചര്യങ്ങൾ വിലയിരു ത്തിയശേഷം ഒരു വിവാഹം അസാധുവാണെന്ന്, അതായത്, ആ വിവാഹം നടന്നിട്ടില്ല എന്നു പ്രഖ്യാപിക്കാൻ കഴിയും (CCC 1629, CIC 1095 - 1107).

ഇനി ഒരുമിച്ചു ജീവിക്കാൻ കഴിയില്ലെന്ന് തീരുമാനിക്കുന്ന ദമ്പതികൾക്ക് രാജ്യത്തിന്റെ അധീനതയിലുള്ള കുടുംബകോടതികളിൽനിന്നും വിവാഹമോചനം നേടാനാകും. എന്നാൽ, മുകളിൽ സൂചിപ്പിച്ചവിധം വിവാഹ സാധുത പരിശോധിച്ച്

വിധി നല്കുകയല്ലാതെ ദമ്പതികളുടെ താത്പര്യമനുസരിച്ച് വിവാഹമോചനം നൽകാൻ സഭാകോടതികൾക്ക് അധികാരമില്ല. മറിച്ച്, വിവാഹം അസാധുവാക്കണമെന്ന് ആവശ്യപ്പെട്ട് സമർപ്പിക്കുന്ന അപേക്ഷകൾ പരിശോധിച്ച്, വിവാഹ സമയത്ത് പങ്കാളികൾക്കിടയിൽ സഭ അനുശാസിക്കുന്ന രീതിയിലുള്ള സ്വതന്ത്രമായ സമ്മതത്തിന്റെയോ വിവാഹ സാധുതയ്ക്ക് അനിവാര്യമായ മറ്റു ഘടകങ്ങളോ ഉണ്ടായിരുന്നോ ഇല്ലായിരുന്നോയെന്ന് കണ്ടെത്തി പ്രഖ്യാപിക്കുകയാണ് സഭാകോടതി ചെയ്യുന്നത്.

വിവാഹബന്ധങ്ങൾ വേഗത്തിൽ തകരുകയും ഉടൻതന്നെ അസാധുവാക്കിയെടുക്കാൻ സഭാകോടതിയെ സമീപിക്കുകയും ചെയ്യുന്ന പ്രവണത കൂടിവരുന്നതായി കാണുന്നു. അതിനുവേണ്ടി 2015 ഡിസംബർ 8-ന് പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പ പുറപ്പെടുവിച്ച "Mitis Iudes Dominus Iesus" (MIDI) എന്ന *Motu proprio* പലരും തെറ്റായി വ്യാഖ്യാനിക്കുന്നതായി മനസ്സിലാക്കുന്നു. ചില പ്രത്യേക കാരണങ്ങൾമൂലം തകർന്ന വിവാഹങ്ങൾ അസാധുവാക്കാനുള്ള അപേക്ഷകൾ വേഗത്തിൽ പരിശോധിച്ച് തീരുമാനം അറിയിക്കത്തക്ക രീതിയിൽ സഭാകോടതികളുടെ നടപടിക്രമം ലഘൂകരിക്കുന്നതുമാണ് MIDI.

ഇത്തരം സാഹചര്യങ്ങളും വേർപെടുത്താനാവാത്ത വിവാഹത്തിന്റെ അന്തഃസത്തയും പരിഗണിക്കുമ്പോൾ, MIDI-യിലൂടെ സാധ്യമായ ഹ്രസ്വപ്രക്രിയ (Briefer Process) അതിനുവേണ്ട സാഹചര്യങ്ങളും സംബന്ധിച്ച് ഒരു വിവരണം നല്കുന്നത് ഉചിതമാണെന്ന് തോന്നുന്നു.

*Motu proprio* നിലവിൽ വന്നതോടെ വിവാഹം അസാധുവാക്കാനുള്ള അപേക്ഷയിന്മേൽ മൂന്നുതരം പ്രക്രിയകളാണ് സഭാകോടതിയ്ക്ക് നിർവ്വഹിക്കാനുള്ളത്:

1. സാധാരണ പ്രക്രിയ (Ordinary Process)
2. ഹ്രസ്വ പ്രക്രിയ (Briefer Process)
3. രേഖാധിഷ്ഠിത പ്രക്രിയ (Documentary Process)

അപേക്ഷ ലഭിച്ചുകഴിഞ്ഞാൽ അത് പരിഗണിക്കേണ്ട പ്രക്രിയ ജുഡീഷ്യൽ വികാരിയാണ് നിശ്ചയിക്കുന്നത്. സഭാനിയമം അനുസരിച്ച് ഹ്രസ്വ പ്രക്രിയ, രേഖാധിഷ്ഠിത പ്രക്രിയ

എന്നിവയുടെ പരിഗണനയിൽ വരുന്ന അപേക്ഷകൾ വേഗത്തിൽ പരിഗണിച്ച് തീർപ്പ് കല്പിക്കേണ്ടവയാണ്.

വിവാഹം അസാധുവാക്കാനുള്ള അപേക്ഷകൾ MIDI പ്രകാരം ഹ്രസ്വ പ്രക്രിയയിൽ പരിഗണിക്കാൻവേണ്ട നിബന്ധനകൾ ഇവയാണ്:

**A. *ഹ്രസ്വ പ്രക്രിയയ്ക്കുവേണ്ട മാനദണ്ഡങ്ങൾ***

1. തങ്ങളുടെ വിവാഹം അസാധുവാക്കിക്കിട്ടാൻ സഭാകോടതിയെ സമീപിക്കുന്ന ദമ്പതികളുടെ ഒന്നിച്ചുള്ള വിവാഹജീവിത ദൈർഘ്യം 6 മാസത്തിൽ കൂടാൻ പാടില്ല (Marital life lasted less than 6 months).
2. വിവാഹം അസാധുവാക്കാനുള്ള അപേക്ഷ ഇരുകക്ഷികളും സമർപ്പിച്ചിരിക്കണം. അല്ലെങ്കിൽ മറുകക്ഷിയുടെ രേഖാമൂലമുള്ള സമ്മതം ഉണ്ടായിരിക്കണം.
3. സിവിൽപരമായി വിവാഹമോചനം നേടിയിരിക്കണം.
4. MIDI ആർട്ടിക്കിൾ 14 പ്രകാരം വിവാഹം അസാധുവാക്കാനുള്ള പ്രകടമായ കാരണങ്ങൾ ഉണ്ടായിരിക്കണം. അവ യഥാക്രമം:-
   - i. വിവാഹസമ്മതത്തെ/തീരുമാനത്തെ പ്രതികൂലമായി ബാധിക്കുന്ന വിശ്വാസത്യാഗം
   - ii. സന്താനോത്പാദനം ഒഴിവാക്കാനുള്ള നിർബന്ധിത ഗർഭഛിദ്രം.
   - iii. വിവാഹ സമയത്തും അതിനുശേഷവും തുടരുന്ന ഗൗരവമായ അവിഹിതബന്ധം.
   - iv. താഴെപ്പറയുന്നവയിൽ ഏതെങ്കിലും കാരണം മറച്ചുവച്ച് വിവാഹം നടത്തുക:
   - a) ഷണ്ഡത്വം (Sterility)
   - b) മാരകമായ പകർച്ചവ്യാധി
   - c) പൂർവ്വബന്ധത്തിലെ കുട്ടികൾ
   - d) ജയിൽവാസം
   - v. വിവാഹജീവിതത്തിന് ഒരുവിധത്തിലും അനുയോജ്യമല്ലാത്ത കാരണം
   - a) അപ്രതീക്ഷിത ഗർഭധാരണം

b) ശാരീരിക പീഡനത്തിലൂടെ വിവാഹസമ്മതം നേടൽ

c) വിവാഹത്തിനുമുമ്പേ വൈദ്യപരിശോധനയിലൂടെ തെളിഞ്ഞ ബുദ്ധിവൈകല്യം

5. വിവാഹം അസാധുവാണെന്ന് തെളിയിക്കാനുള്ള രേഖകൾ നൽകാനുള്ള ബാധ്യത കക്ഷികളിൽ നിക്ഷിപ്തമായിരിക്കും.

6. കക്ഷികളുടെയും സാക്ഷികളുടെയും മൊഴിയെടുക്കാൻ ഇൻസ്ട്രക്ടർ, നോട്ടറി, ഡിഫന്റർ ഓഫ് ബോണ്ട് എന്നിവരെ ജുഡീഷ്യൽ വികാരി നിയോഗിക്കുന്നു.

7. മൂന്നുദിവസത്തെ സമയപരിധിയുള്ള സമൻസിലൂടെ ഇൻസ്ട്രക്ടർ കക്ഷികളെയും സാക്ഷികളെയും വിളിച്ചുകൂട്ടുന്നു (ഇതിനായി ടെലഫോണും ഉപയോഗിക്കാ വുന്നതാണ്)

8. മൊഴി രേഖപ്പെടുത്തൽ പൂർത്തിയായാൽ 20 ദിവസത്തിനകം ഇൻസ്ട്രക്ടർ കേസിന്റെ അഭിപ്രായം തയ്യാറാക്കി അതിരൂപതാദ്ധ്യക്ഷന്റെ പരിഗണനയ്ക്ക് കൈമാറുന്നു (10 ദിവസത്തിനകം ഡിഫന്റർ ഓഫ് ബോണ്ട് തന്റെ നിരീക്ഷണം ഇൻസ്ട്രക്ടറിന് നല്കുന്നു).

9. വിവാഹം അസാധുവാക്കിക്കൊണ്ടുള്ള വിധി പകർപ്പിൽ അതിരൂപതാദ്ധ്യക്ഷൻ ഒപ്പുവച്ചുകഴിഞ്ഞാൽ, അതിന്റെ ഉത്തരവ് 20 ദിവസത്തെ സാവകാശത്തിൽ ജുഡീഷ്യൽ വികാരി കക്ഷികൾക്ക് നല്കുന്നു.

10. നിശ്ചിത കാലയളവിനുശേഷം കക്ഷികൾക്ക് വിവാഹം അസാധുവാക്കിക്കൊ ണ്ടുള്ള ഉത്തരവ് ലഭിക്കുന്നു.

11. ഈ ഉത്തരവിനെതിരായി അപ്പീൽ നല്കാൻ കക്ഷികൾക്ക് അവകാശം ഉണ്ടായിരിക്കുന്നതല്ല.

12. ഹ്രസ്വപ്രക്രിയയിലൂടെ വിവാഹം അസാധുവായി പ്രഖ്യാപിക്കാൻ കഴിയാത്തപക്ഷം അപേക്ഷകൾ പ്രത്യേക പരിഗണന കൂടാതെ സാധാരണ പ്രക്രിയയിൽ പരിഗണിക്കുന്നതാണ്.

13. രണ്ടാമത്തെ വിവാഹം അസാധുവാക്കാനുള്ള അപേക്ഷ ഹ്രസ്വപ്രക്രിയയിൽ പരിഗണിക്കുന്നതല്ല.

സാധാരണ പ്രക്രിയയിൽമാത്രം പരിഗണിക്കാൻ കഴിയുന്ന അപേക്ഷകൾ പോലും വേഗത്തിൽ പരിഗണിക്കണമെന്ന ആവശ്യവും പ്രേരണയും കൂടിവരുന്നുണ്ട്. ഈ സാഹചര്യം അതിരൂപതാകോടതി ഗൗരവമായി കാണുകയും സാധ്യമായ സഹായമാർക്ഷം നിർദ്ദേശിക്കുകയും ചെയ്യുകയുണ്ടായി. അക്കാര്യങ്ങളും എല്ലാവരുടെയും അറിവിലേയ്ക്ക് നല്കുന്നു.

## B. *സാധാരണ പ്രക്രിയയിന്മേൽ പ്രത്യേക പരിഗണന ലഭിക്കാനുള്ള മാനദണ്ഡങ്ങൾ*

1. അപേക്ഷക/ൻ സിവിൽ നിയമമനുസരിച്ചോ അല്ലാതെയോ വിവാഹ ജീവിതാവസ്ഥയിൽ ആയിരിക്കാൻ പാടില്ല.
2. സിവിൽപരമായി വിവാഹമോചനം നേടിയിരിക്കണം
3. അപേക്ഷകയുടെ/ന്റെ പുനർ വിവാഹാലോചന ഉറപ്പിച്ചിട്ടുണ്ട് എന്ന് തെളിയിക്കുന്ന ഇടവക വികാരിയുടെ സാക്ഷ്യപത്രം ഉണ്ടായിരിക്കണം.
4. അപേക്ഷക/ൻ വിവാഹം ചെയ്യാൻ തീരുമാനിച്ച വ്യക്തിക്ക് സിവിൽപരമായോ സഭാപരമായോ യാതൊരുവിധ തടസ്സവുമില്ലെന്ന് സാക്ഷ്യപ്പെടുത്തുന്ന സത്യവാങ്മൂലം (affidavit) അപേക്ഷക/ൻ നല്കണം.
5. വിവാഹം അസാധുവാണെന്ന് തെളിയിക്കാനുള്ള രേഖകൾ നൽകാനുള്ള ബാധ്യത കക്ഷികളിൽ നിക്ഷിപ്തമായിരിക്കും.
6. രണ്ടാമത്തെ വിവാഹം അസാധുവാക്കാനുള്ള അപേക്ഷകൾക്ക് പ്രത്യേക പരിഗണന ഉണ്ടായിരിക്കുന്നതല്ല.

സഭാകോടതിയുടെ പ്രവർത്തനം വിശ്വസ്തതാപൂർവ്വം നിർവ്വഹിക്കാൻ ഏവരുടെയും സഹകരണം പ്രതീക്ഷിക്കുന്നു.

**ഫാ. ജോസ് ജി.**

ജുഡീഷ്യൽ വികാരി

# രാഷ്ട്രീയകാര്യ സമിതിയുടെ ആഭിമുഖ്യ ത്തിൽ നടന്ന സുപ്രധാന യോഗം

തിരുവനന്തപുരം അതിരൂപതാ രാഷ്ട്രീയ കാര്യസമിതിയുടെ ആഭിമുഖ്യത്തിൽ 2020 ജനുവരി 30-ന് രാവിലെ 10 മണിക്ക് വെള്ള യമ്പലം ആനിമേഷൻ സെന്ററിൽ വച്ച് നമ്മുടെ അതിരൂപതയിൽ നിന്നും ത്രിതല പഞ്ചായത്തുകളിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടവ രുടെയും ഈ പ്രദേശത്തെ പ്രതിനിധീകരിക്കുന്ന അസംബ്ളി-പാർലമെന്റ് അംഗങ്ങളുടെയും ഒരു സംയുക്ത യോഗം ചേരുകയു ണ്ടായി. അതിരൂപതാദ്ധ്യക്ഷൻ ആർച്ച് ബിഷപ് എം. സൂസപാക്യം അദ്ധ്യക്ഷത വഹിച്ചു. സഹായമെത്രാൻ, ബിഷപ് ക്രിസ്തുദാസ് ആദ്യവസാനം യോഗത്തിൽ സംബന്ധിച്ചു. അതിരൂപതാ ശുശ്രൂഷാ ഡയറക്ടർമാർ, രാഷ്ട്രീയകാര്യസമിതി അംഗങ്ങൾക്കൊപ്പം യോഗ ത്തിൽ സംബന്ധിച്ചു.

ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, കോർപ്പറേഷൻ എന്നീ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നായി നമ്മുടെ അതിരൂ പതാംഗങ്ങളായി തെരഞ്ഞെടുക്കപ്പെട്ട 32 പേർ യോഗത്തിൽ സംബ ന്ധിച്ച് തങ്ങൾ പ്രതിനിധാനം ചെയ്യുന്ന വാർഡ്, ബ്ലോക്ക് കോർപ്പ റേഷൻ വാർഡ് എന്നിവയിലെ വിവിധ ആവശ്യങ്ങളും നടപ്പിലാ ക്കിയ പദ്ധതികളും വിശദീകരിച്ചു. പാർലമെന്റ് അംഗങ്ങളായ ശ്രീ. ശശി തരൂർ, ശ്രീ. അടൂർ പ്രകാശ് എന്നിവരും നിയമസഭാ സാമാജി കന്മാരായ മന്ത്രി. ശ്രീ. കടകംപള്ളി സുരേന്ദ്രൻ, ഡപ്യൂട്ടി സ്പീക്കർ ശ്രീ. വി. ശശി., ശ്രീ. വി. എസ്. ശിവകുമാർ എന്നിവരും വിവിധ സന്ദർഭങ്ങളിലെത്തി തങ്ങൾ പ്രതിനിധാനം ചെയ്യുന്ന മണ്ഡല ങ്ങളിൽ തങ്ങൾ എന്തൊക്കെ ചെയ്തുവെന്നും ചെയ്യാൻ ഉദ്ദേശി

ക്കുന്ന കാര്യങ്ങൾ എന്തൊക്കെയാണെന്നും വിശദീകരിച്ചു. എം.പി., എം.എൽ എ. ഫണ്ടുകളിൽ നിന്നും വേണ്ടത്ര സഹായം ലഭിക്കാത്തതു കൊണ്ട് തീരദേശ മേഖലയിൽ പ്രത്യേകിച്ച് പല ക്ഷേമ പ്രവർത്തനങ്ങളും പൂർത്തീകരിക്കാൻ സാധിക്കുന്നില്ല എന്ന പരിഭവം പഞ്ചായത്ത്-ബ്ലോക്ക് - കോർപ്പറേഷൻ പ്രതിനിധികൾ, എം.പി., എം.എൽ.എ. എന്നിവരുമായി പങ്കുവച്ചു.

അതിരൂപതയിൽ ആദ്യമായി ഇത്തരത്തിലൊരു കൂടിവരവും തുറന്ന ചർച്ചയും സംഘടിപ്പിച്ചത് ഉചിതമായെന്നും തുടർന്നും ഇത്തരം കൂട്ടായ ചർച്ചകൾ സംഘടിപ്പിക്കണമെന്നും ആർച്ച് ബിഷപ് അഭിപ്രായപ്പെട്ടു. രാഷ്ട്രീയകാര്യസമിതി ചെയർമാൻ മോൺസിഞ്ഞോർ സി. ജോസഫ് ചർച്ചയ്ക്ക് നേതൃത്വം നൽകി. കൺവീനർ ഡോ. സിന്ധ്യാ വിൽഫ്രഡ്, രാഷ്ട്രീയകാര്യസമിതി അംഗങ്ങൾ ശ്രീ. ആന്റണി ആൽബർട്ട്, ശ്രീ. പാട്രിക്ക്, ശ്രീ. അഗസ്റ്റിൽ കണിപിള്ളി എന്നിവർ ചർച്ചകൾ ഏകോപിപ്പിച്ചു.

**ഡോ. സിന്ധ്യാ വിൽഫ്രഡ്**
കൺവീനർ

## Metropolitan Tribunal News of Latin Archdiocese of Trivandrum February - 2020

| | | |
|---|---|---|
| Number of Cases at the beginning of 2020 February | - | 233 |
| Received Cases in the Month of February | - | 006 |
| Total | = | 239 |

| | | |
|---|---|---|
| Decreed Cases | - | 06 |
| Closed due to Non Co-op | - | 02 |
| | | ========= |
| | | 08 |

Balance Cases = 239- 08= 231

## ***Decreed Cases : 06***

1. Case No: MTLAT/14/2018 & 22/2019 between Seji and Justin.
2. Case No: MTLAT/75/2017 between Freddy and John Mary.
3. Case No: MTLAT/96/2016 between Latha and Vijaya Raj.
4. Case No: MTLAT/72/2017 between Mariakutty and Subash.
5. Case No: MTLAT/45/2017 between Maria Varghese and Nivin Gladiston.
6. Case No: MTLAT/84/2017 between Shyma Nelson and Joseph (Sijo ).

**Fr. Jose G.**
Judicial Vicar

**Fr. Paul G.**
Notary

# ബിസിസി

**രൂപതാതലം**

തൂത്തൂർ ഫൊറോനയിൽ നീരോടി ഇടവകയിൽ ഹേഅം മിഷൻ ഫെബ്രുവരി 9–ാം തീയതി ഫൊറോന വികാരി പാ. ആൻഡ്രൂസ് അവർകളുടെ മുഖ്യ കാർമ്മികത്വത്തിൽ ഉദ്ഘാടനം ചെയ്യപ്പെട്ടു. 22 സന്യസ്തരുടെ സേവനം കുടുംബങ്ങൾക്കും ഇടവക സംവിധാനങ്ങൾക്കും പ്രചോദനം ചെയ്യുന്നു.

***തൂത്തൂർ ഫൊറോന***

പൂത്തുറ ഇടവക ഫെബ്രുവരി മാസം 1–ാം തീയതി ഫാ. മൈക്കിൾ തോമസ്സിന്റെ അധ്യക്ഷതയിൽ ജനറൽ ബോഡി യോഗം വിളിച്ചു കൂട്ടി. യോഗത്തിന് ഇടവക വികാരിയും, സഹ വികാരിയും, കോർഡിനേറ്ററും ആനിമേറ്റർ, ഹോം മിഷൻ നടത്തിയ സിസ്റ്റേഴ്സ് എന്നിവരും ഇടവക ജനറൽ ബോഡി അംഗങ്ങളും യോഗത്തിൽ പങ്കെടുത്തു. റവ. ഫാ. മൈക്കിൾ തോമസ് അച്ചൻ ബി.സി.സി. യൂണിറ്റുകളെക്കുറിച്ചും യൂണിറ്റുകളിൽ നടത്തേണ്ട പ്രവർത്തനങ്ങളെക്കുറിച്ചും സംസാരിക്കുകയുണ്ടായി. മൂന്നു മാസത്തിൽ ഒരിക്കലെങ്കിലും ഇടവക വികാരി വാർഡുകൾ വിസിറ്റു ചെയ്യണം എന്ന് പറഞ്ഞു.

രൂപതയുടെ നിർദ്ദേശങ്ങൾ ചോദിച്ചറിഞ്ഞ് മത്സ്യമേഖലയിൽ ജോലി ചെയ്യുന്നവർക്ക് ഗവൺമെന്റിൽ നിന്ന് അവർക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ വാങ്ങിച്ചു കൊടുക്കുവാൻ ശ്രമിക്കുകയും ചെയ്യണം എന്നു പറഞ്ഞു. തമിഴ്നാട് കേട്ടാൽ രൂപതയോട് ബന്ധപ്പെട്ട് തൊഴിൽ മേഖല ഫോം രൂപീകരിക്കുകയും അറിയാത്തവർക്ക് സഹായം വാങ്ങിച്ചു കൊടുക്കുകയും വേണം. യൂത്തിലെ കുട്ടികൾക്ക് സെമിനാറുകൾ നടത്തി അവരെ നേരെയാക്കാനും ജീസസ് യൂണിൻ കൂടുതൽ കുട്ടികളെ ഭാരവാഹികൾ ആക്കാനും ലീഡേഴ്സ് ശ്രമിക്കണം എന്ന് പറഞ്ഞു. അജപാലനത്തില പള്ളിയിൽ പാട്ടു പാടുന്നവർ അന്നത്തെ വായനയോട് ബന്ധപ്പെടുത്തി പാട്ടുകൾ പാടണമെന്നും മതബോധന അധ്യാപകർ വിശ്വാസത്തിൽ ആഴ

പ്പെട്ടവരായിരിക്കണമെന്നും പറഞ്ഞു. ലീഡേഴ്സ് കേറ്റികിസം ക്ലാസിൽ പോകുന്നുണ്ടോ എന്നും യൂണിറ്റുകളിൽ എത്ര കുട്ടികൾ പോകുന്നു എന്നും ലിസ്റ്റ് തയ്യാറാക്കി ഇടവക വികാരിയുടെ കൈയിൽ കൊടുക്കണമെന്നും പറഞ്ഞു. ഹോം മിഷൻ അടിസ്ഥാ നത്തിൽ ഓരോ മിനിസ്ട്രിയും ഓരോ മാസം മീറ്റിംഗ് കൂട്ടണമെന്നും മിനിസ്ട്രിയുടെ ഡയറക്റ്ററായോ ഫൊറോനാ കോർഡിനേറ്റർ അച്ച നെയോ വിളിക്കണമെന്നും ഓരോ മിനിസ്ട്രിയുടെ യോഗം കൂടു ന്തോറും 38 യൂണിറ്റുകളിൽ നിന്ന് 38 പേരെയും വിളിച്ചു കൂട്ടി

**വള്ളവിള:** ഫെബ്രുവരി 18ന് ലീഡേഴ്സ് മീറ്റിംഗ് റവ. ഫാ. ഡാർവിന്റെ നേതൃത്വത്തിൽ ലീഡേഴ്സ് മീറ്റിംഗ് കൂടുകയുണ്ടായി. മരണ ചടങ്ങുകളിൽ ആവശ്യമില്ലാതെ ചെലവുകൾ കുറച്ച് ഒരു ചായ മാത്രം കൊടുക്കണമെന്നും തീരുമാനിച്ചു.

**നീരോടി:** 9-ാം തീയതി മുതൽ ഹോം മിഷൻ നടക്കുന്നു. അതിൽ 22 സിസ്റ്റേഴ്സും വൈദികരും ഇടവകയിൽ സ്റ്റേ ചെയ്യുന്നു.

**തൂത്തൂർ:** ഫെബ്രുവരി 17ന് ലീഡേഴ്സ് മീറ്റിങ്ങിൽ എടുത്ത തീരു മാനം അനുസരിച്ച് 4-ാമത്തെ വാർഡു മീറ്റിംഗ് കൂടുകയുണ്ടായി. അതിൽ 13, 14, 15, 16 യൂണിറ്റുകളിലുള്ള ഭക്ത ജനം ഉണ്ടായിരുന്നു. ഇടവക വികാരി ഫാ. ജോൺ ഡോളും ആനിമേറ്റേഴ്സ് സിസ്റ്റർ വീണയും, ഫൊറോനാ ആനിമേറ്ററും ഉണ്ടായിരുന്നു. എല്ലാ യൂണി റ്റുകളിൽ നിന്നും അധികം പേർ പങ്കെടുത്തു. 2 കൊറിന്തിയോസ് 9-ാം അദ്ധ്യായം 6 മുതൽ 5 വരെയുള്ള തിരുവചനങ്ങൾ ജനങ്ങൾ വായിക്കുകയും അച്ചൻ വിചിന്തനം പറയുകയും ചെയ്തു. ഒരു കുട്ടി വചനഭാഗത്തിന് നിന്ന് ദാനധർമ്മം എങ്ങനെ ചെയ്യണമെന്നും ആർക്കു ചെയ്യണമെന്നും പങ്കുവയ്ക്കുകയുണ്ടായി.

### *പുല്ലുവിള ഫൊറോന*

ഫൊറോനാ കമ്മീഷൻ യോഗം ഫെബ്രുവരി 8-ാം തീയതി കൊച്ചുതുറ ഇടവക ദേവാലയത്തിൽ ഫാ. ഷാജുവിന്റെ അദ്ധ്യക്ഷ തയിൽ കൂടി. 11 ഇടവകകളുടെ പ്രതിനിധികളുടെ സാന്നിധ്യം ഉണ്ടാ യിരുന്നു. പ്രാർതഥന, സ്വാഗതം എന്നിവക്കു ശേഷം ഫൊറോനാ തല റിപ്പോർട്ടിനുശേഷം ഇടവതല റിപ്പോർട്ടവതരിപ്പിച്ചു. സ്ഥിര

മായി പങ്കെടുക്കാത്ത 2 കോർഡിനേറ്റർമാരുടെ വികാരിമാരെ ഇക്കാര്യം അറിയിക്കുവാൻ തീരുമാനിച്ചു. കരിച്ചൽ യൂണിറ്റുകൾ മൂന്നും കൂടുന്നു. പുരുഷ പങ്കാളിത്തം കുറവാണ്. ഇത് മെച്ചപ്പെടുത്തുവാൻ ഭവന സന്ദർശനം നടത്താൻ തീരുമാനിച്ചു.

**അടിമലത്തുറ:** അച്ചനും സിസ്റ്റേഴ്സും റിസോർസ് ടീമും കോർഡിനേറ്ററും യൂണിറ്റുകൾ സന്ദർശിക്കുന്നു.

**പുതിയതുറ:** മാസത്തിലൊരിക്കൽ യൂണിറ്റുകൾ കൂടുന്നു. പ്രശ്നങ്ങളുള്ള സിര യൂണിറ്റുകൾ കൂടുന്നില്ല. ആദ്യ ഞായറാഴ്ച ലീഡർമാരുടെ യോഗം കൂടുന്നു. ലഹരി വിരുദ്ധ അവലോകന സെമിനാർ നടത്താൻ തീരുമാനിച്ചു.

**പള്ളം:** ജനറൽ ബോഡി കൂടി. യൂണിറ്റുകളെയും കൂടുന്നു. പരീക്ഷ ഒരു ക്ലാസ്സിൽ നടത്തി. ഒരു യൂണിറ്റ് അവരുടെ മദ്ധ്യസ്ഥ തിരുനാൾ ആഘോഷിച്ചു. ശുശ്രൂഷ പ്രതിനിധികളുടെ യോഗം കൂടി.

**പൂവ്വാർ:** ലീഡർമാരുടെ യോഗം കൂടി. ഭവന സന്ദർശനം നടത്തുന്നു. ചില യൂണിറ്റുകൾ പ്രശ്നം കാരണം കൂടുന്നില്ല.

**കരിങ്കുളം:** ഞായറാഴ്ചകളിൽ യൂണിറ്റു കൂടുന്നു ആദ്യ വെള്ളിയാഴ്ച ആരാധന യൂണിറ്റുകാരുടെ നേതൃത്വത്തിൽ നടത്തുന്നു. ക്യാൻസർ രോഗികളെ സഹായിക്കുന്നു.

**കൊച്ചുതുറ:** യൂണിറ്റുകളെല്ലാം കൂടുന്നു. കോർഡിനേറ്ററർ സഹകരിക്കാതെ മാറി നിൽക്കുകയായിരുന്നു. ഇപ്പോൾ വീണ്ടും പ്രവർത്തിക്കാൻ തുടങ്ങി. ഫൊറോനാ യോഗത്തിലും കോർഡിനേറ്റർ പങ്കെടുത്തില്ല.

**കൊല്ലംകോട്:** യൂണിറ്റുകളെല്ലാം കൂടുന്നു. റിസ്സോഴ്സ് ടീം സജീവമാണ്. ഇവർ വായനാ വിചിന്തനത്തിനും സഹായിക്കുന്നു.

**പുല്ലുവിള:** എല്ലാ യൂണിറ്റുകളും സജീവമല്ല. കോർഡിനേറ്റർ യൂണിറ്റുകൾ സന്ദർശിക്കുന്നില്ല. കുട്ടികളും ബി.സി.സി. തുടങ്ങി. പല യൂണിറ്റിലും സജീവമല്ല. പല യൂണിറ്റിലും വചന പാലായനം യോഗം കൂടുന്നത്. പഴയ തീയതിയിലുള്ള യോഗക്രമമാണ് ഉപയോഗിക്കുന്നത്. കുട്ടികളുടെ ബി.സി.സി. തുടങ്ങി.

**നമ്പ്യാതി:** യൂണിറ്റുകൾ ശനിയാഴ്ചകളിൽ കൂടാൻ തീരുമാനിച്ചു. ജനറൽ ബോഡി കൂടി. പ്ലാൻ, ബഡ്ജറ്റിന്റെ കരടുരേഖ തയ്യാറാക്കി.
**ചൊവ്വര:** മൂന്നു യൂണിറ്റുകളും യഥാക്രമം കൂടുന്നു. ഡിസംബർ 3 രാത്രി ദിവ്യബലിക്ക് അപ്രതീക്ഷിതമായി കൊച്ചുപിതാവ് ചെന്നത് ഇടവകജനങ്ങൾക്ക് വലിയ സന്തോഷമായി.

***അഞ്ചുതെങ്ങ് ഫൊറോന***

ഫെബ്രുവരി 9, 10 എന്നീ തീയതികളിൽ ബഹു. ബിജിൻ അച്ചന്റെ നേതൃത്വത്തിൽ ബി.സി.സി. കമ്മീഷൻ മീറ്റിംഗ് കൂടി. ഫെറോനാ ബി.സി.സി. സംഗമം നടത്തുന്നതിനെക്കുറിച്ച് ചർച്ച ചെയ്തു. “വചന വെളിച്ചത്തിലൂടെ പ്രേഷിതാനുഭവത്തിലേക്ക്” എന്ന വിഷയത്തെ ആസ്പദമാക്കിക്കൊണ്ട് ഫെബ്രുവരി 22-ാം തീയതി മാമ്പള്ളി ഹാളിൽ സംഗമം കൂടുകയുണ്ടായി. പത്ത് ഇടവകകളിൽ നിന്നും സിസ്റ്റർ ആനിമേറ്റർ, കോർഡിനേറ്റർ, ലീഡേഴ്സ്, റിസ്സോഴ്സ് ടീം അംഗങ്ങൾ എന്നിവർ പങ്കെടുത്തു.

സമ്മേളനം ആരംഭിക്കുന്നതിനു മുമ്പായി അതിരൂപതാ അജപാലന ഡയറക്ടർ ബഹു. ലോറൻസ് കുലാസ് അച്ചൻ ബൈബിളിനെക്കുറിച്ചുള്ള അടിസ്ഥാന ജ്ഞാനം നൽകികൊണ്ട് ഒരു ക്ലാസ് നയിച്ചു. അതിനുശേഷം വാർഷിക സമ്മേളനം ആരംഭിച്ചു.

സമ്മേളനത്തിൽ ഇടവക ബി.സി.സി. റിപ്പോർട്ട് അവതരണം നടത്തി. ഫൊറോനാ വകാരി ബഹു. ജോസഫ് ബാസ്കരൻ അച്ചൻ അദ്ധ്യക്ഷ സ്ഥാനവും, അതിരൂപതാ ബി.സി.സി. എക്സിക്യൂട്ടീവ് സെക്രട്ടറി ബഹു. റവ. ഡോ മൈക്കൾ തോമസ് അച്ചൻ ഉത്ഘാടന കർമ്മവും നിർവ്വഹിച്ചു.

ഓരോ ഇടവകകളിൽ നിന്നും കലാപരിപാടികൾ സംഘടിപ്പിച്ചു.

**ഇടവകതലം**

എല്ലാ ഇടവകകളിലും ബി.സി.സി. കൂട്ടായ്മ കൃത്യമായി കൂടുന്നു.

**അഞ്ചുതെങ്ങ്:** വാർഡുതലത്തിൽ നവീകരണ ധ്യാനവും, കുട്ടിക

ളുടെ ബി.സി.സി.യും കൂടിവരുന്നു. ജനുവരി 27-ാം തീയതി 8-ാം വാർഡ് അവരുടെ കുട്ടികളുടെ ബി.സി.സി. ഒന്നാം വാർഷികം ആഘോഷിച്ചു. ആനിമേറ്റർ 8-ാം വാർഡിലെ ലീഡേഴ്സിനെ സന്ദർശിച്ച് ബി.സി.സി. കൂട്ടായ്മയിൽ പങ്കെടുക്കുന്നവർ നല്ല രീതിയില വസ്ത്രം ധരിക്കാനും, ബൈബിൾ കൊണ്ടുവരുവാനും നിർദ്ദേശിച്ചു.

**മാമ്പള്ളി:** ബഹു. ജോസഫ് ബാസ്ക്കരൻ അച്ചന്റെ നേതൃത്വത്തിൽ ജനറൽ ബോഡി കൂടി. 3 യൂണിറ്റുകൾ റിപ്പോർട്ട് അവതരിപ്പിച്ചു. ഫൊറോനാ ആനിമേറ്റർ മീറ്റിംഗിൽ പങ്കെടുക്കുകയും, ബി.സി.സി. കൂട്ടായ്മയുടെ കാതലായ ഭാഗം വചനം പങ്കുവയ്ക്കാത്തതുകൊണ്ട് എല്ലാവരും യൂണിറ്റിൽ ബൈബിൾ കൊണ്ടുവരാൻ നിർദ്ദേശിക്കണമെന്ന് ലീഡേഴ്സിനെ ഓർമ്മിപ്പിച്ചു. ആനിമേറ്ററിന്റെയും കോർഡിനേറ്ററിന്റെയും നേതൃത്വത്തിൽ ഒന്നും രണ്ടും വാർഡ് യോഗങ്ങൾ കൂടി.

**വെന്നിക്കോട്:** വചന ഭാഗത്തെ അടിസ്ഥാനമാക്കികൊണ്ട് യൂണിറ്റ് അടിസ്ഥാനത്തിൽ എല്ലാ മാസവും ഒരു ജീവകാരുണ്യപ്രവർത്തികൾ നടത്തുന്നു.

'വചന' വർഷത്തോടനുബന്ധിച്ച് എല്ലാ ഞായറാഴ്ചയും ദിവ്യബലിക്കുശേഷം 10 കുട്ടികൾ സങ്കീർത്തനം മന;പാഠം പഠിച്ച് ഉരുവിടുന്നു. അതുപോലെ എല്ലാ ദിവസവും ദിവ്യബലിക്കു മുൻപായി രാവിലെ 6 മണിക്ക് തിരുക്കുടുംബ യൂണിറ്റിലെ ഒരു വിദ്യാർത്ഥി ജപമാല പ്രാർത്ഥിക്കുന്നതിൽ നേതൃത്വം കൊടുക്കുന്നു.

## *പേട്ട ഫൊറോന*

ബി.സി.സി. ഫെറോന കമ്മീഷൻ മീറ്റിംഗ് ഫെബ്രുവരി 22.02.2020 പോങ്ങുംമൂട് ഫെറോന സെന്ററിൽ വച്ച് കൂടുകയുണ്ടായി. പ്ലാൻ ആന്റ് ബഡ്ജറ്റിനെക്കുറിച്ച് ചർച്ച ചെയ്തു. ബി.സി.സി. യൂണിറ്റിൽ പങ്കെടുക്കാത്തവരുടെ ഭവന സന്ദർശനം നടത്തി. എല്ലാ ഇടവകകളിലും ബി.സി.സി. പ്രാർത്ഥനാ യോഗം നടന്നു. ഇടവകകളിൽ ജനറൽ ബോഡി യോഗം കൂടി.

**ഇടവകതലം**

**ശ്രീകാര്യം:** നാല് യൂണിറ്റിലും കൃത്യമായി പ്രാർത്ഥന യോഗങ്ങൾ നടന്നു. പുതുവർഷത്തിൽ ദിവ്യബലിക്ക് മുൻപ് എല്ലാ ദിവസവും 10 മിനിട്ട് വിശുദ്ധഗ്രന്ഥം വായിക്കാൻ തീരുമാനം എടുക്കുകയും നടപ്പാക്കി തുടങ്ങുകയും ചെയ്തു.

**മുട്ടട:** ബി.സിസ.സി. മീറ്റിംഗ് കൃത്യമായി നടന്നു. ബി.സി.സി.കളിലെയും അടുത്ത വർഷത്തെ (2020-21) പ്ലാൻ ആന്റ് ബഡ്ജറ്റ് തയ്യാറാക്കുമ്പോൾ, പ്രേഷിതവർഷാചരണത്തിന് പ്രാധാന്യം കൊടുത്തു കൊണ്ടുള്ള കാര്യങ്ങൾ ചെയ്യണമെന്നുള്ള നിർദ്ദേശങ്ങൾ ഉണ്ടായി. ബി.സി.സി. ജനറൽ ബോഡി കൂടിയിരുന്നു.

**വികാസ് നഗർ:** പരിശുദ്ധ ലൂർദ്ദ് മാതാവിന്റെ തിരുന്നാൾ ഫെബ്രുവരി 8,9,10 തീയതികളിലായി ആഘോഷിച്ചു. അതിൽ 4 ബി.സി. സി. യൂണിറ്റുകളുടെയും സജീവ പങ്കാളിത്തം ഉണ്ടായിരുന്നു. ബി. സി.സി. യൂണിറ്റുകൾ മാസയോഗം ചേർന്നു.

**കുന്നുപുറം:** 3 ബി.സി.സി. യൂണിറ്റിലും മീറ്റിംഗ് കൃത്യമായി നടന്നു. പ്ലാൻ & ബഡ്ജറ്റിനെക്കുറിച്ച് ചർച്ച ചെയ്തു. ഫെബ്രുവരി 16ന് രോഗികളെ ആദരിച്ചു.

### കോവളം ഫൊറോന

കോവളം ഫൊറോനയുടെ ഓഫീസിൽ വച്ച് ഫെബ്രുവരി 3ന് ബഹുമാനപ്പെട്ട ഫൊറോനാ വികാരി ബെമിൻസൺ അച്ചന്റെ അധ്യക്ഷതയിൽ ഫൊറോനാ കൗൺസിൽ യോഗം നടത്തി. അടുത്ത വർഷത്തെ പ്ലാൻ ബജറ്റ് തയ്യാറാക്കുന്ന രീതി വിശദീകരിച്ചു. വൈദിക കോർഡിനേറ്റേഴ്സ്, ആനിമേറ്റേഴ്സ്, സെക്രട്ടറിമാർ എന്നിവർ പങ്കെടുത്തു. ബി.സി.സി. എക്സിക്യൂട്ടീവ് യോഗം ജനുവരി 26ന് കാക്കാമൂല ഇടവകയിലും ഫെബ്രുവരി 23ന് നെല്ലിയോട് ഇടവകയിലും നടന്നു. പ്രസ്തുത മീറ്റിംഗുകൾ ബൈബിൾ വന്ദനം, വചനം വിചിന്തനം, സ്വയം പ്രേരിത പ്രാർത്ഥനയോടെ ആരംഭിച്ചു. ഫെബ്രുവരി 23ന് നടന്ന യോഗത്തിൽ നെല്ലിയോട് വികാരി ഡെൻസൺ അച്ചൻ സ്വാഗതം ആശംസിക്കുകയും അതിനുശേഷം ഓരോ കോർഡിറ്റേറും ഇടവക റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു.

ഫെബ്രുവരി 9ന് ഫൊറോനാ ടീം അംഗങ്ങൾ പെരിങ്ങമല

ഇടവകയിലെ ജനറൽ ബോഡി സന്ദർശിച്ചതിന്റെ ഹൃദ്യമായ അനുഭവങ്ങൾ പങ്കുവച്ചു. അടുത്ത വർഷത്തെ ഫൊറോനാ പ്രവർത്തനങ്ങൾ തീരുമാനിക്കുന്നതിന്റെ മുന്നോടിയായി രൂപതയുടെ നിർദ്ദേശങ്ങൾ നൽകാനായി അതിരൂപതാ ബി.സി.സി. ഡയറക്ടർ ഫാ. മൈക്കിൾ തോമസ് മീറ്റിംഗിൽ പങ്കെടുത്തു. അച്ചന്റെ നിരീക്ഷണങ്ങൾ, അഭിപ്രായങ്ങൾ, നിർദ്ദേശങ്ങൾ പങ്കുവച്ചു. ഓരോ ബി.സി.സി. യോഗങ്ങളും വചന അനുഭവമായി മാറണമെന്നും പ്രേഷിത ദൗത്യത്തിന് ഊന്നൽ നൽകി പ്രവർത്തനങ്ങൾ രൂപീകരിക്കണമെന്നും ആവശ്യപ്പെട്ടു. റോഷൻ നന്ദി പറഞ്ഞു.

**പൂങ്കുളം:** ഫൊറോനാ ടീം സന്ദർശനത്തിന്ശേഷം ബി.സി.സി. യൂണിറ്റ് യോഗങ്ങൾ 85% അംഗങ്ങൾ പങ്കെടുക്കുകയും ബൈബിൾ കൊണ്ടുവരികയും ചെയ്യുന്നു. മുന്നോരുക്കം നടത്തി 2 അംഗങ്ങൾ വീതം വചന വിചിന്തനം നടത്തുന്നു.

പൂങ്കുളം ഫൊറോനാ ടീം സന്ദർശനത്തിന്ശേഷം ബി.സി.സി. യൂണിറ്റ് യോഗങ്ങളിൽ 85% അംഗങ്ങൾ പങ്കെടുക്കുകയും ബൈബിൾ കൊണ്ടുവരികയും ചെയ്യുന്നു. മുന്നൊരുക്കം നടത്തി 2 അംഗങ്ങൾ വീതം വചന വിചിന്തനം നടത്തുന്നു.

**നെല്ലിയോട്:** ഓരോ യൂണിറ്റിലും 90% ആൾക്കാരും ബൈബിൾകൊണ്ടുവരികയും ബൈബിൾ പഠനത്തിന്റെ ഭാഗമായി വിഷയം ആസ്പദമാക്കി വ്യക്തകളും കുടുംബവും ഏറ്റവും കൂടുതൽ വചനം പഠിച്ച് അവതരിപ്പിക്കുന്നവർക്ക് യൂണിറ്റ് തലത്തിൽ സമ്മാനങ്ങൾ നൽകുന്നു. ബോട്ടണിയിൽ ഡോക്റ്ററേറ്റ് നേടിയ ഷർമിള ജോസ് പ്രകാശിനെ യൂണിറ്റിലും ഇടവകയിലും ആദരിച്ചു.

**പെരിങ്ങമല:** സെന്റ് സേവ്യേഴ്സ് യൂണിറ്റ് അംഗങ്ങൾ വട്ടപ്പാറയിലുള്ള അഗതിമന്ദിരം സന്ദർശിച്ച് ഭക്ഷണം നൽകുകയും ബി. സി.സി.യോഗം അവിടെ വച്ച് നടത്തുകയും ചെയ്തു. സെന്റ് തോമസ് യൂണിറ്റ് നിർധനനായ ഒരു രോഗിക്ക് ധനസഹായം നൽകി. ഫെബ്രുവരി 9ന് ഫൊറോനാ ടീം ഇടവക ജനറൽബോഡി സന്ദർശിക്കുകയും അതിന്റ ഫലമായി ബി.സി.സി. യോഗങ്ങൾക്ക്

കോർഡിനേറ്ററിന്റെ നേതൃത്വത്തിൽ മുന്നൊരുക്കം നടത്താനും റിസോഴ്സ് ടീം അംഗങ്ങൾ ഭവന സന്ദർശനം നടത്തി കൂടുതലായി കുടുംബങ്ങളുടെ പങ്കാളിത്തം ഉറപ്പ് വരുത്താനും ഇടവക ജനറൽ ബോഡി തീരുമാനിച്ചു.

***പാളയം ഫൊറോന***

ബി.സി.സി. ഫെറോന സംഗമം എല്ലാ യൂണിറ്റ് ഭാരവാഹികളേയും ഉൾപ്പെടുത്തി വേണ്ട മുന്നൊരുക്കത്തോടെ ഒന്നാം തീയതി നടത്തി. പാളയം കത്തീഡ്രൽ ആഡിറ്റോറിയത്തിൽ വച്ച് ഫെറോന വികാരി, ബി.സി.സി. അസിസ്റ്റന്റ് ഡയറക്ടർ, അജപാലന ഡയറക്ടർ എന്നീ വൈദീക ശ്രേഷ്ടരുടെ പൂർണ്ണപങ്കാളിത്തത്തോടെ നടന്നു. ഇടവകകളുടെ പ്രവർത്തന വിലയിരുത്തൽ കലാപരിപാടികൾ, അപ്പസ്തോല പ്രവർത്തനങ്ങൾ ആധാരമാക്കി ബി.സി.സി. പഠനക്ലാസ്സ് സംശയനിവാരണം എന്നിവ ഉൾപ്പെടുത്തി. 200 പേർ മുഴുവൻ സമയവും പങ്കെടുത്തു വിജയിപ്പിച്ചു. നല്ല അനുഭവമായി കോർഡിനേറ്റർമാർ പങ്കുവച്ചു.

ഫെറോന കോർടീം കൂടി മുൻമാസപ്രവർത്തനങ്ങൾ വിലയിരുത്തി. മുൻവർഷ പ്ലാനും ബഡ്ജറ്റും വിലയിരുത്തൽ നടത്തി. പ്രേഷിത വർഷം 2020 വചനവെളിച്ചത്തിലൂടെ പ്രേഷിതാനുഭവത്തിലേയ്ക്ക് എന്ന മുദ്രാവാക്യം പ്രാവർത്തികമാക്കാനുള്ള കർമ്മപരിപാടികൾ പ്ലാൻ ചെയ്തു. യൂണിറ്റ് തലം മുതൽ വചനകേന്ദ്രീകൃത ബി.സി.സി.യുടെ പോരായ്മകൾ പരിഹരിച്ചു മുന്നേറാൻ തീരുമാനിച്ചു.പങ്കാളിത്തം, വിഭവശേഖരണം, കീഴ്ഘടക ശാക്തീകരണം ദൈവമഹത്വത്തിനായി എല്ലാം സമർപ്പിച്ചു ആത്മരക്ഷനേടുവാനുള്ള ശ്രമമാണ് പ്രോത്സാഹിപ്പിക്കുന്നത്. അതി.രൂപത, ഫെറോന, നേതൃത്വത്തോട് ചേർന്നുള്ള പ്രവർത്തനം ആയിരിക്കും.

**റവ. ഫാ. മൈക്കിൾ തോമസ്**

അതിരൂപത ഡയറക്ടർ

# അജപാലനശുശ്രൂഷ

**ഫെറോനതലം**

ജനുവരി മാസത്തെ അജപാലന ശുശ്രൂഷസമിതി യോഗം പുല്ലുവിള ഫെറോനയിൽ നടന്നു. അജപാലനശുശ്രൂഷാ എക്സിക്യൂട്ടീവ് യോഗം തൂത്തൂർ ഫെറോനയിൽ നടന്നു.

സഭാ ഐക്യ ക്രിസ്തുമസ് സമ്മേളനം ഡിസംബർ 22ന് പുല്ലുവിള ഫെറോന അജപാലനസമിതിയുടെ ആഭിമുഖ്യത്തിൽ ക്രിസ്തുമസ് ഐക്യസഭാസംഗമം കരിങ്കുളം ഇടവകയിൽ വച്ച് സംഘടിപ്പിച്ചു. പ്രസ്തുത സംഗമത്തിൽ ക്രിസ്തുമസിനോട് അനുബന്ധിച്ച് സംഘഗാനമത്സരം സംഘടിപ്പിച്ചു. തുടർന്ന് പൊതുസമ്മേളനത്തിൽ അതിരൂപതാ വികാരി ജനറൽ മോൺ. റവ. ഡോ. സി. ജോസഫ് ഉദ്ഘാടനം നിർവ്വഹിച്ചുകൊണ്ട് ക്രിസ്തുമസ് സന്ദേശം നൽകി. ഇതിനോടൊപ്പം ഫെറോനാവികാരി റവ. ഫാ. ജോർജ് ഗോമസ് കോർഡിനേറ്റർ അഗസ്റ്റിൻ ജോൺ ആശംസകൾ അർപ്പിച്ചു. സമ്മാനാർഹരായ 36 പേർക്ക് ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കിയവർക്ക് വികാരി ജനറൽ സമ്മാനങ്ങൾ നൽകി.

**മതബോധനസമിതിയോഗം**

പുല്ലുവിള, കോവളം, വലിയതുറ, തൂത്തൂർ, അഞ്ചുതെങ്ങ്, പുതുക്കുറിച്ചി, പേട്ട എന്നീ ഫെറോനകളിൽ മതബോധന സമിതി യോഗം നടന്നു.

**ഇടവകതലം**

തൂത്തൂർ ഫെറോനയിൽ എല്ലാ ഇടവകയിലും മതബോധനസമിതി യോഗം നടന്നു.

ഫെറോന നിരീക്ഷണസമിതിയുടെ നേതൃത്വത്തിൽ അഞ്ചുതെങ്ങ് ഫെറോനയിൽ എല്ലാ ഇടവകയിലും തൂത്തൂർ ഫെറോനയിൽ ഇരവിപുത്തൻതുറ, വള്ളവിള എന്നീ ഇടവകയിലും വലിയതുറ ഫെറോനയിൽ കൊച്ചുതോപ്പ് ഇടവകയിലും കോവളം ഫെറോനയിൽ എല്ലാ ഇടവകയിലും സന്ദർശനം നടത്തി.

ഡിസംബർ 22ന് മതബോധന അദ്ധ്യാപകർ ക്രിസ്തുമസ്

പുതുവത്സര ആഘോഷപരിപാടികൾ പൂന്തുറ സെന്റ് തോമസ് സ്കൂളിൽ വച്ച് സംഘടിപ്പിച്ചു. പൂന്തുറ ഇടവകയിലെ കുട്ടികൾക്കായി 22, 23, തീയതികളിൽ മുട്ടട വച്ച് എസ്.എസ്.എൽ.സി., +2 കുട്ടികൾക്കായി ധ്യാനം സംഘടിപ്പിച്ചു. 50 കുട്ടികൾ പങ്കെടുത്തു.

അഞ്ചുതെങ്ങ് ഫൊറോനയിൽ ഫെബ്രുവരി മാസം 9-ാം തീയതി മതബോധന സമിതിയുടെ ജനറൽബോഡി യോഗം നടന്നു. രൂപതാ അജപാലന ശുശ്രൂഷാ ഡയറക്ടർ പങ്കെടുത്തു. 35 പേർ പങ്കെടുത്തു.

തൂത്തൂർ ഫൊറോനയിൽ ഫെബ്രുവരി 16-ാം തീയതിയും കോവളം ഫൊറോനയിൽ ജനുവരി 26-ാം തീയതിയും വലിയതുറ ഫൊറോനയിൽ 15-ാം തീയതിയും അജപാലനസമിതി യോഗം സംഘടിപ്പിച്ചു.

ഫൊറോനാ മതബോധനസമിതിയോഗം

കോവളം, വലിയതുറ, പുല്ലുവിള, അഞ്ചുതെങ്ങ്, തൂത്തൂർ എന്നീ ഫൊറോനകളിൽ ഫൊറോനാമതബോധനസമിതിയോഗം സംഘടിപ്പിച്ചു. പ്രധാനമായും വെക്കേഷൻ ബൈബിൾ പഠനം, അദ്ധ്യാപക പരിശീലനം എന്നിവ സംഘടിപ്പിക്കുന്നതിനുള്ള ചർച്ചകൾ നടത്തി. മതബോധന 4 വിദ്യാഭ്യാസസമിതി സംയുക്തമായി ചൊവ്വര, പരുത്തിയൂർ, പുല്ലുവിള എന്നീ ഇടവകകളിൽ എസ്.എസ്.എൽ.സി, പ്ലസ് ടൂ കൂട്ടികൾക്കായി പരീക്ഷാഭയം കൂടാതെ എഴുതാനുള്ള ബോധൽക്കരണക്ലാസ്സ് സംഘടിപ്പിച്ചു. ശ്രീ രാജു, ശ്രീ ജോയി ജോൺ, ശ്രീ ഷമ്മി ലോറൻസ് എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി.

കോവളം ഫൊറോനയിൽ എല്ലാ ഇടവകകളിലും മതബോധനവിദ്യാർത്ഥികൾക്കായി 02-02-2020 ന് പ്രഭാഷകന്റെ പുസ്തകത്തെ കുറിച്ച് ക്വിസ് മത്സരം സംഘടിപ്പിച്ചു.

**റവ. ഫാ. ലോറൻസ് കുലാസ്**
അതിരൂപതാ ഡയറക്ടർ

# കുടുംബപ്രേഷിത ശുശ്രൂഷ

4–ാം തീയതി ഫൊറോനാതലത്തിൽ റവ. ഫാ. ജൂലിയസിന്റെ അധ്യക്ഷതയിൽ എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടുകയുണ്ടായി. 16–ാം തീയതി മൂകർക്കും ബധിരർക്കും ഉള്ള ദിവ്യബലി അതിരൂപതാ അഭിവന്ദ്യപിതാവ് സൂസപാക്യം എല്ലാ ഇടവകകളിൽ നിന്നും എല്ലാവരും പങ്കെടുത്തു. 13–ാം തീയതി നീരോഡിയിൽ ആംഗ്യഭാഷ അറിയാമെന്നുള്ളവരെ നീരോഡി ഇടവകയിൽ കൊണ്ട് ചെന്ന് സിസ്റ്റർ ജയ അവർക്ക് പ്രാക്റ്റീസ് കൊടുക്കുകയും ചെയ്തു.

16–ാം തീയതി ഉച്ചയ്ക്ക് 2 മണിക്ക് എല്ലാ ഇടവകകളിൽ നിന്ന് 60 മൂകരും ബധിരരും അവരുടെ കൂടെ ഉള്ളവരും കൺവീനർമാരും സിസ്റ്റർ ആനിമേറ്റേഴ്സും കമ്മ്യൂണിറ്റി ഹാളിൽ എത്തിച്ചേരുകയുണ്ടായി. രൂപതയിൽ നിന്നും രൂപതാ ഡയറക്ടർ റവ. ഫാ. എ. ആർ. ജോൺ അസിസ്റ്റന്റ് ഡയറക്ടർ റവ.ഫാ.കാർവിൻ റവ. ഫാ. ബിജു എന്നിവർ എത്തിചേരുകയും ഫൊറോനാ കോർഡിനേറ്റർ റവ. ഫാ. ജൂലിയസ് അവരെ സ്വീകരിച്ചു. വൈകുന്നേരം 5.30 അതിരൂപത അഭിവന്ദ്യ സൂസപാക്യം പിതാവ് എത്തിചേരുകയും ചിന്നത്തുറ പള്ളിയിൽ പൊന്തിഫിക്കേഷൻ മാസ് നടത്തുകയുണ്ടായി.

**പൂത്തുറ:** 15–ാം തീയതി രോഗിദിനം ആചരിക്കുകയും എല്ലാ രോഗികളേയും പള്ളിയിൽ കൊണ്ട് വന്ന് ദിവ്യബലി അർപ്പിക്കുകയുണ്ടായി. ദിവ്യബലിക്കുശേഷം രോഗികൾക്ക് ഓരോ ബഡ്ഷീറ്റ് വിതരണം ചെയ്തു.

**തൂത്തൂർ:** 16–ാം തീയതി രോഗീദിനം ആചരിക്കുകയും കിടക്ക രോഗികൾ മുതൽ എല്ലാ രോഗികളേയും എടുത്തുകൊണ്ട് വന്നു പള്ളിയിൽ റവ. ഫാ. ജോൺ ഡാൾ, ... എന്നിവരുടെ കാർമ്മികതത്തിൽ ബലി അർപ്പിച്ചു. 2 അച്ചൻമാരും രോഗികളുടെ തലയിൽ കൈവയ്പു പ്രാർത്ഥനയും രോഗീലേപനവും കൊടുക്കുകയുണ്ടായി. അതിനുശേഷം ദിവ്യകാരുണ്യ ആരാധനയും നടത്തി.

**മാർത്താണ്ഡംതുറ:** ഈ മാസം 13–ാം തീയതി 9–ാമത്തെ വാർഡിലെ പകൽവീട് പ്രോഗ്രാം നടത്തുകയുണ്ടായി. അതിൽ ഫൊറോന കോർഡിനേറ്റർ റവ. ഫാ. ജൂലിയസ് ഇടവക വികാരി

റവ. ഫാ. അസീസി ജോൺ ...ആനിമേറ്റർ  റോസ് .. ഫൊറോനാ ആനിമേറ്റർ ഹെലൻ സേവ്യർ ഇടവക കൺവീനിയർ ഷാലിനി ഇടവക വാർഡ് ലീഡേഴ്സ് എന്നിവർ പങ്കെടുത്തു. വൃദ്ധരും അവരുടെ മക്കളും കുഞ്ഞുമക്കളും അങ്ങനെ 300 ലധികം പേർ പ്രോഗ്രാമിൽ പങ്കെടുത്തു.

***പേട്ട ഫൊറോന***

പേട്ട ഫൊറോനയുടെ എക്സിക്യൂട്ടീവ് മീറ്റിംഗ് ഫെബ്രുവരി 22ന് കൂടുകയുണ്ടായി. വിവാഹിതരായി ഒരു വർഷം മുതൽ 50 വർഷം വരെയുള്ളവരുടെ ഒരു സംഗമം മാർച്ച് ഒന്നിന് നടത്തുവാൻ തീരുമാനിച്ചു. കുശവർക്കൽ രോഗികളുടെ ഭവന സന്ദർശനം നടത്തി.

ഇടവകതലം

പേട്ട ഇടവകയിൽ  കുടുംബപ്രേഷിത സമിതിയുടെ ജനറൽ ബോഡി യോഗം കൂടി. പ്ലാൻ & ബഡ്ജറ്റ് ചർച്ച ചെയ്യുകയും അന്തിമ രൂപം കൊടുക്കുകയും ചെയ്തു.

പോങ്ങുംമൂട് കൺവീനർ രോഗീ സന്ദർശനം നടത്തി.

മുട്ടട ഏകസ്ഥരുടെ  കൂട്ടായ്മ നടന്നു. കുടുംബ ദിനം ആഘോഷിച്ചു. ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവരുടെ ഭവന സന്ദർശനം നടത്തി ഇടവകയിൽ രോഗീദിനം ആചരിച്ചു.

***അഞ്ചുതെങ്ങ് ഫൊറോന***

ഫെബ്രുവരി 8-ാം തീയതി എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. ഫെബ്രുവരി 15-ാം തീയതി താഴംപള്ളി ഇടവകയിൽ വിധവ സംഗമം നടന്നു. ബഹു. ജെറോം നെറ്റൊ അച്ചന്റെ നേതൃത്വത്തിൽ ഒരു ക്ലാസ് സംഘടിപ്പിക്കുകയും ചെയ്തു. സിസ്റ്റർ ആനിമേറ്റർ ബഹു. സി. ജിഷ, ഫൊറോനാ ആനിമേറ്റർ സി. ജനറ്റ് കോർഡിനേറ്റർ സി. സൂസി മറ്റെല്ലാ കൺവീനർമാരും സന്നിഹിതരായിരുന്നു. വിധവ ഫോറം രൂപീകരിച്ചു. മൂന്നു മാസത്തിൽ ഒരിക്കൽ വീണ്ടും കൂടുവാൻ തീരുമാനിച്ചു.

ഫെബ്രുവരി 16-ാം തീയതി അഞ്ചുതെങ്ങ് ഇടവകയിൽ കുടുംബ ശുശ്രൂഷയുടെ നേതൃത്വത്തിൽ രോഗീദിനം ആചരിച്ചു. കോർഡിനേറ്റർ ശ്രീമതി സെൽവിയുടെ നേതൃത്വത്തിൽ ഓരോ യൂണിറ്റിൽ നിന്നും രോഗികളെ കൊണ്ടുവരുവാനുള്ള ക്രമീകരണ

ങ്ങൾ നടത്തി. 67 രോഗികൾ ഞായറാഴ്ച രാവിലെ 7 മണിക്കുള്ള കുർബാനയിൽ പങ്കെടുത്ത് പ്രാർത്ഥിച്ചു. കുർബാനയ്ക്കുശേഷം എടവക വികാരി ബഹു. പ്രദീപ് അച്ചൻ രോഗികൾക്ക് ജപമാല നൽകുകയും ചെയ്തു. ഫോറോന ആനിമേറ്റർ മറ്റെല്ലാ കൺവീനർമാരും സന്നിഹിതരായിരുന്നു.

### *പാളയം ഫൊറോന*

### ഫൊറോനാ പ്രവർത്തന റിപ്പോർട്ട്

'ക്രിസ്തു കേന്ദ്രീകൃത കുടുംബങ്ങൾ ദൈവരാജ്യത്തിന്റെ അടിസ്ഥാന ഘടകം' എന്ന ദർശനം ഉൾക്കൊണ്ടു പ്രവർത്തിക്കുവാൻ യൂണിറ്റുതലം മുതൽ ഫൊറോനതലം വരെ പ്രവർത്തിക്കുവാൻ ഫൊറോനാ സമിതി കൂടി തീരുമാനിച്ചു. അതിനായി സകുടുംബം ബി.സിസി.യിലേക്ക് മാദ്ധ്യമ വിമുക്ത മണിക്കൂർ യൂണിറ്റുകളിൽ 10 മിനിട്ട് കുടുംബ വേദി, ഹീലിംഗ് ഫാൻസ് കാരുണ്യത്തിന്റെ അജപാലനം എന്നിവ ഇടകതലത്തിൽ പ്രോത്സാഹനം നൽകുവാനും കുടുംബശുശ്രൂഷാ ദിനാചരണങ്ങൾക്ക് അർത്ഥപൂർണമായ ആഘോഷം നടത്താനുള്ള പ്രേരണ നൽകൽ റിസ്സോഴ്സ് ടീം കുടുംബ ശാക്തീകരണത്തിനായി രൂപീകരിച്ചു പ്രവർത്തിക്കുക, ഫൊറോന സംഗമം, ഭിന്നശേഷിക്കാരെ ശ്രദ്ധിക്കുക അതിനുള്ള സർവ്വേ നടത്തി വേണ്ടതു ചെയ്യുവാനും പങ്കാളിത്തത്തോടെ പദ്ധതി തയ്യാറാക്കി അംഗീകാരത്തിനായി സമർപ്പിക്കുവിൻ ഒരു മൂന്നംഗ സമിതിയെ ചുമതലപ്പെടുത്തി ഇടവകകളിൽ സമിതികൂടി പ്ലാനും ബജറ്റും തയ്യാറാക്കികൊണ്ടിരിക്കുന്നു.

### *കോവളം ഫൊറോന*

ഫൊറോനയിലെ കൺവീനേഴ്സ് എക്സിക്യൂട്ടീവ് യോഗം ഫെബ്രുവരി 16ന് ആഴാകുളം ഓഫീസിൽ വച്ച് നടന്നു. അടുത്ത വർഷത്തെ പ്ലാൻ ബജറ്റിനെക്കുറിച്ച് ചർച്ച ചെയ്തു തീരുമാനങ്ങളെടുത്തു. കഴിഞ്ഞവർഷത്തെ പ്രവർത്തനങ്ങളുടെ വിലയിരുത്തൽ നടത്തുകയും തീരുമാനിച്ച എല്ലാ കാര്യങ്ങളും നടപ്പിലാക്കാൻ സാധിച്ചതിൽ സന്തോഷമുണ്ടെന്നും യോഗം വിലയിരുത്തി. നമ്മോടൊപ്പം നമ്മുടെ ചുറ്റുപാടുകളിൽ വസിക്കുന്നവരെ സന്ദർശിച്ച് അർഹതയുള്ളവരെ സഹായിക്കണമെന്നും ദൂരെയുള്ള അനാഥാലയങ്ങൾ

പോലുള്ള സ്ഥാപനങ്ങളെ പിന്നീട് സഹായിച്ചാൽ മതിയെന്നും കോർഡിനേറ്റർ അച്ചൻ ഓർമ്മിപ്പിച്ചു. 10 ഇടവകകളിൽ കുടുംബ ശുശ്രൂഷ സമിതിയുടെ നേതൃത്വത്തിൽ ദിവ്യബലി നടത്തുകയും രോഗികളെ പ്രത്യേകമാം രീതിയിൽ ആദരിക്കുകയും സമ്മാനങ്ങൾ നൽകുകയും ചെയ്തു. ശാരീരിക, മാനസിക വെല്ലുവിളി നേരിടുന്നവരുടെ ലിസ്റ്റ് രൂപതയ്ക്ക് നൽകി. ഏകസ്ഥർക്കും ഓഖിയിൽ നിന്ന് രക്ഷപ്പെട്ടവർക്കും ധനസഹായം നൽകി. സാന്ത്വന മംഗല്യം, കരുണാമയൻ പദ്ധതിയിലേക്ക് അപേക്ഷിച്ചവരുടെ റിപ്പോർട്ട് നൽകി.

## *പുല്ലുവിള ഫൊറോന*

**അടിമലത്തുറ**

* മാസാദ്യ വെള്ളിയാഴ്ച കിടപ്പുരോഗികൾക്ക് വീടുകളിൽ കുർബാന എത്തിച്ചുകൊടുക്കാൻ സഹായിക്കുന്നു.
* ഫൊറോന സിസ്റ്റർ ആനിമേറ്ററും കൺവീനറും രോഗികളുടെയും ഓഖിയിൽ നിന്ന് തിരിച്ചുവന്നവരുടെയും വീടുകൾ സന്ദർശിച്ചു.
* പ്ലാസ്റ്റിക് ഫ്രീ ഏര്യ ആക്കുവാൻ കടപ്പുറവും വീടും പരിസരവും വൃത്തിയാക്കി.
* കൗൺസിലിംഗ് ആവശ്യമായ കുടുംബങ്ങൾക്ക് സിസ്റ്റർ ആനിമേറ്റർ കൗൺസിലിംഗ് നടത്തിവരുന്നു.

**പള്ളം**

* എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടുവാൻ സാധിച്ചു.
* കുട്ടികളുടെ കുർബാനയ്ക്ക് മുമ്പ് ബൈബിൾ പാരായണം വായിക്കുന്നതിന് പ്രോത്സാഹിപ്പിക്കുന്നു.
* രോഗീസന്ദർശനം നടത്തി. വീടുകൾ വൃത്തിയാക്കി പ്രാർത്ഥിച്ചും സംസാരിച്ചും സമയം ചിലവഴിച്ചു.
* രോഗികൾക്കായുള്ള ദിവ്യബലി 16-ാം തീയതി നടത്തി.

**പുതിയതുറ**

* ഒളിച്ചോടി പോയവരെ കണ്ടെത്തി വീടുകൾ സന്ദർശിച്ച് പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തി.
* ഗവൺമെന്റ് ആശുപത്രിയിൽ രോഗീസന്ദർശനം നടത്തി. പൊതി

ച്ചോറ് വിതരണം ചെയ്തു.

**കൊച്ചുതുറ**

* മതബോധന ക്ലാസ്സുകളിൽ മുടങ്ങാതെ കുട്ടികളെ അയക്കുവാൻ മാതാപിതാക്കളെ പ്രോത്സാഹിപ്പിക്കുന്നു.

* ബി.സി.സി.യൂണിറ്റുകളിൽ 10 മിനിട്ട് കുടുംബശുശ്രൂഷക്കുവേണ്ടി ചിലവഴിക്കണമെന്ന് അറിയിച്ചു.

* ബി.സി.സി. യൂണിറ്റുകൾ സന്ദർശിച്ച് അവർക്ക് വേണ്ടുന്ന ബൈബിൾ വായനയും വിചിന്തനവും നടന്നു വരുന്നു.

**കരുംകുളം**

* മതബോധനത്തിനും കുർബാനയ്ക്കും വരാത്ത കുട്ടികളുടെ മാതാപിതാക്കളെ സന്ദർശിക്കുകയും അതിന്റെ പ്രാധാന്യത്തെ പറ്റി മനസിലാക്കി കൊടുക്കുകയും ചെയ്തു.

* 3-ാം ക്ലാസ് മുതൽ 8-ാം ക്ലാസ് വരെയുള്ള കുട്ടികൾക്ക് വിശ്വാസം, പ്രാർത്ഥന എന്ന വിഷയത്തെകുറിച്ച് ക്ലാസ് കൊടുത്തു.

* ക്യാൻസർ രോഗികളെ സന്ദർശിച്ച് ദാരിദ്ര്യം അനുഭവിക്കുന്ന കുടുംബങ്ങൾക്ക് ഒരു വർഷത്തേക്ക് ഭക്ഷണ സാധനങ്ങൾ സ്പോൺസേഴ്സിനെ കണ്ടെത്തി നൽകാനും തീരുമാനിച്ചു. ജനുവരി മാസത്തെ 24-ാം തീയതി വിതരണം ചെയ്തു.

**കൊച്ചുപള്ളി**

* ബൈബിൾ ഇല്ലാത്ത 2 കുടുംബങ്ങൾക്ക് ബൈബിൾ എത്തിച്ചു കൊടുത്തു.

* അസുഖമായി കിടപ്പിലായിരുന്ന ഒരു വ്യക്തിക്ക് രോഗീലേപനം നൽകുകയും 2 ദിവസത്തിനുശേഷം മരിച്ചപ്പോൾ അടക്കിനു വേണ്ട എല്ലാ സഹായവും ചെയ്തുകൊടുത്തു.

* കൗൺസിലിംഗ് ആവശ്യമുള്ളവർക്ക് നൽകി വരുന്നു.

* ബി.സി.സി. യൂണിറ്റിൽ പങ്കെടുത്ത് പ്രാർത്ഥനയ്ക്ക് നേതൃത്വം നൽകുന്നു.

* പഠനത്തിൽ പിന്നോക്കമുള്ള കുട്ടികളെ കണ്ടെത്തി ട്യൂഷൻ നൽകി വരുന്നു.

**നമ്പ്യാതി**

* എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. ബി.സി.സി.യിൽ വരാത്ത കുടും

ബങ്ങളെ കണ്ടെത്തി മുടങ്ങാതെ പങ്കെടുക്കാൻ പ്രോത്സാഹിപ്പിച്ചു.

**പൂവ്വാർ**

* മാസാദ്യ വ്യാഴാഴ്ച 5 രോഗികളെ കുമ്പസരിപ്പിക്കാൻ ഓട്ടോയിൽ പള്ളിയില കൊണ്ടുവരികയും ആദ്യവെള്ളിയാഴ്ച കുർബാന സ്വീകരണം ലഭിക്കുന്നു എന്ന് ഉറപ്പുവരുത്തുകയും ചെയ്തു.

* ഫെബ്രുവരി 6-ാം തീയതി ഗർഭിണികൾക്ക് ഏലീശാ ധ്യാനം നടത്തി.

* രോഗീദിനം ആഘോഷിച്ചു. രോഗികൾക്ക് കുമ്പസാരം, കുർബാന, സ്നേഹവിരുന്ന് നൽകി.

**പരുത്തിയൂർ**

മദ്യപിച്ച് പ്രശ്നം ഉണ്ടാക്കുകയും പിരിഞ്ഞ് നിൽക്കുന്ന കുടുംബ പ്രശ്നമുണ്ടാക്കുന്നവരെ കണ്ടെത്തി തക്കതായ നിർദ്ദേശവും കൗൺസിലിംഗും നടത്തി വരുന്നു.

* എം.എൽ.എ. ആൻസലനെ സന്ദർശിച്ച് കിടപ്പുരോഗികൾക്ക് വേണ്ടി 5000 രൂപ സംഭാവന ലഭിക്കുകയും രോഗികൾക്ക് ഭക്ഷണ സാധനങ്ങൾ വാങ്ങിച്ച് നൽകുകയും ചെയ്തു.

* 16-ാം തീയതി രോഗികൾക്ക് വേണ്ടി പ്രത്യേക പ്രാർത്ഥനയും ദിവ്യബലിയും അർപ്പിച്ചു.

* മാസങ്ങളായി മാനസികരോഗം ബാധിച്ച ഒരമ്മയെ ഭവനസന്ദർശനം നടത്തി സംസാരിക്കുകയും ഡോക്ടറെ കാണാനുള്ള ഏർപ്പാടുകൾ നടത്തുകയും ഞായറാഴ്ച ദിവ്യബലിയിൽ പങ്കെടുപ്പിക്കുകയും ചെയ്തു.

* കൊറോണ വൈറസ് ബാധിച്ച സഹോദരങ്ങൾക്കും രാജ്യങ്ങൾക്കും വേണ്ടി സമിതി അംഗങ്ങൾ പള്ളിയിൽ പ്രത്യേക പ്രാർത്ഥനകളും കരുണകൊന്തയും ചൊല്ലി സമർപ്പിച്ചു.

* പുല്ലുവിള ജയ് ഹിന്ദ് ട്യൂഷൻ സെന്ററിലെ കുട്ടികൾക്ക് കൗൺസിലിംഗ് നടത്തി വരുന്നു.

കൊല്ലംങ്കോട്

* ഇടവകയിലെ മതബോധന കുട്ടികൾക്ക് ബൈബിൾ വാചകം കാണാതെ പറയിപ്പിക്കുകയും വചനഭാഗം വായിക്കാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്തുവരുന്നു.

* ഇടവകയിലെ എല്ലാ പ്രവർത്തനങ്ങൾക്കും കുടുംബശുശ്രൂഷ സമിതി എക്സിക്യൂട്ടീവ് അംഗങ്ങൾ സഹായം നൽകി വരുന്നു.

**സർട്ടിഫിക്കറ്റ് കൗൺസിലിംഗ് കോഴ്സ്**

തിരുവനന്തപുരം അതിരൂപതയിൽ കുടുംബശുശ്രൂഷയുടെ കീഴിൽ കേന്ദ്ര-സംസ്ഥാന ഗവൺമെന്റിന്റെ സർട്ടിഫിക്കറ്റ് ലഭിക്കുന്ന ആറുമാസം നീണ്ടുനിൽക്കുന്ന സർട്ടിഫിക്കറ്റ് ഇൻ കൗൺസിലിംഗ് സൈക്കോളജി കോഴ്സിന്റെ അഞ്ചാമത്തെ ബാച്ചിന്റെ പരീക്ഷ ഫെബ്രുവരി 7, 8 തീയതികളിൽ നടന്നു. ഒരു വർഷം നീണ്ടു നിൽക്കുന്ന ഡിപ്ലോമ കൗൺസിലിംഗ് കോഴ്സിന്റെ സെക്കൻഡ് സെമസ്റ്റർ 22.02.2020 ന് ആരംഭിച്ചു. 27 പേർ പങ്കെടുക്കുന്ന കോഴ്സിൽ ഫാ. ഏ ആർ ജോൺ, റവ. ഫാ. എഡിസൻ, ശ്രീമതി. ആൻസി, ശ്രീ. യേശുദാസ് ഒളിവർ എന്നിവർ ക്ലാസ്സുകൾ നയിക്കുന്നു.

**കൗൺസിലിംഗ്**

വിവിധ ഇടവകകളിൽ നിന്നും വന്ന 148 പേർക്ക് പ്രശ്നപ രിഹാരത്തിന് നിർദ്ദേശം നൽകാൻ സാധിച്ചു.

അതിരൂപതാ കേന്ദ്രമാക്കി ആരംഭിച്ചിട്ടുള്ള കൗൺസിലിംഗ് സെന്റർ കുടുംബപ്രേഷിത ശുശ്രൂഷ ഓഫീസിൽ പ്രവർത്തിച്ചു വരുന്നു. **9400101044** എന്ന നമ്പരിൽ മുൻകൂട്ടി വിളിച്ച് രജിസ്റ്റർ ചെയ്തുവരുന്ന എല്ലാവർക്കും കൗൺസിലിംഗ് സൗകര്യം ഒരുക്കി ക്കൊടുക്കുന്നു. എല്ലാ ഫെറോനകളിലെയും തിരഞ്ഞെടുക്കപ്പെട്ട സെന്ററുകളിലും കൗൺസിലിംഗ് സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്.

**ഇന്റെഗ്രൽ പാസ്റ്ററൽ സ്ക്കിൽസ്**

തിരുവനന്തപുരം അതിരൂപതയിൽ കുടുംബശുശ്രൂഷയും ഹാൻഡ്മേഡ്സ് ഓഫ് ഹോപ്പും സംയുക്തമായി ജൂനിയർ സിസ്റ്റേഴ്സിനും സീനിയർ കാൻഡിഡേറ്റ്സിനുമായി അജപാ ലന ശുശ്രൂഷയ്ക്കാവശ്യമായ അറിവുകൾ, സിദ്ധികൾ, മനോഭാവ ങ്ങൾ എന്നിവ അടങ്ങുന്ന ഒരു വർഷം നീണ്ടു നിൽക്കുന്ന സൈക്കോ-സ്പിരിചൽ കോഴ്സിന്റെ ഫെബ്രുവരി മാസത്തെ ക്ലാസ്സ് 27, 28 തീയതികളിൽ ആനിമേഷൻ സെന്ററിൽ വച്ച് നടന്നു. 20 ജൂനിയർ സിസ്റ്റേഴ്സ് പങ്കെടുത്ത ക്ലാസ്സിൽ ഫാ. എ ആർ ജോൺ

ക്ലാസ്സുകൾ നയിച്ചു.

**സാന്ത്വനം മംഗല്യം**

ഇതുവരെയായി 270 അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്. 265 അപേക്ഷകൾക്ക് സഹായം നൽകുവാൻ സാധിച്ചു. സാന്ത്വനം മംഗല്യത്തിനായി ഈ മാസം 20 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അന്വേഷണ വിധേയമാക്കിയതിനു ശേഷം 27 യുവതികൾക്ക് ധനസഹായം നൽകുവാൻ സാധിച്ചു.

**കരുണാമയൻ**

ആരും തനിച്ചല്ല എന്ന പ്രോജക്ടുവഴി 53 വ്യക്തികൾക്ക് ഫെറോന ആനിമേറ്റേഴ്സ് ഭവനങ്ങളിൽ സന്ദർശിക്കുകയും ധനസഹായം നൽകുകയും അവരോടൊപ്പം പ്രാർത്ഥിക്കുകയും ചെയ്തു.

**ഹൃദയപൂർവ്വം**

വിവിധ ധനസഹായപദ്ധതിയിൽപ്പെടുത്തി 50 നിർധനയുവതികൾക്ക് വിവാഹ ധനസഹായവും, 20 നിർധനരായ ഏകസ്തർക്ക് പെൻഷൻ ധനസഹായവും വിതരണം ചെയ്തു. അതിരൂപത കുടുംബപ്രേഷിത ശുശ്രൂഷയുടെ കീഴിൽ നടപ്പാക്കുന്ന സാന്ത്വനം മംഗല്യം ധനസഹായ പദ്ധതിയിൽപ്പെടുത്തി 265 യുവതികൾക്കും (1,45,12,000/-) പ്രതിമാസം 1000 രൂപ പെൻഷൻ നൽകുന്ന കരുണാമയൻ പദ്ധതിയിൽപ്പെടുത്തി 195 (23,40,000/-) പേർക്കും നൽകിയ ധനസഹായത്തിന് പുറമേയാണിത്.

ഇതോടനുബന്ധിച്ച് 27.01.2020 ഉച്ചകഴിഞ്ഞ് 2 ന് വെള്ളയമ്പലം റ്റി.എസ്സ്.എസ്സ്.എസ്സ്. ഹാളിൽ കുടുംബശുശ്രൂഷാ നേതൃസംഗമവും തുടർന്ന് നടക്കുന്ന പൊതുസമ്മേളനം റിട്ട. പ്രൊ. വൈസ് ചാൻസലർ ഡോ. എസ്. കെവിൻ ഉദ്ഘാടനം ചെയ്തു. അതിരൂപതാദ്ധ്യക്ഷൻ ആർച്ച് ബിഷപ്പ് ഡോ. സൂസപാക്യം അധ്യക്ഷത വഹിച്ച ചടങ്ങിൽ അതിരൂപത സഹായ മെത്രാൻ ഡോ. ക്രിസ്തുദാസ്. ആർ അനുഗ്രഹപ്രഭാഷണം നടത്തി. വികാരി ജനറൽ മോൺ. ഡോ. സി. ജോസഫ്, കുടുംബപ്രേഷിത ശുശ്രൂഷ ഡയറക്ടർ ഡോ. എ ആർ ജോൺ എന്നിവർ പ്രസംഗിച്ചു.

**കൗൺസിലിംഗ് ഇന്റർവെൻഷൻസ് റ്റു സ്പെസിഫിക് ഗ്രൂപ്പ്സ്**

കെ.ആർ എൽസി ബി സി കുടുംബശുശ്രൂഷയുടെ

നേതൃത്വത്തിൽ കേരളത്തിലെ ലത്തീൻ രൂപതകളിലെ കൗൺസിലർമാർക്കായുള്ള സെമിനാർ ഫെബ്രുവരി 28, 29 തീയതികളിൽ വെള്ളയമ്പലം ആനിമേഷൻ സെന്ററിൽ വച്ച് സംഘടിപ്പിച്ചു. വിവിധ രൂപതകളിൽ നിന്നായി 110 പേർ പങ്കെടുത്ത സെമിനാറിൽ ഓരോ പ്രായ ഘട്ടത്തിനനുസരിച്ച് എങ്ങനെ കൗൺസിലിംഗ് നടത്താം എന്ന വിഷയത്തെ ആസ്പദമാക്കി പ്രമുഖ മനഃശാസ്ത്രജ്ഞർ ക്ലാസ്സുകൾ നയിച്ചു.

സമാപനസമ്മേളനത്തിൽ അഭിവന്ദ്യ ജോസഫ് കാരിക്കശ്ശേരി പിതാവ് കെ.ആർ.എൽ.സി. തലത്തിലെ കൗൺസിലേഴ്സ് ഫോറത്തിന് രൂപം നൽകി

**വിവാഹ ഒരുക്കസെമിനാർ**

2020 ഫെബ്രുവരി 21 22 23 തീയതികളിൽ നടന്ന കോഴ്സിൽ 50 പെൺകുട്ടികളും 60 ആൺകുട്ടികളും പങ്കെടുത്തു. ഇവരെ ഗ്രൂപ്പുകളായിതിരിച്ച് ആനുകാലിക പ്രശ്നങ്ങളെക്കുറിച്ച് ചർച്ച ചെയ്തു. എല്ലാവരും സജീവമായി പങ്കെടുത്തു.

വിവാഹ ഒരുക്കസെമിനാർ 2020 മാർച്ച് 09 10 11
2020 മാർച്ച് 27 28 29 തീയതികളിൽ നടത്തപ്പെടുന്നു.

**വിവാഹ ഒരുക്കസെമിനാർ www.latinmatrimonial.com എന്ന വെബ്സൈറ്റിൽ ഓൺ ലൈനായും രജിസ്ട്രേഷൻ ചെയ്യാവുന്നതാണ്.**

**മാര്യേജ് ബ്യൂറോ**

വെബ്സൈറ്റിന്റെ പ്രവർത്തനങ്ങൾ കൂടുതൽ വിപുലമായി നടക്കുന്നു. ഈ മാസത്തിൽ മാര്യേജ് ബ്യൂറോയിൽ 28 വ്യക്തികളുടെ പേര് രജിസ്റ്റർ ചെയ്തു. മാര്യേജ് ബ്യൂറോ ഓൺ ലൈൻ രജിസ്ട്രേഷൻ ചെയ്യാവുന്നതാണ്. മാര്യേജ് ബ്യൂറോ കെ.ആർ.എൽ.സി.സി. തലത്തിലേക്ക് വ്യാപിപ്പിച്ചിരിക്കുന്നു. രജിസ്ട്രേഷൻ ചെയ്യേണ്ട വെബ്സൈറ്റ് www.latinmatrimonial.com

**ഫാ.എ.ആർ. ജോൺ**

അതിരൂപതാ ഡയറക്ടർ

# വിദ്യാഭ്യാസശുശ്രൂഷ

**ഫെറോനാതലം:** വിദ്യാഭ്യാസ ശുശ്രൂഷാസമിതി യോഗങ്ങൾ തൂത്തൂർ, വലിയതുറ, പുല്ലുവിള, കോവളം, അഞ്ചുതെങ്ങ്, പേട്ട എന്നീ ഫെറോനകളിൽ സമിതിയോഗങ്ങൾ കൂടുകയും പ്രവർത്ത നങ്ങൾ വിലയിരുത്തുകയും ചെയ്തു.

തൂത്തൂർ, പുല്ലുവിള എന്നീ ഫെറോനകളിൽ ഫെറോനാ സമിതി യോഗത്തിൽ വിദ്യാഭ്യാസ ഡയറക്ടർ റവ. ഫാ. മെൽക്കോ ണിന്റെ സാന്നിധ്യത്തിൽ 2020-21 ൽ പ്ലാനും ബഡ്ജറ്റിൽ ഉൾപ്പെ ടുത്തേണ്ട ഇതര പ്രവർത്തനങ്ങളുടെ ചർച്ചകളും തീരുമാനങ്ങളും നടത്തി.

**പുല്ലുവിള:** സിവിൽ സർവ്വീസ് ഫൗണ്ടേഷൻ കോഴ്സിൽ പുല്ലു വിള ഫെറോനയിൽ 3 ക്ലാസ്സുകൾ ക്രമീകരിച്ചു.

**ഡിഫൻസ്:** പരിശീലനം സംഘടിപ്പിച്ചതിൽ നിന്നും 2 ഉദ്യാഗാർത്ഥി കൾ ആർമിയിൽ ഉദ്യോഗം കരസ്ഥമാക്കി.

തുടർ പരിപാടികൾ എസ്.എസ്.എൽ.സി വിദ്യാർത്ഥികൾക്കുള്ള റെമഡിയൽ പരിശീലന പരിപാടിയിൽ അഞ്ചുതെങ്ങ് ഫെറോന യിൽ അഞ്ചുതെങ്ങ്, മാമ്പള്ളി, ചമ്പാവ്, പൂത്തുറ എന്നീ ഇടവകക ളിലും പുല്ലുവിള ഫെറോനയിൽ കൊല്ലംകോട്, പൂവ്വാർ, കരുംകുളം പുതിയതുറ പുല്ലുവുള എന്നീ ഇടവകകളിലും വലിയതുറ ഫെറോ നയിൽ വെട്ടുകാട്, വലിയതുറ എന്നീ ഇടവകകളിലും കോവളം ഫെറോനയിൽ പൂന്തുറ, വിഴിഞ്ഞം എന്നിടങ്ങളിലും തൂത്തൂർ ഫെറോനയിൽ പൂത്തുറ, നീരോടി, മാർത്താണ്ഡംതുറ എന്നിവിട ങ്ങളിലും വിവിധ വിഷയങ്ങൾക്കായുള്ള ക്ലാസ്സുകൾ 6.30-8.30 വരെ യുള്ള സമയങ്ങളിൽ നടന്നു വരുന്നു.

**പി.എസ്.സി പരിശീലനം:** വലിയതുറ ഫെറോനയിൽ വലിയതുറ ഇടവകയിലും പുല്ലുവിള ഫെറോനയിൽ പുതിയതുറ, നമ്പ്യാതി യിലും പുതുക്കുറിച്ചി ഫെറോനയിൽ ഫാത്തിമാപുരം ഇടവകയി ലും തൂത്തൂർ ഫെറോനയിൽ പൂത്തുറ ഇടവകയിലും എല്ലാ ശനി, ഞായർ ദിവസങ്ങളിലും പി.എസ്.സി പരിശീലനം നടന്നു വരുന്നു.

**സ്റ്റുഡൻസ് ഫോറം:** അഞ്ചുതെങ്ങ് ഫെറോനയിൽ അഞ്ചുതെങ്ങ്, മാമ്പപള്ളി, ആറ്റിങ്ങൽ എന്നിവിടങ്ങളിൽ കോവളം ഫെറോനയിൽ വിഴിഞ്ഞം പൂന്തുറ എന്നിവിടങ്ങളിലും പുല്ലുവിള ഫെറോനയിൽ

സെന്റ്സേവ്യേഴ്സിലും കഴക്കൂട്ടം ഫെറോനയിൽ മുരുക്കുംപുഴ യിലും സ്റ്റുഡൻസ് ഫോറത്തിന്റെ പ്രവർത്തനം വളരെ കാര്യക്ഷമ മായി നടന്നു വരുന്നു.

**ക്വിസ് മൽസരം:** കോവളം ഫെറോനയിൽ ഫെറോനാതലത്തിൽ ക്വിസ് മൽസരം നടത്തിയതിൽ 96 വിദ്യാർത്ഥികൾ പങ്കെടുക്കു കയും വിവിധ ഇടവകകളിൽ നിന്നുമുള്ള വിദ്യാർത്ഥികൾ പങ്കെടു ക്കുകയും വിഴിഞ്ഞം, പൂന്തുറയിലെ വിദ്യാർത്ഥികൾ വിജയികളാ വുകയും ചെയ്തു.

**How to face exam:-** വലിയതുറ, ഫെറോനയിൽ വെട്ടുകാട്, കണ്ണാന്തുറ, സെന്റ് സെവ്യേഴ്സ്, കോച്ചുവേളി എന്നീ ഇടവകകളിലും പുല്ലുവിള, കൊച്ചുതുറ, ചൊവ്വര, പരുത്തിയൂർ എന്നീ ഇടവകക ളിലും അഞ്ചുതെങ്ങ് മാമ്പള്ളി, വെണ്ണിയോട്, ആറ്റിങ്ങൽ, എന്നീ ഇടവകകളിലും പേട്ട ഫെറോനയിൽ പോങ്ങുംമൂടും, കോവളം ഫെറോനയിൽ പാലപ്പൂര്, വിഴിഞ്ഞം, പൂന്തുറ, എന്നിവിടങ്ങളിലും 10,11,12 എന്നീ ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്കും പരീക്ഷ എങ്ങനെ ഭയംകൂടാതെ എഴുതാമെന്നതിനെകുറിച്ചുള്ള ബോധവൽക്കരണക്ലാ സ്സുകൾ സംഘടിപ്പിച്ചു.

**ഇടവക സമിതി യോഗങ്ങൾ:** വലിയതുറ ഫെറോനയിൽ വലിയ തുറ, സെന്റ് സെവ്യേഴ്സ്, കണ്ണാന്തുറ, തോപ്പ്, കൊച്ചുവേളി എന്നീ ഇടവകകളിലും പുല്ലുവിള ഫെറോനയിൽ കൊച്ചുപള്ളി, പുല്ലുവി ള, പള്ളം, പുതിയതുറ, പൂവ്വാർ, നമ്പ്യാതി, ചൊവ്വര, എന്നിവിടങ്ങ ളിലും അഞ്ചുതെങ്ങ് ഫെറോനയിൽ ആറ്റിങ്ങൽ, വെണ്ണിക്കോട്, അഞ്ചുതെങ്ങ് എന്നിവിടങ്ങളിലും പേട്ട ഫെറോനയിൽ മൺവിള മുട്ടട എന്നിവിടങ്ങളിലും തൂത്തൂർ ഫെറോനയിൽ ഇരവിപുത്തൻതു റ, ചിന്നതുറ, തൂത്തൂർ എന്നീ ഇടവകകളിൽ കോവളം ഫെറോന യിൽ പൂന്തുറ ഇടവകയിലും സമിതിയോഗത്തിൽ പ്ലാനും ബഡ്ജറ്റും കരടുരേഖ തയ്യാറാക്കുകയും മാർച്ച് മാസത്തെ പ്രവർത്തനങ്ങളുടെ വിലയിരുത്തലും തുടർപ്രവർത്തനങ്ങളുടെ ക്രമീകരണവും നടന്നു.

**റവ. ഫാ. മെൽക്കൺ**
അതിരൂപതാ ഡയറക്ടർ

# കെ.സി.എസ്.എൽ.

തിരു: അതിരൂപതാ കെ.സി.എസ്.എൽ. വാർഷികാഘോഷവും സമ്മാനദാനവും ജനുവരി 23-ാം തീയതി രാവിലെ 10 മണിയ്ക്ക് വെള്ളയമ്പലം ആനിമേഷൻ സെന്ററിൽ വച്ച് നടത്തിയ യോഗത്തിൽ റവ.ഫാ. ജേക്കബ് സ്റ്റെല്ലസിന്റെ അദ്ധ്യക്ഷതയിൽ റവ.മോൺ. വിൽഫ്രഡ്. ഇ. (മാനേജർ, മരിയൻ എൻജിനിയറിംഗ് കോളേജ്) ഉദ്ഘാടനം ചെയ്തു. യോഗത്തിൽ പങ്കെടുത്ത എല്ലാവർക്കും ശ്രീ. ഡാമിയൻ ജോർജ് (കെ.സി.എസ്.എൽ. പ്രസിഡന്റ്) സ്വാഗതം നേരുകയും ശ്രീ. ആന്റണി ക്ലമന്റ് വാർഷിക റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു. മരിയൻ എൻജിനിയറിംഗ് കോളേജിനെക്കുറിച്ചും പ്രത്യേകിച്ച് ബി.ടെക് കോഴ്സിനെക്കുറിച്ചും ഒരു ബോധവത്കരണ ക്ലാസ് ഡോ. മാനേജ് (മരിയൻ എൻജിനിയറിംഗ് കോളേജ്) നയിച്ചു.

2019-20 വർഷത്തിൽ കെ.സി.എസ്.എൽ.ന്റെ നേതൃത്വത്തിൽ നടത്തിയ കലോത്സവവും, സാഹിത്യോത്സവും, ബാലവേദി കലോൽസവും എന്നിവയുടെ സമ്മാന വിതരണം റവ.ഫാ. ദീപക്ക് ആന്റോ (എക്സിക്യൂട്ടീവ് സെക്രട്ടറി, മീഡിയ കമ്മിഷൻ) വിജയികൾക്ക് മെമന്റോയും സർട്ടിഫിക്കറ്റും വിതരണം ചെയ്തു. ഏറ്റവും കൂടുതൽ പോയിന്റ് കരസ്ഥമാക്കി സെന്റ് ഫിലോമിന ജി.എച്ച്.എസ്. ഒന്നാം സ്ഥാനത്തും രണ്ടാം സ്ഥാനം സെന്റ് മേരീസ് എച്ച്.എസ്. എസ്. വിഴിഞ്ഞവും, മൂന്നാം സ്ഥാനം ഹോളി എയ്ഞ്ചൽസ് എച്ച്. എസ്.എസ്. വഞ്ചിയൂരും കരസ്ഥമാക്കി.

അഭിവന്ദ്യ സൂസപാക്യം പിതാവിന്റെ സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് "ഭവനം ഒരു സമ്മാനം" എന്ന പദ്ധതിയിലേയ്ക്ക് പുൽക്കൂട് എന്ന സമ്മാന പദ്ധതി വഴി നടത്തിയ നറുക്കെടുപ്പിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ 'റിജോ' പൂന്തുറ ഇടവകയിൽ അംഗമാണ്. എല്ലാ സമ്മാനങ്ങളും റവ.ഫാ. ദീപക്ക് ആന്റോ വിതരണം ചെയ്തു. യോഗത്തിൽ പങ്കെടുത്ത എല്ലാവർക്കും ശ്രീ. ആന്റണി ക്ലമന്റ് (ഓർഗനേസർ കെ.സി.എസ്.എൽ.) നന്ദി രേഖപ്പെടുത്തി.

ഫെബ്രുവരി 2-ാം തീയതി അഭിവന്ദ്യ സൂസപാക്യം പിതാവിന്റെ 30-ാം മെത്രാഭിഷേക ദിനത്തിൽ രൂപതയിലെ കത്തോലിക്ക സ്കൂളുകളിൽ നിന്നും സ്കൂൾ അധികാരികളുടെ നിർദ്ദേശാനുസതരണം ലഭിച്ച അപേക്ഷപ്രകാരം ഒരു സ്കൂളിൽ നിന്നും നിർദ്ദനരായ ഒരു കുട്ടിയ്ക്ക് 5000/- രൂപ വീതം 30 സ്കൂളുകൾക്ക് റവ. ഫാ. ജേക്കബ് സ്റ്റെല്ലസും എക്സിക്യൂട്ടീവ് അംഗങ്ങളും വെള്ളയമ്പലം ബിഷപ്പ് ഹൗസിൽ വച്ച് വിതരണം ചെയ്തു.

**ഫാ. ജേക്കബ് സ്റ്റെല്ലസ്**
ഡയറക്ടർ, കെ.സി.എസ്.എൽ.

# സാമൂഹ്യശുശ്രൂഷ

## വലിയതുറ ഫൊറോന

* ഫൊറോനാ ജനറൽ ബോഡിയോഗം ഫെബ്രുവരി 9ന് ശനിയാഴ്ച ഫൊറോനാ കോർഡിനേറ്ററിന്റെ അധ്യക്ഷതയിൽ നടന്നു. ഫൊറോനായുടെയും ഇടവകയുടെയും കഴിഞ്ഞ 9 മാസത്തെ പ്രവർത്തന വിലയിരുത്തൽ നടത്തി. 69 അംഗങ്ങൾ പങ്കെടുത്തു.
* ഇടവകതലയോഗങ്ങൾ 10 ൽ 8 നടന്നു.
* തദ്ദേശസ്വയം ഭരണ ഇലക്ഷനു മുന്നോടിയായിട്ടുള്ള ബോധവൽക്കരണ ക്ലാസിന്റെ ഒന്നാം ഘട്ടം ഫെബ്രുവരി 15ന് നടന്നു. ഫൊറോനാ വികാരി ഉത്ഘാടനം ചെയ്ത പരിപാടിയിൽ 78 അംഗങ്ങൾ പങ്കെടുത്തു.
* ഭവനം ഒരു സമ്മാനം പദ്ധതിയുടെ ഭാഗമായി സെന്റ് സേവ്യേഴ്സ്, കണ്ണാന്തുറ, കൊച്ചുവേളി ഇടവകകളിൽ ഭവനനിർമ്മാണം നടന്നുവരുന്നു.
* എസ്.എച്ച്.ജി. ഫൊറോന ഫെഡറേഷൻ യോഗം ഫെബ്രുവരി 19ന് നടന്നു. 47 പേർ പങ്കെടുത്തു. ഫിനാൻഷ്യൽ ലിറ്ററസിയെക്കുറിച്ച് ക്ലാസ് നടത്തി. ഇടവകയോഗങ്ങൾ 5ൽ 5 നടന്നു.
* എസ്.എ.എഫ്.പി. പുതിയ കുടുംബങ്ങൾക്ക് അക്കൗണ്ട് ഓപ്പൺ ചെയ്തു.
* ആരോഗ്യകാര്യ കമ്മീഷന്റെ ഭാഗമായി വലിയതുറ ഇടവകയിലെ ഫ്ളാറ്റിൽ താമസിക്കുന്ന 78 അംഗങ്ങൾക്കായി ജീവിതശൈലി രോഗനിർണ്ണയ ക്യാമ്പ് നടത്തി.
* കെ.എൽ.എം.ന്റെ യൂണിറ്റ് യോഗം സെന്റ് സേവ്യേഴ്സ് ഇടവകയിൽ വച്ചു നടത്തി. 17 അംഗങ്ങൾ പങ്കെടുത്തു.
* ചൈൽഡ് പാർലമെന്റ് കുട്ടികളുടെ കൂടിവരവ് 7 ഇടവകകളിൽ നടന്നു. കൊറോണ വൈറസ് മൂലമുണ്ടാകുന്ന രോഗത്തെക്കുറിച്ച് വോളന്റിയർമാർ ക്ലാസ് നൽകി.
* പ്രവാസി കമ്മീഷന്റെ നേതൃത്വത്തിൽ തോപ്പ് ഇടവകയിൽ വച്ച് പ്രവാസി ക്ഷേമബോധവൽക്കരണം ശ്രീമാൻ ഇഗ്നേഷ്യസ് ലയോള നയിച്ചു. 59 അംഗങ്ങൾ പങ്കെടുത്തു.
* പ്ലാൻ & ബഡ്ജറ്റ് തയ്യാറാക്കുന്നതിന്റെ ഭാഗമായി കരടുരൂപം തയ്യാറാക്കി.
* ജൈവവളകൃഷി ബോധവൽക്കരണ ക്ലാസ് വലിയതുറ ഇടവകയുടെ നേതൃത്വത്തിൽ നടത്തി.

*ലഹരി വിരുദ്ധ ബോധവൽക്കരണക്ലാസ് ഫിഷറീസ് സ്കൂളിൽ വച്ചു നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്തു.

## അഞ്ചുതെങ്ങ് ഫൊറോന

* ഫൊറോനാ ജനറൽ ബോഡിയോഗം ഫെബ്രുവരി 9ന് ഫൊറോനാ കോർഡിനേറ്ററിന്റെ അധ്യക്ഷതയിലും രൂപതാ സാമൂഹ്യശുശ്രൂഷാ സമിതി ഡയറക്ടറുടെ സാന്നിദ്ധ്യത്തിലും നടന്നു. ഫെബ്രുവരി 9ന് ഫൊറോനാ ഇടവക പ്രവർത്തനങ്ങളുടെ 9 മാസത്തെ പ്രവർത്തന വിലയിരുത്തൽ നടന്നു. ഫെബ്രുവരി 23ന് നടന്ന ജനറൽബോഡി യോഗത്തിൽ രൂപതാ പ്രോജക്ട് പ്രവർത്തനങ്ങൾ ഭവനം ഒരു സമ്മാനം 4-ാം ഘട്ട പദ്ധതി എന്നിവയുടെ പ്രവർത്തനങ്ങളെക്കുറിച്ച് ഡയറക്ടർ വിശദീകരിക്കുകയും 2020-21 വാർഷിക പ്ലാൻ തയ്യാറാക്കുന്നതിനാവശ്യമായ നിർദ്ദേശം നൽകി.
* ഇടവകയോഗങ്ങൾ 10 ൽ 7 നടന്നു.
* ഭവനം ഒരു സമ്മാനം പദ്ധതിയുടെ ഭാഗമായ മൂങ്ങോട്, അഞ്ചുതെങ്ങ്, ആറ്റിങ്ങൽ ഇടവകകളിൽ ഭവനനിർമ്മാണം നടന്നു വരുന്നു.
* സാമ്പത്തിക സാക്ഷരതാ ബോധവൽക്കരണ ക്ലാസ് അഞ്ചുതെങ്ങ്, ചമ്പാവ്, അരയതുരുത്തി, മാമ്പള്ളി ഇടവകയിൽ നടന്നു.
* എസ്.എച്ച്.ജി. ഫൊറോനായോഗം ഫെബ്രുവരി 22ന് ഇടവക യോഗങ്ങൾ നടന്നു.
* കെ.എൽ.എം. ഫൊറോനാ യോഗം നടന്നു ഇടവകയോഗം 7 നടന്നു.
* തയ്യൽ തൊഴിലാളി ഫോറം യോഗം നടന്നു. യൂണിറ്റ് അംഗങ്ങൾ ആടിനെ നൽകുന്നതിന് അർഹരായവരിൽ നിന്ന് അപേക്ഷ സ്വീകരിച്ചു.
* ആരോഗ്യ സംരക്ഷണത്തിന്റെ ഭാഗമായ പൂത്തുറ ഇടവകയിൽ നേത്രരോഗ മെഡിക്കൽ ക്യാമ്പ് ഫെബ്രുവരി 23ന് നടന്നു.
* വയോമിത്രം മെഡിക്കൽ ക്യാമ്പ് നടന്നു. 17 അംഗങ്ങൾ പങ്കെടുത്തു.
* ചൈൽഡ് പാർലമെന്റ് യോഗം 7 ൽ 7 നടന്നു.
* ഫൊറോനാ പ്ലാൻ & ബഡ്ജറ്റ് കരട് തയ്യാറാക്കി.
* പ്രോജക്റ്റിന്റെ സഹായത്തോടെ വെന്നികോട് ഇടവകയിൽ ജൈവ പച്ചക്കറിയെക്കുറിച്ച് ബോധവൽക്കരണ ക്ലാസ് നൽകി 30 പേർക്ക് വിത്ത്, വളം എന്നിവ വിതരണം ചെയ്തു.
* എ.എ. ഗ്രൂപ്പ് യോഗം അഞ്ചുതെങ്ങ് ഇടവകയിൽ നടന്നു.

## പുതുക്കുറിച്ചി ഫൊറോന

**നീതിസമാധാന വികസന കമ്മീഷൻ**

ഫെബ്രുവരി 25ന് ഫൊറോനാ എക്സിക്യൂട്ടീവ് മീറ്റിംഗ് നടന്നു.

ഇടവകതല യോഗങ്ങൾ 11 ൽ 8 നടന്നു.

**അടിസ്ഥാന സൗകര്യ വികസനം**

ഭവനം ഒരു സമ്മാനം പദ്ധതിയുടെ ഭാഗമായി ഫൊറോന യിൽ പുത്തൻതോപ്പ്, വെട്ടുതുറ, സെന്റാൻഡ്രൂസ്, തുമ്പ, പള്ളി ത്തുറ എന്നീ ഇടവകകളിൽ ഭവന നിർമ്മാണത്തിനായി ആദ്യ ഗഡു നൽകുകയുണ്ടായി.

* എസ്.എച്ച്.ജി. ഫൊറോനാ യോഗം ഫെബ്രുവരി 16 ന് നടന്നു.
* ഇടവകതലയോഗങ്ങൾ 7 ൽ 6 നടന്നു.
* കെ.എൽ.എം. ഫൊറോനാ യോഗം ഫെബ്രുവരി 23ന് നടന്നു.
* ഇടവതലയോഗം 6 ൽ 5 നടന്നു.
* കർഷഫോറം മീറ്റിംഗ് ഫെബ്രുവരി 16 ന് നടന്നു.

*കെ.എൽ.എം. പ്രോജക്റ്റിന്റെ സഹായത്തോടെ ഫൊറോനയിൽ 21 ബയോ ഡൈജസ്റ്റർ വിതരണം ചെയ്തു.

* കെ.എൽ.എം. ന്റെ ഭാഗാമയി സ്വയം തൊഴിൽ സംരഭത്തിനായി ആടുവളർത്തലിനായി 6 ആപ്ലിക്കേഷൻ സ്വികരിച്ചു.
* ഫെബ്രുവരി 16ന് പള്ളിത്തുറ ഇടവകയില അഹല്യ ഐ ഫൗണ്ടേ ഷന്റെ സഹായത്തോടെ ഐ ക്യാമ്പ്, ന്യൂട്രിഷ്യൻ ക്യാമ്പ് എന്നിവ നടന്നു.
* ക്യാൻസർ രോഗീ സന്ദർശനം ഹൗസ് വിസിറ്റ് എന്നിവ നടത്തി.
* പ്രവാസികാര്യ കമ്മീഷൻ യോഗം ഫെബ്രുവരി 25ന് നടന്നു.
* ഫെബ്രുവരി 21ന് 5 പ്രവാസി ഭവന സന്ദർശനം നടത്തി.
* മദ്ധ്യ വിരുദ്ധ കമ്മീഷൻ യോഗം ഫെബ്രുവരി 26ന് നടന്നു.
* മദ്യത്തിന്റെ ലഹരിയുടെയും ദൂഷ്യവശങ്ങളെക്കുറിച്ച് ക്ലാസ് നൽകി.
* പരിസ്ഥിതി കമ്മീഷൻയോഗം ഫെബ്രുവരി 26ന് നടന്നു.
* പ്ലാസ്റ്റിക്കിന്റെ ദൂഷ്യവശങ്ങളെക്കുറിച്ചും വീടുകളിൽ വൈദ്യുതി ഉപയോഗം എങ്ങനെ നിയന്ത്രിക്കാം എന്നതിനെക്കുറിച്ചും ക്ലാസ് നൽകി.

## കഴക്കൂട്ടം ഫൊറോന

1. ഫൊറോനാ സാമൂഹ്യ ശുശ്രൂഷാ ജനറൽ ബോഡി യോഗവും 9 മാസത്തെ പ്രവർത്തന വിലയിരുത്തലും ഫെബ്രുവരിയിൽ നടന്നു. ഫെബ്രുവരി 23ന് വാർഷിക പ്ലാൻ തയ്യാറാക്കൽ ഫെറോനാതല ത്തിൽ നടന്നു.
2. ഇടവകതലയോഗങ്ങൾ 4 ഇടവകകളിൽ നടന്നു.
3. ഭവനം സമ്മാനം 4-ാം പദ്ധതിയിൽ കാര്യവട്ടം ഇടവകയിലെ ഒരംഗത്തിന് ആദ്യഗഡു തുക 50000 രൂപ ചെക്ക് ഓഫീസിൽ നിന്നും നൽകി.
4. എസ്.എച്ച്.ജി. ഫെറോനാതലയോഗം ഫെബ്രുവരി 19ന് നടന്നു. എസ്.എച്ച്.ജി. നിക്ഷേപലോൺ മൂന്നുപേർക്ക് 15000 നൽകി.
5. കെ.എൽ.എം. ഫെറോനാതലയോഗം നടന്നു. ഇടവകതലയോഗം 6 നടന്നു.
6. കൊയ്ത്തൂർക്കോണം കെ.എൽ.എം. പുനർരൂപീകരണം ഫെബ്രു വരി 16ന് നടന്നു.
7. രൂപതയിൽ നിന്നും ആട് വാങ്ങുന്നതിന് ധനസഹായം ലഭി ക്കുന്ന പദ്ധതിയിൽ 6 കെ.എൽ.എം. യൂണിറ്റിൽ നിന്നും 6 അംഗ ങ്ങളെ തിരഞ്ഞെടുത്ത് വിഹിതം 6000 രൂപ ഓഫീസിൽ നൽകി.
8. ബയോഗ്യാസ് 5 അംഗങ്ങൾക്ക് നൽകി. (കാര്യവട്ടം -1, മുരു ക്കുംപുഴ -4)
9. കെ.എൽ.എം. 77 അംഗങ്ങൾക്ക് രൂപതാ അംഗത്വകാർഡ് തയ്യാ റാക്കി നൽകി.
10. പ്രോജക്ടിന്റെ സഹായത്തോടെ പേപ്പർ ബാഗ് യൂണിറ്റ് ആരം ഭിക്കുന്നതിന് കൊയ്ത്തൂർകോണം, മുരുക്കുംപുഴ, കാര്യവട്ടം ഇട വകയിൽ രൂപീകരിച്ച യൂണിറ്റിന് ആവശ്യമായ സാധനങ്ങൾ വാങ്ങി നൽകി.
11. പ്രവാസി ക്ഷേമനിധി അംഗത്വം മുരുക്കുംപുഴ ഇടവകയിലെ ഒരംഗത്തിന് നൽകി.
12. പ്രോജക്റ്റിന്റെ സഹായത്തോടെ പരിസ്ഥിതി സംരക്ഷണം ഫല വൃക്ഷതൈകൾ ഫെറോനയിലെ എല്ലാ ഇടവകകളിലും 8, 16 തീയ തികളില നൽകുകയുണ്ടായി. 30000 രൂപ ചിലവിൽ മാവ്, പ്ലാവ്, സപ്പോട്ട, കൊടംപുളി എന്നീ തൈകളാണ് നൽകിയത്.
13. ഫെബ്രുവരി 8 ന് പരിസ്ഥിതി നയരേഖ ബോധവത്കരണ ക്ലാസ് നടന്നു.

14. ഫെബ്രുവരി 18ന് മുക്തി ധ്യാനത്തിൽ പങ്കെടുപ്പിക്കുന്നതിനായ് ഭവന സന്ദർശനം നടത്തി.

## പാളയം ഫൊറോന

* ഫെബ്രുവരി 2ന് ഫൊറോനാ സാമൂഹ്യശുശ്രൂഷ സമിതി എക്സിക്യൂട്ടീവ് യോഗം ഫൊറോന കോർഡിനേറ്റർ അച്ചന്റെ അധ്യക്ഷതയിൽ നടന്നു. 2020-21 പ്ലാൻ & ബഡ്ജറ്റ് തയ്യാറാക്കുന്നതിനനെക്കുറിച്ചുള്ള ചർച്ചകൾ നടത്തി.
* ഇടകതല യോഗങ്ങൾ 13 നടന്നു.
* ഭവനം ഒരു സമ്മാനം പദ്ധതി വഴി മുടവൻമുകൾ, കാച്ചാണി ഇടവകകളിലെ അംഗങ്ങൾക്ക് ഭവന പുനരുദ്ധാരണത്തിനായി ആദ്യ ഗഡു തുക നൽകി. നിർമ്മാണ പണികൾ ആരംഭിച്ചു.
* ഫെബ്രുവരി 8ന് ഫെറോനാ എസ്.എച്ച്.ജി. യോഗം നടന്നു. 5 എസ്.എച്ച്.ജി. അംഗങ്ങൾക്ക് കോഴിവളർത്തൽ സംരംഭത്തിനായി 5000 രൂപ സഹായം നൽകി. വനിത ദിനാഘോഷത്തെക്കുറിച്ചുള്ള ചർച്ചകൾ നടത്തി.
* 25 കാരുണ്യപൂർവ്വം പദ്ധതി ഗുണഭോക്താക്കൾക്ക് രൂപതാ സഹായം നൽകി വരുന്നു.
* ഫെബ്രുവരി 9ന് കെ.എൽ.എം. ഫെറോനാ എക്സിക്യൂട്ടീവ് യോഗം നടന്നു. കെ.എൽ.എം.യൂണിറ്റ് നിലവിലുള്ള 10 ഇടവകകളിലെ ഒരംഗത്തിന് വീതം ആട് വളർത്തൽ സ്വയം തൊഴിൽ സംരംഭത്തിനായി 10000 രൂപാവീതം സഹായം നൽകി.
*മാലിന്യ സംസ്ക്കരണ ഉപാധി ബയോ ഡൈജസ്റ്റർ ആവശ്യപ്പെട്ട അംഗങ്ങൾക്ക് അവ ലഭ്യമാക്കി കൊടുത്തു.
* കുടപ്പനക്കുന്ന് ഇടവകയിൽ കെ.എൽ.എം. ന്റെ നേതൃത്വത്തിൽ അംഗങ്ങൾക്ക് വാഴതൈ വിതരണം ചെയ്തു.
* ഇടവകകളിൽ ചൈൽഡ് പാർലമെന്റ് യോഗങ്ങൾ നടന്നു.
* മുടവൻമുകൾ ഇടവകയിൽ കിടപ്പു രോഗികളുടെ ഭവനസന്ദർശനം നടത്തി പ്രാർത്ഥിക്കുകയും ബെഡ് ഷീറ്റ് നൽകുകയും ചെയ്തു.
* ഫെബ്രുവരി 23ന് നെട്ടയം ഇടവകയിൽ ലഹരിയുടെ ഭൂഷ്യവശങ്ങളെക്കുറിച്ചുള്ള ബോധവത്ക്കരണ ക്ലാസ് അംഗങ്ങൾക്ക് നൽകി.

## കോവളം ഫൊറോന

1. ഫൊറോനാ റ്റി.എസ്.എസ്.എസ്. എക്സിക്യൂട്ടീവ് യോഗം ഫെബ്രുവരി 16ന് കൂടി.

2. ഫെബ്രുവരി 16ന് കോവളം ഫൊറോനയിൽ വച്ച് എൽ.എസ്.ജി. ആദ്യഘട്ട പരിശീലനം നടത്തി.
3. ഫൊറോനാ വർക്കേഴ്സ് മീറ്റിംഗ് കൂടി.
4. ഭവന നിർമ്മാണത്തിനായി അഞ്ചുഗുണഭോക്താക്കളെ കണ്ടെത്തി. ആദ്യഗഡു 50000 രൂപ വച്ചു നൽകി.
5. ടോയ്‌ലറ്റ് നിർമ്മാണത്തിന് 2 പേർക്ക് ആദ്യഗഡു 15000 വച്ച് 30000 രൂപ നൽകി.
6. ഫെബ്രുവരി 25ന് ഫൊറോനാ എസ്.എച്ച്.ജി. യോഗം കൂടി. ധന വിനിയോഗത്തെക്കുറിച്ച് ക്ലാസ് നൽകി.
7. വിഴിഞ്ഞം, പൂന്തുറ, ഇടവകതല എസ്.എച്ച്.ജി. ഫെഡറേഷൻ യോഗം കൂടി.
8.വിഴിഞ്ഞം മേൻമ തുണിസഞ്ചി യൂണിറ്റിനെ ബെസ്റ്റ് ആക്ടിവിറ്റി ഗ്രൂപ്പായി തെരഞ്ഞെടുത്തു.
9. ഫെബ്രുവരി 18ന് പൂന്തുറ തോമസ് സ്കൂളിൽ വച്ച് 8-ാം ക്ലാസ് കുട്ടികൾക്ക് മദ്യം, പാൻമസാലകൾ, ഉപയോഗിക്കുന്നുണ്ടോ ഇന്ന leasaning disability screening എന്നീ ടെസ്റ്റ് നടത്തി. 73 കുട്ടികൾ പങ്കെടുത്തു.
10. ഫെബ്രുവരി 11ന് പൂങ്കുളം ഹോളി സ്പിരിറ്റ് സ്കൂളിലെ 8, 9 ലെ ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾക്ക് എയ്ഡ്സിനെക്കുറിച്ച് ക്ലാസെടുത്തു.
11. LF ആയ 25 കുട്ടികളും ബിൽ കളക്റ്റ് ചെയ്തു ഓഫീസിൽ ഏൽപിച്ചു.
12. ഫെബ്രുവരി 24ന് പൂങ്കുളം ഇടവകയിലെ ഹൃദയ രോഗികയുടെ ഭവനം വിസിറ്റു ചെയ്തു അപേക്ഷ കളക്റ്റ് ചെയ്ത് രൂപതയിൽ ഏൽപ്പിച്ചു.
13. ഫെബ്രുവരി 23ന് പൂന്തുറ ഇടവകയിലെ ഹോർമോൺ സംബന്ധമായി ബുദ്ധിമുട്ടുന്ന 8 വയസ്സുകാരിയുടെ ഭവനം സന്ദർശനം
14. കെ.എൽ.എം. ഫൊറോനായോഗം ഫെബ്രുവരി 9ന് നടന്നു.
15. ഫെബ്രുവരി 5ന് തയ്യൽ തൊഴിലാളി ഫോറം യോഗം വിഴിഞ്ഞം ഇടവകയിൽ കൂടി.
16. ഫെബ്രുവരി 16ന് കർഷകതൊഴിലാളി ഫോറം പാലപ്പൂർ ഇടവകയിൽ കൂടി.

17. ഫെബ്രുവരി 2ന് കാക്കാമൂല ഇടവകയിൽ കർഷക തൊഴിലാളി ഫോറയോഗം കൂടി.
18. കെ.എൽ.എം. യൂണിറ്റ് പ്രവർത്തിക്കുന്ന 5 ഇടവകയില നിന്നും ആടുവളർത്തുന്നതിന് അഞ്ചു ഗുണഭോക്താക്കളുടെ അപേക്ഷയും ഗുണഭോക്തൃ വിഹിതവും കളക്റ്റ് ചെയ്തു രൂപതയിൽ ഏൽപ്പിച്ചു.
19. ഫെബ്രുവരി 23ന് പൂങ്കുളം ഇടവകയിലെ അഗതി താഴിലാളി താമസ സ്ഥലം വിസിറ്റ് ചെയ്തു.
20. ഫെബ്രുവരി 23ന് പാലപ്പൂര് ഇടവകയിലെ 5 പ്രവാസികളുടെ ഭവനം വിസിറ്റ് ചെയ്തു ഡീറ്റയിൽസ് കളക്റ്റ് ചെയ്തു.
21. വിഴിഞ്ഞം ഇടവകയില എ.എ. ഗ്രൂപ്പ് മീറ്റിംഗ് കൂടി.
22. വിഴിഞ്ഞം ഇടവകയിലെ 2 കുടുംബത്തെ മുക്തിധ്യാനത്തിൽ പങ്കെടുപ്പിച്ചു.
23. പ്ലാസ്റ്റിക്കിന്റെ ദുരുപയോഗം കുറയ്ക്കുന്നതിന്റെ ഭാഗമായി വിഴിഞ്ഞം ഇടവകയിൽ മേന്മ തുണി സഞ്ചി യൂണിറ്റ് ആരംഭിച്ചു.

## പുല്ലുവിള ഫൊറോന

* സാമൂഹയശുശ്രൂഷാ സമിതി ഫൊറോനാ ജനറൽ ബോഡിയോഗവും 9 മാസ വിലയിരുത്തൽ യോഗവും 2020-21 ലെ പ്ലാനിന്റെ കരട് തയ്യാറാക്കലും ഫെബ്രുവരി 15ന് പുതിയതുറ വച്ച് നടന്നു.
* ഫൊറോന സ്റ്റാഫ് മീറ്റിംഗ് ഫെബ്രുവരി 1ന് കൊച്ചുപള്ളിയിൽ വച്ച് നടന്നു.
* ഇടകതലയോഗങ്ങൾ പൂവ്വാർ, ഒഴികെ ബാക്കി 13 ഇടവകയിലും നടന്നു. 2020-21 ലെ പ്ലാനിന്റെ കരട് തയ്യാറാക്കൽ നടന്നു.
* ഭവനം ഒരു സമ്മാനം പദ്ധതിയിലെ 3 ഗുണഭോക്താക്കളുടെ വിഹിതം രൂപതയിൽ അടച്ചു. 3 പേർക്കും രൂപതയിൽ നിന്നും ആദ്യ ഗഡു ചെക്ക് വിതരണം ചെയ്തു. അടിമലത്തുറ ഒരംഗത്തിന് ടോയ്ലറ്റ് നിർമ്മാണത്തിനായി 15000 രൂപ ചെക്ക് നൽകി.
* കാരുണ്യപൂർവ്വം പദ്ധതിയിലേക്ക് 45 ഗുണഭോക്താക്കളെ ഉൾപ്പെടുത്താനുള്ള അനുമതി സ്പോൺസർ രൂപതയുടെ സഹായത്തോടെ ലഭിച്ചു.
* ഫെബ്രുവരി 19ന് കരുംങ്കുളം ഇടവകയിൽ വച്ച് എസ്.എച്ച്.ജി. ഫൊറോനയോഗം നടന്നു. 33 അംഗങ്ങൾ പങ്കെടുത്തു.
*എസ്.എച്ച്.ജി. ഇടവക ഫെഡറേഷൻ യോഗം 9 ഇടവകയില നടന്നു. രൂപതാ ഇടവകതല വനിതാദിനാഘോഷത്തിന്റെ പ്ലാനിംഗ് നടത്തി.

* കെ.എൽ.എം. ഫൊറോനായോഗം ഫെബ്രുവരി 16ന് നടന്നു. 13 അംഗങ്ങൾ പങ്കെടുത്തു.
* 6 ഇടവകയിലെ 6 അംഗങ്ങൾക്കായി ആട് വാങ്ങുന്നതിനായുള്ള ചെക്ക് വിതരണം ചെയ്തു.
* കൊല്ലംങ്കോട്, പരുത്തിയൂർ, പുല്ലുവിള തയ്യൽ തൊഴിലാളി ഫോറം, കൊല്ലംങ്കോട്,പരുത്തിയൂർ മോട്ടോർ വാഹന തൊഴിലാളി ഫോറം, കൊല്ലംങ്കോട് പീഡിക തൊഴിലാളി ഫോറം യോഗവും നടന്നു.
* ഫെബ്രുവരി 2ന് നമ്പ്യാതി ഇടവകയിൽ എസ്.റ്റി.ഐ., ആർ.റ്റി. ഐ., യു.റ്റി.ഐ. മെഡിക്കൽ ക്യാമ്പ് നടത്തി. 108 അംഗങ്ങൾ പങ്കെടുത്തു.
* കൊല്ലംങ്കാട് പുതിയതുറ നേഴ്സറി വാർഷികം നടന്നു.
* പരുത്തിയൂർ 18 അംഗങ്ങൾക്കായി തയ്യൽ പരിശീലനം ആരംഭിച്ചു.
*ഫൊറോനയിലെ 4 ഗ്രൂപ്പുകളിലെ 15 അംഗങ്ങൾക്കായി പേപ്പർ കവർ, തുണിസഞ്ചി നിർമ്മാണ പരിശീലനം ഫെബ്രുവരി 20ന് ആരംഭിച്ചു.
* കരിച്ചൽ, വെള്ളലുമ്പ്, നമ്പ്യാതി കെ.എൽ.എം. എസ്.എച്ച്.ജി. അംഗങ്ങൾക്ക് പ്രവാസി ക്ഷേമ പദ്ധതികളെക്കുറിച്ച് ക്ലാസ് നൽകി. 18, 10, 16 എന്നീ ക്രമത്തിൽ അംഗങ്ങൾ പങ്കെടുത്തു. പുല്ലുവിളയിലെ ഒരംഗത്തെ ക്ഷേമപദ്ധതിയിൽ അംഗത്വമെടുപ്പിച്ചു.

## തൂത്തൂർ ഫൊറോന

### കാര്യശേഷി വിഭാഗം

* ഫെബ്രുവരി 1ന് ഫൊറോനാ എക്സിക്യൂട്ടീവ് യോഗം നടന്നു.
* ഫെബ്രുവരി 5ന് ഫൊറോനയിൽ ജീവൻജ്യോതിയുടെ ഉപശാഖ ഫാ. സാബാസ് ഇഗ്നേഷ്യസ് ഉത്ഘാടനം ചെയ്തു. ഫൊറോനാ വികാരി ഫാ. ആൻഡ്രൂസ് കോസ്മോസ്, റ്റി.എസ്.എസ്.എസ്. ഫൊറോനാ കോർഡിനേറ്റർ, ഫാ. ധോണി ഡി. പോൾ, ലോറൻസ് സാർ എന്നിവരുടെ സാന്നിധ്യം ഉണ്ടായിരുന്നു.
* ഫെബ്രുവരി 3ന് ഫൊറോനാ ജോയിന്റ് ആനിമേറ്റേഴ്സ് യോഗം കൂടുകയും മുൻ മാസം റിപ്പോർട്ട് വിലയിരുത്തൽ ഫൊറോനാ അസിസ്റ്റന്റ് വികാരി ഫാ. വിശാലിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി.

* ഫെബ്രുവരി 15ന് റ്റി.എസ്.എസ്.എസ്. ഫൊറോനാ കോർഡിനേറ്റർ ഫാ. ധോണി അവർകളുടെ അധ്യക്ഷതയിലും ആന്റി ആൽക്കഹോൾ കോർഡിനേറ്റർ സിസ്റ്റർ ജിൻസ ജോസഫ്, പ്രവാസി എക്സിക്യൂട്ടീവ് സെക്രട്ടറി ഫാ. ജോൺ ഡാൾ അവർകളുടെ സാന്നിധ്യത്തിലും 9 മാസ പ്രവർത്തന റിപ്പോർട്ട് വിലയിരുത്തൽ നടത്തി. ഫാ. ജോൺ ഡാൾ പ്രവാസി കാര്യ കമ്മീഷനെക്കുറിച്ചുള്ള ബോധവത്കരണം നടത്തി.

* ഇടവകതല യോഗം 6 നടന്നു.

* വർക്കേഴ്സ് മീറ്റിംഗ് ഫെബ്രുവരി 4ന് നടത്തി. മുൻമാസ പ്രവർത്തന വിലയിരുത്തൽ നടത്തി. അടിസ്ഥാന സൗകര്യത്തിന്റെ ഭാഗമായി ഫൊറോനയിൽ ടോയ്‌ലറ്റിനായി തിരഞ്ഞെടുത്ത 7 ഗുണഭോക്താക്കൾക്ക് ഫാ. ആൻഡ്രൂസ് കോസ്മോസ് ഫെബ്രുവരി 5ന് 10000 രൂപാ വിതരണം ചെയ്തു.

* 'ഭവനം ഒരു സമ്മാനം' പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് ആദ്യ ഇൻസ്റ്റാൾമെന്റ് ചെക്ക് വിതരണം നടത്തി.

**എസ്.എച്ച്.ജി.**

* ഫെബ്രുവരി 21ന് ഫൊറോന ഫെഡറേഷൻ മീറ്റിംഗ് മാർത്താണ്ഡംതുറ ഇടവകയിൽ വച്ച് നടന്നു.

* മാർച്ച് 3 ന് ഇടവക ഫെഡറേഷൻ യോഗം നടന്നു.

**ആരോഗ്യ കാര്യ കമ്മീഷൻ**

* ഫെബ്രുവരി 4ന് അന്ന് ക്യാൻസർ ഡിറ്റക്ഷൻ ക്യാമ്പ് തൂത്തൂർ ഇടവകയിൽ നടന്നു.

* ഏപ്രിൽ 9ന് ആയുഷ് മെഡിക്കൽ ക്യാമ്പ് ചിന്നത്തുറ ഇടവകയിൽ വച്ചും 10-ാം തീയതി മൊബൈൽ മെഡിക്കൽ ക്യാമ്പ് വള്ളവിള ഇടവകയിൽ വച്ചും നടത്തുകയുണ്ടായി.

* 27 കുട്ടികളുടെ ഭവന സന്ദർശനം നടത്തി ബിൽ കളക്റ്റ് ചെയ്തു.

* 19, 22 എന്നീ തീയതികളിൽ 18 ഓഖി ഫാമിലി വിസിറ്റ് ചിന്നത്തുറ ഇടവകയിൽ നടത്തുകയും അവരുടെ സ്വയം തൊഴിലിനെക്കുറിച്ചും വിലയിരുത്തൽ നടത്തുകയും ചെയ്തു.

**റവ.ഫാ. സാബാസ് ഇഗ്നേഷ്യസ്**
അതിരൂപതാ ഡയറക്ടർ

# മത്സ്യമേഖല ശുശ്രൂഷ

**രൂപതാപ്രവർത്തനം**

**വിലയിരുത്തൽ യോഗം:** ഫെബ്രുവരി 6ന് മത്സ്യമേഖല ശുശ്രൂഷ ഡയറക്ടർ റവ. ഫാ. ഷാജിൻ ജോസ് അവർകളുടെയും രൂപതാ കോർഡിനേറ്ററിന്റേയും സാന്നിദ്ധ്യത്തിൽ രൂപതാ വിലയിരുത്തൽ യോഗം നടന്നു. മുൻമാസ പ്രവർത്തനങ്ങൾ വിലയിരുത്തുകയും തൻ മാസ പ്രവർത്തനങ്ങൾ പ്ലാൻ ചെയ്യുകയും ചെയ്തു.

**കെ.എം.വി.എസ്.:** ഫെബ്രുവരി 5ന് സി.എഫ്.എസ്. ഓഫീസിൽ വച്ച് ഡയറക്ടർ ഫാ. ഷാജിൻ ജോസിന്റെ അധ്യക്ഷതയിൽ യോഗം കൂടി. കുട്ടികളുടെ ലംസൻ ഗ്രാസിനെക്കുറിച്ച് ചർച്ച ചെയ്തു തീരുമാനിച്ചു.

**മത്സ്യവിപണന സ്ത്രീഫോറം രൂപതാമീറ്റിംഗ് :** 2, 16 എന്നീ തീയതികളിൽ വെള്ളയമ്പലം റ്റി.എസ്.എസ്.എസ്. സെന്റ് ആന്റണി ഹാളിൽ വച്ച് ഡയറക്ടർ ഫാ. ഷാജിൻ ജോസിന്റെയും സാമൂഹ്യ ശുശ്രൂഷാ ഡയറക്ടർ ഫാ. സാബാസ് ഇഗ്നേഷ്യസിന്റെയും നേതൃത്വത്തിൽ മത്സ്യക്കച്ചവട സ്ത്രീകളുടെ യോഗം കൂടി. രാത്രികാല കച്ചവടത്തെക്കുറിച്ച് ചർച്ച ചെയ്യുകയും 8 മണിക്കു ശേഷം മത്സ്യക്കച്ചവടം ചെയ്യരുത് എന്ന് തീരുമാനിക്കുകയും ചെയ്ത. ഈ യോഗത്തിൽ മത്സ്യഫെഡിലെ എം.ഡി ലോറൻസ് ഹാറോൺ, റ്റി.പീറ്റർ എന്നിവരുടെ സാന്നിധ്യവുമുണ്ടായിരുന്നു.

**വൈദീക കോർഡിനേറ്റേഴ്സ്`:** മീറ്റിംഗ് ഫെബ്രുവരി 27ന് വെള്ളയമ്പലം റ്റി.എസ്.എസ്.എസ്. ഓഫീസിൽ വച്ച് വൈദീക കോർഡിനേറ്റർമാരുടെ യോഗം കൂടി. വരും വർഷ പദ്ധതി രൂപീകരണം ചർച്ച ചെയ്തു തീരുമാനിച്ചു. അതാത് ഫൊറോനയുടെ പ്രവർത്തനങ്ങൾ വിലയിരുത്തി.

**അഡ്വൈസറി ബോർഡ് മീറ്റിംഗ്:** ഫെബ്രുവരി 28ന് പാളയം സി.എഫ്.എസ്. ഓഫീസിൽ വച്ച് ബോർഡ് മീറ്റിംഗ് നടത്തി.

## *വലിയതുറ ഫൊറോന*

**ഫൊറോനയോഗം:** ഫെബ്രുവരി 9ന് തോപ്പ് ഫൊറോന സെന്ററിൽ ഫൊറോന കോർഡിനേറ്റർ റവ. ഫാ. പ്രബിന്റെ അധ്യക്ഷതയില യോഗം കൂടി.വാർഷിക പ്ലാൻ & ബഡ്ജറ്റിന്റെ കരട് രേഖ തയ്യാറാക്കി. 12 അംഗങ്ങളും ഫൊറോന ആനിമേറ്ററും പങ്കെടുത്തു.

**ഇടവകതലയോഗങ്ങൾ:** 9, 15, 16 എന്നീ തീയതികളിൽ ചെറിയതുറ, കണ്ണാന്തുറ, തോപ്പ് എന്നീ 3 ഇടവകതലയോഗങ്ങൾ നടന്നു. പദ്ധതി രൂപീകരണം നടത്തി. പെൻഷൻ, പഞ്ഞമാസ വിഹിതം എന്നിവയെക്കുറിച്ചും അംഗങ്ങൾക്ക് ബോധ്യം നൽകി.

**റ്റി.എം.എഫ്:** റ്റി.എം.എഫ് ന്റെ നേതൃത്വത്തിൽ 6 എസ്.എച്ച്.ജികൾ പ്രവർത്തിക്കുന്നു. ഈ മാസം കൊച്ചുതോപ്പ് ഇടവകയിലെ സെന്റ് അന്ന എസ്.എച്ച്.ജിയ്ക്ക് രൂപതയിൽ നിന്നും 7 ലക്ഷം രൂപ വായ്പ നൽകി. രൂപത ജീവൻ ജ്യോതി ക്ഷേമ പദ്ധതിയിൽ ഈ മാസം 125000 രൂപ വായ്പ തിരിച്ചടവ് നടത്തി.

**മൽസ്യവിപണന സ്ത്രീഫോറം**

**ഫൊറോനയോഗം:** ഫെബ്രുവരി 9ന് തോപ്പ് ഫൊറോന സെന്ററിൽ ഫൊറോന യോഗം കൂടി. ചന്തയിലെ രാത്രികാല കച്ചവടം നിർത്തുന്നതിനെക്കുറിച്ച് ചർച്ച ചെയ്തു. വാർഷിക പദ്ധതി വിവരണം നടത്തി. 14 അംഗങ്ങൾ പങ്കെടുത്തു.

**ഇടവകതലയോഗങ്ങൾ:** 2, 9, 16, 18 എന്നീ തീയതികളിൽ ഇടവകതലയോഗങ്ങൾ കൂടി 7 യോഗം നടന്നു. യോഗങ്ങളിൽ ചന്തപ്രശ്നം, രാത്രികാലക്കച്ചവടം നിർത്തലാക്കൽ, വനിതാദിനാഘോഷം എന്നിവ ചർച്ച ചെയ്തു തീരുമാനിച്ചു.

**ബോധവത്ക്കരണ ക്ലാസ്:** 9-ാം തീയതി വലിയ വേളി ഇടവകയിൽ ലൈംഗികാക്രമണങ്ങളെക്കുറിച്ച് റ്റി.എസ്.എസ്. കപ്പാസിറ്റി കോർഡിനേറ്റർ ശ്രീമതി. ലീജ സ്റ്റീഫൻ ക്ലാസ് നൽകി. ഈ ക്ലാസിൽ 28 അംഗങ്ങൾ പങ്കെടുത്തു.

**ഓഡിറ്റിംഗ്:** 12, 13 എന്നീ തീയതികളിൽ ആഡിറ്റർ സൈബിൻ സാറിന്റെ നേതൃത്വത്തിൽ കഴിഞ്ഞമാസത്തെ വരവ് ചെലവ് കണക്കുകൾ പരിശോധിച്ചു ഒപ്പുവച്ചു.

## അഞ്ചുതെങ്ങ് ഫൊറോന

ഫൊറോനയോഗം നടന്നില്ല. ഇടവകതലയോഗം 2 നടന്നു. യോഗത്തിൽ ഐസ് മീനിന്റെ പ്രശ്നം ചർച്ച ചെയ്തു.

**ഫിഷ് വെന്റിംഗ്:** ഫെബ്രുവരി 18ന് ഫൊറോനയോഗം നടന്നു. യോഗത്തിൽ 16-ാം തീയതിയിൽ നടന്ന മത്സ്യക്കച്ചവട സ്ത്രീകളുടെ പ്രശ്നങ്ങളെക്കുറിച്ച് അവതരിപ്പിച്ചു. ലോൺ അപേക്ഷകൾ സ്വീകരിച്ചു.

യൂണിറ്റുയോഗങ്ങൾ 13 നടന്നു. ലോൺ ഷെയർ കളക്ഷൻ നടന്നു. ഉണർവ് പഠനപത്രികാവബോധം നൽകി.

ഫെബ്രുവരി 23ന് മത്സ്യത്തൊഴിലാളികൾക്ക് വിഴിഞ്ഞം മത്സ്യഫെഡ് ഓഫീസർ മേനോൻ യാനങ്ങളുടെ രജിസ്ട്രേഷനെക്കുറിച്ച് ചമ്പാവ് ഇടവകയിൽ ക്ലാസ് നയിച്ചു.

**ലോൺ വിതരണം:** 8 അംഗങ്ങൾക്കായി 14000 രൂപാ വിതരണം ചെയ്തു.

**ഓഡിറ്റിംഗ്:** ഫെബ്രുവരി 9ന് ശ്രീമാൻ സൈബിൻ സാറിന്റെ സാന്നിധ്യത്തിൽ ഓഡിറ്റിംഗ് നടന്നു. രൂപതാ ഫിഷ് വെന്റിംഗ് മീറ്റിംഗിൽ അഞ്ചുതെങ്ങ് ഫൊറോനയിൽ നിന്നും ഫെബ്രുവരി 2ന് 8 അംഗങ്ങളെ പങ്കെടുപ്പിച്ചു.

## കോവളം ഫൊറോന

**1. മത്സ്യമേഖല ഫൊറോന മീറ്റിംഗ്:** ഫെബ്രുവരി 9ന് കോവളം ഫൊറോന സെന്ററിൽ വച്ച് ഫൊറോനാ കോർഡിനേറ്റർ റവ. ഫാ. ഇമ്മാനുവേലിന്റെ അധ്യക്ഷതയിൽ മീറ്റിംഗ് കൂടി.

**2. ഇടവതലയോഗം:** ഫെബ്രുവരി 9ന് വിഴിഞ്ഞം ഇടവകയില വച്ച് റവ. ഫാ. ജസ്റ്റിൻ ജൂഡിന്റെ അധ്യക്ഷതയിൽ യൂണിറ്റ് യോഗം കൂടി. മത്സ്യത്തൊഴിലാളികളുടെ മണ്ണെണ്ണ പ്രശ്നം, പ്ലാൻ & ബഡ്ജറ്റ് തുടങ്ങിയവയെക്കുറിച്ച് ചർച്ച ചെയ്തു.

**3. മത്സ്യക്കച്ചവട ഫൊറോന മീറ്റിംഗ്:** ഫെബ്രുവരി 16ന് ഫൊറോനാ പ്രസിഡന്റിന്റെ അധ്യക്ഷതയിൽ മീറ്റിംഗ് കൂടി. വനിതാദിനം, സമയക്രമീകരണം, ചന്ത പ്രശ്നങ്ങൾ എന്നിവയെക്കുറിച്ച് ചർച്ച ചെയ്തു.

**4. യൂണിറ്റ് യോഗങ്ങൾ:** 9, 23, 24 എന്നീ തീയതികളിൽ യൂണിറ്റ് പ്രസിഡന്റുമാരുടെ അധ്യക്ഷതയിൽ വിഴിഞ്ഞം, പൂന്തുറ, പുന്നമൂട് എന്നീ ഇടവകകളിൽ യൂണിറ്റ് യോഗം കൂടി.

**5. ബോധവൽക്കരണ ക്ലാസ്:** 9-ാം തീയതി വിഴിഞ്ഞം ഇടവകയിലെ മത്സ്യക്കച്ചവട സ്ത്രീകൾക്ക് സ്വഭാവരൂപീകരണത്തെക്കുറിച്ച് ബ്ര. തോമസ് ക്ലാസെടുത്തു.

**6. ഓഡിറ്റിംഗ്:** 12, 26 എന്നീ തീയതികളിൽ സൈബിൻ സാറിന്റെ നേതൃത്വത്തിൽ ഓഡിറ്റിംഗ് നടന്നു.

**7. ലോൺ വിതരണം:** വിഴിഞ്ഞം, പൂന്തുറ, ഇടവകയിലെ 4 അംഗ

ങ്ങൾ 85000 രൂപ ലോൺ വിതരണം ചെയ്തു.

## പുതുക്കുറിച്ചി ഫൊറോന

**ഫൊറോനാ എക്സിക്യൂട്ടീവ് മീറ്റിംഗ്:** 23-ാം തീയതി സെന്റാഡ്രൂസ് ഇടവകയിൽ വച്ച് ഫാ. ഷാജിൻ ജോസിന്റെ നേതൃത്വത്തിൽ ഫൊറോനാ യോഗം കൂടി. ഫൊറോനാ പ്ലാൻ & ബഡ്ജറ്റ് തയ്യാറാക്കി.

**ഫൊറോനാ സംയുക്ത മീറ്റിംഗ്:** 8-ാം തീയതി തുമ്പ ഇടവകയിൽ വച്ച് ഫൊറോനാ കോർഡിനേറ്ററിന്റെ അധ്യക്ഷതയിൽ മത്സ്യമേഖല, മത്സ്യത്തൊഴിലാളി ഫോറം, മത്സ്യക്കച്ചവട സ്ത്രീ ഫോറം എന്നിവരുടെ ഫൊറോനാ സംയുക്ത മീറ്റിംഗ് നടത്തി പ്രവർത്തനങ്ങൾ വിലയിരുത്തി.

**ഇടവകതല യോഗങ്ങൾ:** 7 ഇടവകതലയോഗങ്ങൾ നടന്നു. പ്ലാൻ & ബഡ്ജറ്റുകൾ തയ്യാറാക്കി.

**ബോധവത്കരണ ക്ലാസ്:** 16-ാം തീയതി മര്യനാട് ഇടവകയിൽ മത്സ്യത്തൊഴിലാളികളുടെ വിവിധ ആനുകൂല്യങ്ങളെക്കുറിച്ച് ശ്രീമാൻ മേനോൻ ക്ലാസ് നൽകി.

**പ്രതിക്ഷേധം:** 11-ാം തീയതി തുമ്പ ഇടവകയിൽ ലൈറ്റ് വച്ച് മീൻ പിടിക്കുന്നതിനെതിരെ മത്സ്യത്തൊഴിലാളികൾ വണ്ടി തടഞ്ഞുകൊണ്ട് പ്രതിഷേധം അറിയിച്ചു.

**മത്സ്യക്കച്ചവട സ്ത്രീഫോറം:** ഇടവകതലയോഗങ്ങൾ 6 നടന്നു. ഓഡിറ്റിംഗ് 24-ാം തീയതി നടന്നു. വായ്പാവിതരണം 35000 രൂപ നൽകി.

## തൂത്തൂർ ഫൊറോന

**ഫൊറോനായോഗം:** ഫെബ്രുവരി 23ന് നടന്നു. ഫൊറോനാ വികാരി റവ. ഫാ. ആൻഡ്രൂസ് കോസ്മോസ്. മത്സ്യബന്ധനത്തിനു പോകാൻ സർക്കാർ പുതിയ നിയമങ്ങൾ പാസ്സാക്കിയതിനെതിരെയുള്ള പ്രവർത്തനങ്ങൾ ചർച്ച ചെയ്തു. 26-ാം തീയതി നാഗർകോവിൽ കളക്ടർ ഓഫീസിൽ നിവേദനം നൽകുവാൻ തീരുമാനിച്ചു. 4 യോഗങ്ങൾ വള്ളവിള, ചിന്നത്തുറ, തൂത്തൂർ, ഇ.പി.തുറ എന്നിവിടങ്ങളിൽ നടന്നു.

**മത്സ്യവിപണയോഗം**

ഫൊറോനായോഗം ഫെബ്രുവരി 2ന് ഫൊറോനാഓഫീസിൽ

നടന്നു. 18 അംഗങ്ങൾ പങ്കെടുത്തു.
കഴിഞ്ഞ വർഷത്തെ പ്രവർത്തനങ്ങൾ വിലയിരത്തൽ ചന്ത നവീകരണം പഞ്ചായത്തിൽ നിവേദനം നൽകി. യൂണിറ്റ് യോഗങ്ങൾ 8 യോഗവും നടന്നു. ഫോറം പ്രസിഡന്റുമാരുടെ അധ്യക്ഷതയിൽ കൂടി. ചന്ത, ലേലസ്ഥലം എന്നീ സ്ഥലങ്ങളിലെ പ്രശ്നങ്ങൾ ചർച്ച ചെയ്തു. 18-ാം തീയതി ഓഡിറ്റിംഗ് നടന്നു. തൊഴിൽ വായ്പകൾ സ്വീകരിച്ചു. കുടുംബ ബന്ധത്തെക്കുറിച്ച് ബോധവത്കണക്ലാസ് എല്ലാ ഫോറങ്ങളിലും നൽകുകയുണ്ടായി.

**മത്സ്യതൊഴിലാളി ഫൊറോനായോഗം**

15-ാം തീയതി കൃത്യം 3 മണിക്ക് പള്ളം ഇടവക ഓഫീസിൽ വച്ച് ഫൊറോനാ ആനിമേറ്റർ ഫാ. ബ്രലിന്റെ അദ്ധ്യക്ഷതയിൽ നടന്നു. 8 ഇടവകയുടെയും പങ്കാളിത്തം ഉണ്ടായിരുന്നു. 28 അംഗങ്ങൾ പങ്കെടുത്തു. കടലിലെ സമകാലിക പ്രശ്നങ്ങൾ ചർച്ച ചെയ്തു ഗ്രാമതല പ്രവർത്തനങ്ങൾ ചർച്ച ചെയ്തു. മത്സ്യമേഖലയിൽ നിന്നും വനിതാദിന ആഘോഷത്തിനായി പോകുന്ന മത്സ്യവിപണന സ്ത്രീകൾക്കുവേണ്ടി ഓരോ ഇടവകയും സഹായിക്കണമെന്നും അറിയിപ്പു നൽകി.

ഇടവകതലയോഗങ്ങൾ 2, 8, 9, 16, 22, 29 എന്നീ തീയതികളിൽ ഇടവകതലയോഗങ്ങൾ നടന്നു സമാകാലിക കാര്യങ്ങൾ ചർച്ച ചെയ്തു. എല്ലാ ഇടവകയും സർവ്വേ എടുത്തു. ക്ലിയർ ചെയ്യുന്നു. പുതിയതുറ, പുല്ലുവിള, പൂവ്വാർ എന്നീ ഇടവകകളിൽ പ്രഥമ ശുശ്രൂഷയെക്കുറിച്ച് കാഞ്ഞിരംകുളം എച്ച്.ഐ. ശ്രീ. ജോൺ ക്ലാസ് നൽകി. കടലിനുള്ളിൽ വച്ചുണ്ടാകുന്ന പ്രശ്നങ്ങൾക്ക് രോഗങ്ങൾക്കും പ്രഥമ ശുശ്രൂഷയാണ് അംഗങ്ങൾ ആവശ്യപ്പെട്ടത്.

മത്സ്യവിപണന വനിതാവികസന ഫോറം 9-ാം തീയതി 2 മണിക്ക് കൊച്ചുപള്ളി ഓഫീസിൽ വച്ച് ഫൊറോനായോഗം കൂടി മുൻമാസ പ്രവർത്തനം വിലയിരുത്തി രാത്രികാല കച്ചവടം നിർത്തലാക്കുന്നതിന് വേണ്ട ചർച്ചകൾ ചെയ്തു.

**റവ. ഫാ. ഷാജിൻ ജോസ്**
അതിരൂപത ഡയറക്ടർ

# അല്മായശുശ്രൂഷ

**1. ഫൊറോന മീറ്റിംഗ്:** 16-ാം തീയതി അല്മായ ശുശ്രൂഷ മീറ്റിംഗ് ആഴാകുളം ഫൊറോന സെന്ററിൽ വച്ച് കൂടി.

**2. കെ.എൽ.സി.എ ഫൊറോനമീറ്റിംഗ്:** 23-ാം തീയതി പാലപ്പൂര് ഇടവകയിൽ വച്ച് മീറ്റിംഗ് കൂടി.

**3. സംയുക്ത സഭാമീറ്റിംഗ്:** ഫെബ്രുവരി 7ന് വിഴിഞ്ഞം ഇടവക യിൽ വച്ച് ഫൊറോന കോഡിനേറ്റർ റോജനച്ചന്റെ അദ്ധ്യക്ഷത യിൽ സംയക്ത സഭ മീറ്റിംഗ് കൂടി.

**4. യൂണിറ്റ് മീറ്റിംഗ്:** ഫെബ്രുവരി 20ന് വിഴിഞ്ഞം ഇടവകയിലെ യൂണിറ്റ് മീറ്റിംഗ് റോജനച്ചന്റെ അദ്ധ്യക്ഷതയിൽ കൂടി.

## പുതുക്കുറിച്ചി ഫൊറോന

**ഫെറോനായോഗം:** ഫെബ്രുവരി 23ന് കൊച്ചുതുറ ഇടവകയിൽ വച്ച് ഫൊറോന വൈദീക കോർഡിനേറ്റർ ഫാ. സൈറസ് കള ത്തിൽ അവർകളുടെ അദ്ധ്യക്ഷതയിൽ യോഗം കൂടി. 2020-21 ലെ ഫൊറോനതല പ്ലാൻ & ബഡ്ജറ്റിനെകുറിച്ച് ചർച്ച ചെയ്യുകയും പ്ലാനുകൾ തയ്യാറാക്കുകയും ചെയ്തു. 6 അംഗങ്ങൾ പങ്കെടുത്തു.

**ഇടവകതല യോഗങ്ങൾ:** 11 ൽ 7 ഇടവകതല യോഗങ്ങൾ നടന്നു. പ്ലാൻ & ബഡ്ജറ്റ് തയ്യാറാക്കുന്നതിനെക്കുറിച്ച് ചർച്ചകൾ നടത്തി.

**ഭക്തസംഘടനാ പ്രവർത്തനങ്ങൾ:** ഓരോ ഇടവകയിലും വിവിധ ഭക്ത സംഘടനകളുടെ നേതൃത്വത്തിൽ കാരുണ്യ പ്രവൃത്തികൾ, ഭവന സന്ദർശനം, അനാഥാലയ സന്ദർശനം, പൊതിച്ചോറ് നൽകൽ, രോഗീ സന്ദർശനം, തുടങ്ങിയ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

## കഴക്കൂട്ടം ഫൊറോന

ഫെബ്രുവരി 23ന് കഴക്കൂട്ടം ഫൊറോന സെന്ററിൽ വച്ച് ഫൊറോനാ അല്മായ ശുശ്രൂഷാ സമിതി കോർഡിനേറ്റർ ബഹു. റെക്സ് മൊറായിസ് അച്ചന്റെ അധ്യക്ഷതയിലും ആനിമേറ്ററിന്റെ സാന്നിധ്യത്തിലും 2020-21 കാലയളവിൽ നടപ്പിലാക്കേണ്ട പ്രവർത്ത

നങ്ങളുടെ കരട് തയ്യാറാക്കുന്നതിന്റെ ഭാഗമായി പ്ലാനിംഗ് മീറ്റിംഗ് നടക്കുകയുണ്ടായി. പ്രസ്തുത യോഗത്തിൽ 5 അംഗങ്ങൾ പങ്കെടുത്തു.

## പാളയം ഫൊറോന

* ഫെബ്രുവരി 23ന് അല്മായ ശുശ്രൂഷ സമിതി എക്സിക്യൂട്ടീവ് യോഗം ഫൊറോന കോർഡിനേറ്റർ അച്ചന്റെ അധ്യക്ഷതയിൽ നടന്നു. പ്ലാൻ & ബഡ്ജറ്റിനെക്കുറിച്ചുള്ള ചർച്ചകൾ നടന്നു. ജനറൽ ബോഡിയോഗവും ഒരു വർഷത്തെ ഇടവക-ഫൊറോന വിലയിരുത്തൽ യോഗവും ഇടവക തലത്തിൽ കെ.എൽ. സി.എ. യുടെ തെരഞ്ഞെടുപ്പും നടത്തുവാൻ തീരുമാനിച്ചു. 6 പേർ യോഗത്തിൽ പങ്കെടുത്തു.

* ഫെബ്രുവരി 21ന് പാളയം ഇടവകയിൽ വച്ച് കെ.എൽ.സി.എ. യുടെ ആഭിമുഖ്യത്തിൽ പൗരത്വബില്ലും ഭരണഘടന അവകാശങ്ങളും എന്ന വിഷയങ്ങളെ ആസ്പദമാക്കി ആലപ്പുഴ ജുഡീഷ്യൽ വികാരി അഡ്വ. ഫാ. സേവ്യർ കുടിയാംശ്ശേരി ക്ലാസ് നയിച്ചു. 150 ഓളം അംഗങ്ങൾ പങ്കെടുത്തു. കുട്ടികളുടെ ചിത്രരചന മത്സരം നടത്തുകയും ചിത്ര പ്രദർശനം വയ്ക്കുകയും ചെയ്തു.

* ഇടവകകളിലെ ഭക്തസംഘടനകളായ ലീജിയൻ ഓഫ് മേരി, വിൻസെന്റ് ഡി പോൾ എന്നിവയുടെ പ്രവർത്തനങ്ങൾ നന്നായി നടന്നു വരുന്നു.

## പുല്ലുവിള ഫൊറോന

എല്ലാ ഇടവകയിലും ഇടവകതലയോഗങ്ങൾ നടന്നു. ഭക്തസംഘടനകളും ഉൾപ്പെടുത്തി സംയുക്ത മീറ്റിംഗ് കൂടി കാരുണ്യ പ്രവൃത്തികൾ ചെയ്തു. പുതിയതുറ ഇടവകയില ലൂർദ്ദ്മാതാ തിരുനാളുമായി ബന്ധപ്പെട്ട് എല്ലാ സഭാംഗങ്ങളെയും കുമ്പസരിപ്പിക്കാൻ അൽമായശുശ്രൂഷ മുൻകൈ എടുത്തു.

**റവ.ഫാ. തിയോഡേഷ്യസ്**
അല്മായ ശുശ്രൂഷ ഡയറക്ടർ